മോദി No:1

വില 20 രൂപ

# ചിത്തി

2026 ജൂലൈ

വാർത്താ മാസിക

CHITHI MONTHLY

## രാഷ്ട്രത്തിന്റെ ഗതിമാറ്റിയ 4,399 ദിനങ്ങൾ



# പുസ്തകപ്രസാധനരംഗത്തെ പൊതുവേദി

सद्भावना

# സദ്ഭാവന ട്രസ്റ്റ്

തിരുവനന്തപുരം - 3

ഫോൺ 8089763875

www.satbhavanatrust.org



## വായിച്ചു വളരുക

സ്ഥാപിതം 1986

# ചിതി

CHITHI MONTHLY

വാർത്താ മാസിക

**2026 ജൂലൈ** (1201 മിഥുനം - കർക്കടകം)

പുസ്തകം 40 ▪ ലക്കം 07 ▪ പേജ് 52 ▪ വില 20 രൂപ





■ **നിലപാട്**

04 ബജറ്റ്: കടക്കെണിക്ക് മേൽ വ്യാജ വാഗ്ദാനങ്ങൾ!

■ **മുഖപ്രസംഗം**

06 വിദേശ ഫണ്ടിംഗിൽ കർശന നിരീക്ഷണം

■ **ലേഖനം**

08 മോദി **No:1**, രാഷ്ട്രത്തിന്റെ ഗതിമാറ്റിയ 4,399 ദിനങ്ങൾ

17 മൂന്നാം മുന്നണിയുടെ ഒന്നാം നിയമസഭ: പ്രതിപക്ഷത്തിന്റെ കരുത്ത് കാട്ടി ബിജെപി

20 തിരുവനന്തപുരം കോർപറേഷൻ: ജനങ്ങൾ കൈവിട്ട സിപിഎം അക്രമത്തിലേക്ക്

22 പശ്ചിമ ബംഗാൾ: ഡബിൾ എഞ്ചിൻ ഫുൾ സ്പീഡിൽ

25 യൂറോപ്പ് വഴിമാറുന്നു: ബെയ്ജിംഗിൽ നിന്ന് ഡൽഹിയിലേക്ക്

36 ഇൻഡി മുന്നണി തകർന്നു: കൂടുതൽ കരുത്തോടെ എൻഡിഎ

38 വീണ വിജയന് കുരുക്ക് മുറുകുന്നു

41 വിമർശകരെ പരാജയപ്പെടുത്തി മോദി മുന്നോട്ട്

45 സംസ്ഥാനത്ത് പത്മശോഭ

■ **കാഴ്ചവട്ടം**

28 അയ്യോ, ശരിക്കും ഇടിമിന്നൽ താനേ

■ **മീഡിയ സ്കാൻ**

30 ക്രിട്ടിക്സ് ഓൺലൈൻ

■ **ദേശീയതയുടെ രാഷ്ട്രീയം കേരളത്തിൽ**

33 സംസ്ഥാന സമ്മേളനങ്ങൾ

■ **ശ്രദ്ധാഞ്ജലി**

43 പത്മശ്രീ പി. നാരായണക്കുറുപ്പ്, എൽ. പത്മകുമാർ സലിംകുമാർ, ആമേട വാസുദേവൻ നമ്പൂതിരി

■ **കേന്ദ്ര പദ്ധതികൾ**

47 വിമാന ഗതാഗതത്തിന് 28,840 കോടി രൂപ

■ **മൻ കി ബാത്ത്**

50 പ്രതിരോധരംഗം സ്വയംപര്യാപ്തതയിലേക്ക്

മുഖ്യ പത്രാധിപർ:
**ഒ. രാജഗോപാൽ**

എക്സിക്യൂട്ടീവ് എഡിറ്റർ:
**എം. രാജശേഖര പണിക്കർ**

ഫോൺ:
94479 16529 / 86066 43112
Email: chithieditor@gmail.com

പത്രാധിപസമിതി:
**എം. രാജശേഖര പണിക്കർ**
**കെ. കുഞ്ഞിക്കണ്ണൻ**
**കെ.വി.എസ്. ഹരിദാസ്**
**ബി. ഗോപാലകൃഷ്ണൻ**
**ആർ. പ്രദീപ്**
**പി. രാഘവൻ**

രൂപകല്പന:
**ഗൗരി പ്രദീഷ്**


ബിസിനസ് എക്സിക്യൂട്ടീവ്:
**മഠത്തിൽ രവി**

ഫോൺ:
98957 77585 / 94470 52471
madathilravi2010@gmail.com

Printed, Published & Edited by P. Raghavan, Mararji Smrithi Mandiram, Thycaud P.O., Thiruvananthapuram - 695 014.
Ph: 0471 2333390, 94961 85840. Printed at Akshara Offset, Thiruvananthapuram.

നിലപാട്

■ രാജീവ് ചന്ദ്രശേഖർ, ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ, കേരള



# ബജറ്റ്: കടക്കെണിക്ക് മേൽ വ്യാജ വാഗ്ദാനങ്ങൾ!

കേരളം പ്രതീക്ഷിച്ചത് സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനുള്ള വ്യക്തമായ കാഴ്ചപ്പാടും വികസനത്തിനുള്ള പുതിയ ദിശയുമായിരുന്നു. എന്നാൽ വി.ഡി. സതീശൻ സർക്കാരിന്റെ ആദ്യ ബജറ്റ് പരിശോധിക്കുമ്പോൾ കാണുന്നത് വലിയ പ്രഖ്യാപനങ്ങൾക്കും രാഷ്ട്രീയ വാഗ്ദാനങ്ങൾക്കും പ്രാധാന്യം നൽകിയ ഒരു രേഖയാണ്. എന്നാൽ അവ നടപ്പിലാക്കാൻ ആവശ്യമായ സാമ്പത്തിക അടിത്തറയെക്കുറിച്ച് വ്യക്തതയില്ല.

അഞ്ച് ലക്ഷം കോടിയിലേറെ രൂപയുടെ കടബാധ്യതയുടെ ഭാരം പേറുന്ന കേരളത്തിന് സാമ്പത്തിക പുനരുജ്ജീവനത്തിനുള്ള വ്യക്തമായ റോഡ് മാപ്പാണ് ആവശ്യം. എന്നാൽ സംസ്ഥാനത്തെ കടക്കെണിയിൽ നിന്ന് കരകയറ്റുന്നതിനുള്ള സമഗ്രമായ പദ്ധതികളോ വിഭവസമാഹരണത്തിനുള്ള വ്യക്തമായ മാർഗങ്ങളോ ബജറ്റിൽ കാണാനില്ല. പ്രഖ്യാപനങ്ങൾ ഏറെയുണ്ടെങ്കിലും അവ നടപ്പിലാക്കാൻ ആവശ്യമായ സാമ്പത്തിക ശേഷിയെക്കുറിച്ചുള്ള വിശദീകരണം കാണുന്നില്ല.

തെരഞ്ഞെടുപ്പ് സമയത്ത് കോൺഗ്രസും രാഹുൽ ഗാന്ധിയും മുന്നോട്ടുവച്ച അഞ്ച് 'ഇന്ദിരാ ഗ്യാരണ്ടി'കളിൽ പ്രധാനപ്പെട്ട പല വാഗ്ദാനങ്ങൾക്കും ആദ്യ ബജറ്റിൽ തന്നെ സ്ഥാനം ലഭിച്ചിട്ടില്ല. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് ഉറപ്പാക്കുമെന്ന പ്രഖ്യാപനത്തിനായി ബജറ്റിൽ മാറ്റിവെച്ചിരിക്കുന്നത് വെറും 10 കോടി രൂപ മാത്രമാണ്. അതുകൊണ്ടുതന്നെ പ്രഖ്യാപനവും യാഥാർത്ഥ്യവും തമ്മിലുള്ള വലിയ അന്തരം വ്യക്തമാകുന്നു.

സ്ത്രീകൾക്ക് കെഎസ്ആർടിസിയിൽ സൗജന്യ യാത്ര ഉറപ്പാക്കുമെന്ന പ്രഖ്യാപനവും വഞ്ചനയുടെ മറ്റൊരു ഉദാഹരണമായി മാറി. നിബന്ധനകൾ ഏർപ്പെടുത്തി, ബസുകളുടെ എണ്ണം ഗണ്യമായി വെട്ടിക്കുറച്ച് പദ്ധതി പേരിനു മാത്രമാക്കി മാറ്റിയിരിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും ജനങ്ങളെ സഹായിക്കുന്നതിനേക്കാൾ സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലുള്ള മറ്റൊരു സംവിധാനമായി മാറുമോ എന്ന ആശങ്കയും ഉയരുന്നുണ്ട്.

ക്ഷേമ പെൻഷൻ 3000 രൂപയാക്കി ഉയർത്തുമെന്ന വാഗ്ദാനം നടപ്പായില്ല. യുവാക്കൾക്ക് അഞ്ച് ലക്ഷം രൂപ വരെ ഈടില്ലാ

*അഞ്ച് ലക്ഷം കോടിയിലേറെ രൂപയുടെ കടബാധ്യതയുടെ ഭാരം പേറുന്ന കേരളത്തിന് സാമ്പത്തിക പുനരുജ്ജീവനത്തിനുള്ള വ്യക്തമായ റോഡ് മാപ്പാണ് ആവശ്യം. എന്നാൽ സംസ്ഥാനത്തെ കടക്കെണിയിൽ നിന്ന് കരകയറ്റുന്നതിനുള്ള സമഗ്രമായ പദ്ധതികളോ വിഭവസമാഹരണത്തിനുള്ള വ്യക്തമായ മാർഗങ്ങളോ ബജറ്റിൽ കാണാനില്ല.*

വായ്പ നൽകുമെന്ന പ്രഖ്യാപനവും ബജറ്റിൽ പ്രതിഫലിച്ചില്ല. കോളെജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുമെന്ന ഉറപ്പിനും ബജറ്റിൽ സ്ഥാനം ലഭിച്ചില്ല. തെരഞ്ഞെടുപ്പ് കാലത്ത് ഉയർത്തിക്കാട്ടിയ വാഗ്ദാനങ്ങളിൽ പലതും അധികാരത്തിലെത്തിയ ശേഷം മറന്നുപോയെന്ന തോന്നലാണ് ഇതിലൂടെ ജനങ്ങളിൽ ഉണ്ടാകുന്നത്.

കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് തൊഴിലില്ലായ്മ. എന്നാൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനോ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനോ വ്യക്തമായ പദ്ധതികളോ കാഴ്ചപ്പാടോ ബജറ്റിൽ കാണുന്നില്ല. യുവതലമുറയുടെ ഭാവിയെക്കുറിച്ച് യാതൊരു കരുതലുമില്ലാത്ത സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.


ജോലിക്കും പഠനത്തിനുമായി കേരളത്തിലെ യുവാക്കളും വിദ്യാർത്ഥികളും വലിയ തോതിൽ സംസ്ഥാനത്തിന് പുറത്തേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുന്ന സാഹചര്യം തടയുമെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും, അതിനാവശ്യമായ ഭാവിദർശനമുള്ള പദ്ധതികൾ ബജറ്റിൽ കാണുന്നില്ല. ഐടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ് ടെക്, ഡിജിറ്റൽ ഇന്നൊവേഷൻ എന്നീ മേഖലകളിൽ കേരളത്തിന് വലിയ സാധ്യതകളുണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് ഉൾപ്പെടെയുള്ള ഐടി പാർക്കുകൾക്ക് ആഗോള നിക്ഷേപങ്ങളും ഉയർന്ന തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. എന്നാൽ എഐ അധിഷ്ഠിത വ്യവസായങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സ്റ്റാർ

ട്ടപ്പുകൾ, പുതിയ ടെക്നോളജി അധിഷ്ഠിത തൊഴിൽ മേഖലകൾ എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ കാഴ്ചപ്പാടോ പദ്ധതികളോ ബജറ്റിൽ കാണുന്നില്ല. ഭാവിയിലെ സമ്പദ് വ്യവസ്ഥയെ നിർണയിക്കുന്ന മേഖലകളെ സർക്കാർ അവഗണിച്ചിരിക്കുകയാണ്.

അതേസമയം, ആരോഗ്യരംഗം ഗുരുതരമായ വെല്ലുവിളികളാണ് നേരിടുന്നത്. ഡെങ്കിപ്പനി, എലിപ്പനി, എബോള, നിപ പോലുള്ള പകർച്ചവ്യാധികൾ സംസ്ഥാനത്ത് ഇടയ്ക്കിടെ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. പൊതുജനാരോഗ്യ സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുകയും രോഗനിരീക്ഷണ സംവിധാനങ്ങൾ ആധുനികവത്കരിക്കുകയും ചെയ്യേണ്ട സമയമാണിത്.

കേരളത്തിന് അഭിമാനമായി മാറാൻ കഴിയുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാര്യമായ പദ്ധതികളോ നിക്ഷേപങ്ങളോ ബജറ്റിൽ കാണുന്നില്ല. ആരോഗ്യ മേഖലയിലെ ഭാവി വെല്ലുവിളികളെ നേരിടാൻ ഗവേഷണത്തിനും നവീകരണത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ട സമയത്താണ് സർക്കാർ ഈ മേഖലകളെ അവഗണിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളും പൊതുസമ്പത്തും സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കങ്ങൾ ഈ ബജറ്റിന്റെ മറ്റൊരു പ്രത്യേകതയാണ്. സാമ്പത്തിക പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിന് പകരം പുതിയ വാഗ്ദാനങ്ങളുടെ മറവിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന ആശങ്ക സ്വാഭാവികമാണ്.




കഴിഞ്ഞ പത്ത് വർഷം 'എല്ലാം ശരിയാകും' എന്ന മുദ്രാവാക്യവുമായി അധികാരത്തിലെത്തിയ സിപിഎം സർക്കാർ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിച്ചു. ഇന്ന് അധികാരത്തിൽ കോൺഗ്രസ് എത്തിയെങ്കിലും മുഖങ്ങൾ മാറുന്നതല്ലാതെ നയങ്ങളിൽ വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്നാണ് ഈ ബജറ്റ് തെളിയിക്കുന്നത്. മുഖ്യമന്ത്രിയുടെ കസേരയിൽ നിന്ന് പിണറായി വിജയൻ പ്രതിപക്ഷ നേതാവിന്റെ കസേരയിലേക്കും, പ്രതിപക്ഷ നേതാവിന്റെ കസേരയിൽ നിന്ന് വി.ഡി. സതീശൻ മുഖ്യമന്ത്രിയുടെ കസേരയിലേക്കും മാറുന്നതല്ലാതെ കേരളത്തിന് പുതിയൊരു ദിശ ലഭിക്കില്ലെന്ന ആശങ്ക ജനങ്ങളിൽ ശക്തമാണ്.

കോൺഗ്രസും സിപിഎമ്മും പരസ്പരം എതിരാളികളായി അഭിനയിക്കുമ്പോഴും വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ നിരാശരാക്കുന്ന രാഷ്ട്രീയ സമീപനത്തിൽ ഇരുകൂട്ടർക്കുമിടയിൽ വലിയ വ്യത്യാസമില്ലെന്ന് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇന്ന് അവർ ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്.

അതേസമയം, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ രാജ്യം വികസനത്തിന്റെ പുതിയ ഉയരങ്ങളിലേക്ക് മുന്നേറുകയാണ്. സാമ്പത്തിക അച്ചടക്കം, സുതാര്യത, അടിസ്ഥാന സൗകര്യ വികസനം, നിക്ഷേപ സൗഹൃദ അന്തരീക്ഷം, സാങ്കേതികവിദ്യാധിഷ്ഠിത വളർച്ച എന്നിവയിലൂടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറുമ്പോൾ കേരളത്തിനും അതേ വികസന കാഴ്ചപ്പാടാണ് ആവശ്യം. കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഭാഗമായി മുതിർന്ന പൗരന്മാർക്ക് 10 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന വായോവന്ദന പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ലഭിക്കാമായിരുന്നു. എന്നാൽ മുൻ ഇടതുസർക്കാർ അതുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവെക്കാതിരുന്നതിനാൽ ജനങ്ങൾക്ക് ആ അവസരം നഷ്ടമായി. രാഷ്ട്രീയ താത്പര്യങ്ങൾക്ക് മുകളിലായി ജനങ്ങളുടെ താത്പര്യങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്.

കേരളത്തിന് ഇന്ന് ആവശ്യം വെറും രാഷ്ട്രീയ മുദ്രാവാക്യങ്ങളല്ല; സാമ്പത്തിക അച്ചടക്കവും അഴിമതിയില്ലാത്ത ഭരണവും യഥാർഥ വികസനവുമാണ്. യുവാക്കൾക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതും നിക്ഷേപങ്ങളെ ആകർഷിക്കുന്നതും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതുമായ വികസന കാഴ്ചപ്പാടാണ് സംസ്ഥാനത്തിന്റെ ഭാവി നിർണയിക്കേണ്ടത്.

ബിജെപി-എൻഡിഎ മുന്നോട്ടുവയ്ക്കുന്ന 'വികസിത കേരളം' എന്ന ആശയമാണ് അതിനുള്ള ബദൽ. പ്രഖ്യാപനങ്ങൾ കൊണ്ട് മാത്രമല്ല, പ്രവർത്തനങ്ങൾ കൊണ്ടാണ് ജനവിശ്വാസം നേടേണ്ടത്. ഈ ബജറ്റിലെ ഓരോ വാഗ്ദാനത്തിന്റെയും പുരോഗതി ബിജെപി സൂക്ഷ്മമായി വിലയിരുത്തും. ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ആവശ്യമായ എല്ലാ വിഷയങ്ങളിലും സർക്കാരിനോട് മറുപടി തേടുകയും ചെയ്യും.

ജനങ്ങളുടെ പ്രതീക്ഷകൾക്ക് മറുപടി നൽകാൻ കഴിയാതെ പോയ ബജറ്റായാണ് ഈ ബജറ്റ് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുക.

■

# വിദേശ ഫണ്ടിംഗിൽ കർശന നിരീക്ഷണം

വിദേശ സംഭാവനാ നിയന്ത്രണ നിയമത്തിൽ (ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് - എഫ്‌സിആർഎ) ഭേദഗതി വരുത്തിക്കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ജൂൺ 23ന് വിജ്ഞാപനമിറക്കി. വിദേശ രാജ്യങ്ങൾ, സ്ഥാപനങ്ങൾ, ഫൗണ്ടേഷനുകൾ, മതസംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് ഇന്ത്യയിലെ സംഘടനകൾക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം നിയന്ത്രിക്കുന്ന നിയമമാണ് എഫ്‌സിആർഎ.

ഒരു സംഘടന വിദേശ ഫണ്ട് സ്വീകരിക്കണമെങ്കിൽ എഫ്‌സിആർഎ രജിസ്ട്രേഷൻ നിർബന്ധമാണ്. ഫണ്ട് എവിടെ നിന്നാണ് വരുന്നത്, എന്തിനാണ് ഉപയോഗിക്കുന്നത്, എങ്ങനെയാണ് ചെലവഴിക്കുന്നത് എന്നിവ നിരീക്ഷിക്കുന്നതിനുള്ള നിയമമാണ് ഇത്.

എഫ്‌സിആർഎ രജിസ്ട്രേഷന് ആരെല്ലാം അർഹരാണ്, അവർ ഔപചാരികമായി എന്തെല്ലാം പ്രഖ്യാപിക്കണം, വിദേശത്തുനിന്ന് ലഭിക്കുന്ന തുക എങ്ങനെ കണക്കാക്കണം, ഏതെല്ലാം പ്രവർത്തനങ്ങളാണ് പ്രത്യേകമായി നിരോധിക്കപ്പെട്ടിരിക്കുന്നത് എന്നീ കാര്യങ്ങളാണ് ആഭ്യന്തര മന്ത്രാലയം പരിഗണിച്ചിരിക്കുന്നത്.

വിദേശ ഫണ്ട് സ്വീകരിക്കുന്നതിൽ കർശനമായ നിയന്ത്രണം കൊണ്ടുവന്നു. വിദേശ ഫണ്ടുപയോഗിച്ചുള്ള മതപരിവർത്തനത്തിന് പിടിവീണു. 2011ലെ നിയമത്തിൽ വരുത്തിയ ഭേദഗതികളനുസരിച്ച് എൻജിഒകൾ ഇനി പ്രവർത്തന മേഖലയും ഉദ്ദേശ്യവും വ്യക്തമാക്കണം. വിദേശ പണം സ്വീകരിക്കാൻ അപേക്ഷിക്കുമ്പോൾ മതം, വിദ്യാഭ്യാസം, സാമൂഹികം, സാമ്പത്തികം, സാംസ്കാരികം തുടങ്ങിയ മേഖലയിൽ ഏതെന്ന് നിശ്ചയിക്കണം.

രജിസ്ട്രേഷനോ മുൻകൂർ അനുമതിയോ തേടുന്ന എൻജിഒ പ്രവർത്തിക്കുന്ന സംസ്ഥാനം അഥവാ കേന്ദ്രഭരണ പ്രദേശം വ്യക്തമാക്കണം. സർട്ടിഫിക്കറ്റിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തും.

2026ന് മുമ്പ് രജിസ്റ്റർ ചെയ്ത എല്ലാ എൻജിഒകൾക്കും പ്രവർത്തന ഉദ്ദേശ്യങ്ങളും പ്രവർത്തന മേഖലകളും സർക്കാരിനെ അറിയിക്കാൻ ഒരു വർഷത്തെ സമയം അനുവദിച്ചിട്ടുണ്ട്.

ആരാധനാലയ നിർമാണം, നവീകരണം, പരിപാലനം, മതവിദ്യാഭ്യാസം, ഭക്തിഗാന പ്രോത്സാഹനം, ധ്യാനം, സത്സംഗം, ധാർമിക പ്രബോധനം തുടങ്ങിയവയ്ക്കു വിദേശ ഫണ്ട് ഉപയോഗിക്കാം. എന്നാൽ മതപരിവർത്തനത്തിന് ഉപയോഗിക്കാനാകില്ല.

മുൻകൂർ അനുമതിയോടെ ഫണ്ട് സ്വീകരിക്കുന്ന സംഘടനകൾ ആദ്യ ഗഡുവിന്റെ 75 ശതമാനം ചെലവഴിച്ച ശേഷമേ അടുത്ത ഗഡു വാങ്ങാൻ അനുവദിക്കൂ.

വിദേശ ഫണ്ടിലെ സുതാര്യതയും നിയന്ത്രണവും ശക്തമാക്കാനാണ് പുതിയ ഭേദഗതികൾ. പുതുക്കാനുള്ള അപേക്ഷ കൃത്യസമയത്ത് നൽകിയില്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാകും. ഫണ്ടിന്റെ 20 ശതമാനം മാത്രമേ ഭരണച്ചെലവിന് ഉപയോഗിക്കാൻ കഴിയൂ.

ചട്ടങ്ങളിലെ ഭേദഗതികൾക്ക് പാർലമെന്റിന്റെ അംഗീകാരം ആവശ്യമില്ല. 2011 ൽ വിദേശ സംഭാവന(നിയന്ത്രണ) ചട്ടങ്ങൾ രൂപീകരിച്ചത് കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരായിരുന്നു. മതപരമായ ലക്ഷ്യം ചട്ടങ്ങളിൽ നിർവചിക്കാത്തതുകൊണ്ട് പ്രശ്നങ്ങളുണ്ടായിരുന്നു. സക്കീർ നായിക്കിനെപ്പോലുള്ളവർ ഇത് മുതലാക്കി. ചൈനീസ് ധനസഹായം എത്തിയെന്ന ആശങ്കകളും ഉയർന്നിരുന്നു. അങ്ങനെയാണ് 2022 ൽ സോണിയ ഗാന്ധി അധ്യക്ഷയായിരുന്ന രാജീവ് ഗാന്ധി ഫൗണ്ടേഷന്റെയും രാജീവ് ഗാന്ധി ചാരിറ്റബിൾ ട്രസ്റ്റിന്റെയും എഫ്‌സിആർഎ രജിസ്ട്രേഷനുകൾ റദ്ദാക്കപ്പെട്ടത്.

2020-ലെ നിയമഭേദഗതി കൂടുതൽ കർശനമായതോടെ ഫണ്ട് വാങ്ങുന്ന എൻജിഒകളുടെ എണ്ണം 30,000-ത്തിൽ നിന്ന് ഈ മാർച്ചിൽ 16,000 ആയി കുറഞ്ഞു. എഫ്‌സിആർഎ നിയമപ്രകാരം മാർച്ച് 25 വരെ 22,000 കോടി രൂപയോളം ഇവിടേക്ക് വന്നിട്ടുണ്ട്. വിദേശ പണം സ്വീകരിക്കുന്ന എൻജിഒകൾ മതപരമായ പ്രവർത്തനങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹിക പ്രവർത്തനങ്ങൾ എന്നീ മേഖലകളിലായി ആ പണം വിനിയോഗിക്കാവുന്ന അനുവദനീയമായ 105 പ്രവൃത്തികളേക്കുറിച്ച് വ്യവസ്ഥകളിൽ പറയുന്നുണ്ട്.

ക്ഷേത്രങ്ങൾ, മോസ്കുകൾ, പള്ളികൾ, ഗുരുദ്വാരകൾ തുടങ്ങിയ ആരാധനാലയങ്ങളുടെ നിർമാണം, മതവിദ്യാഭ്യാസ പരിപാടികൾ, സത്സംഗങ്ങൾ, പ്രഭാഷണങ്ങൾ, ധ്യാനം എന്നിവ സംഘടിപ്പിക്കൽ. മതപരമായ പ്രസിദ്ധീകരണങ്ങൾ, ഗവേഷണം, വിശ്വാസത്തിലധിഷ്ഠിതമായ കൗൺസലിങ്, ലഹരിവിമുക്ത കേന്ദ്രങ്ങൾ, മൈക്രോഫിനാൻസ്, സ്വയംസഹായ സംഘങ്ങൾ, വനിതാ സംരംഭകത്വ പ്രോത്സാഹനം, സ്കൂളുകൾ, കോളെജുകൾ, സർവകലാശാലകൾ, ഹോസ്റ്റലുകൾ, ലൈബ്രറികൾ എന്നിവയുടെ നടത്തിപ്പ്, കുടിയേറ്റ-ഗോത്ര വിഭാഗങ്ങളിലെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ പദ്ധതികൾ, ആശുപത്രികൾ, ആംബുലൻസ് സേവനങ്ങൾ, മാതൃ-ശിശു ആരോഗ്യ പരിപാലനം, വൃദ്ധസദനങ്ങൾ, അഭയകേന്ദ്രങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്.

ഈ നിയമം ഏതെങ്കിലും മതവിഭാഗത്തിനെ ഉദ്ദേശിച്ചിട്ടുള്ളതല്ല. വിദേശ സഹായം സ്വീകരിക്കുന്ന ഹിന്ദു, മുസ്ലിം, സിഖ്, ക്രിസ്ത്യൻ ഉൾപ്പെടെ എല്ലാ മത സംഘടനകൾക്കും ബാധകമാണ്. ഫണ്ട് വാങ്ങി തദ്ദേശീയ, ഗോത്രവർഗങ്ങളുടെ




വിശ്വാസാചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആരാധനാരീതികൾ എന്നിവയൊക്കെ തച്ചുതകർത്ത് അവരെ മതം മാറ്റുന്നതുപോലുള്ള വ്യക്തിഗത ഹിഡൻ അജണ്ട നടപ്പാക്കാനാകില്ല.

വിദേശ ഫണ്ട് വാങ്ങുന്നവരുടെ പ്രവർത്തനങ്ങൾ സുതാര്യമായിരിക്കുന്നിടത്തോളം പുതിയ നിയമത്തിൽ എതിർക്കേണ്ടതായ ഒന്നുമില്ല. വിദേശത്ത് നിന്നും പണം കൊണ്ടുവന്ന് മതപരിവർത്തനം നടത്തുന്നവർ മാത്രമേ ഈ നീക്കത്തെ  എതിർക്കേണ്ടതുള്ളൂ.  സോഷ്യൽ മീഡിയ ഹാൻഡിലുകളും പ്രസിദ്ധീകരണങ്ങളും വിദേശ പണം കൈപ്പറ്റി സർക്കാർ അറിയരുതാത്ത കാര്യങ്ങൾ പ്രസിദ്ധികരിക്കുന്നില്ലെങ്കിൽ അത് വെളിപ്പെടുത്താൻ മടിക്കേണ്ടതില്ല.

രാജ്യത്തേക്കു വരുന്ന ഫണ്ട് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. വിവിധ സംഘടനകൾ വിദേശത്തുനിന്ന് വലിയ തോതിൽ പണം കൈപ്പറ്റുന്നുണ്ടെന്നും അത് ഭൂമിയും സ്വത്തുക്കളും വാങ്ങിക്കൂട്ടാൻ ഉപയോഗിക്കുന്നുണ്ടെന്നും ആരോപണമുണ്ട്. അനാഥാലയങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, പ്രാർത്ഥനാലയങ്ങൾ എന്നിവ സ്ഥാപിക്കാനെന്ന പേരിൽ വരുന്ന വിദേശപണം ഭൂമി വാങ്ങാൻ ഉപയോഗിക്കുന്നതായി ആരോപണമുണ്ട്.

വിദേശ ഫണ്ടുകളുടെ യഥാർത്ഥ ഉറവിടം, ഉപയോഗം, മതപരിവർത്തനങ്ങൾ, വിദേശ സ്വാധീനം, കലാപശ്രമങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാർ പുതിയ ചട്ടങ്ങൾ കൊണ്ടുവന്നത്. ഈ ഭേദഗതികളുടെ പ്രാധാന്യം സുതാര്യത, ഉത്തരവാദിത്തം, ദേശീയ സുരക്ഷ എന്നീ മൂന്ന് പ്രധാനപ്പെട്ട മേഖലകളിൽ ആണ്.

2026 ഭേദഗതികളിലെ ഏറ്റവും കൂടുതൽ ശ്രദ്ധ നേടിയ മാറ്റം മതപരമായ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ആണ്. മതപഠനം, മതവിദ്യാഭ്യാസം, വിശ്വാസ സംരക്ഷണം, തദ്ദേശീയ വിശ്വാസ സംവിധാനങ്ങളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ അനുവദനീയ വിഭാഗങ്ങളായി തുടരുന്നുണ്ടെങ്കിലും പുതിയ ചട്ടങ്ങളിൽ 'excluding proselytisation' എന്നുകൂടി ചേർത്തിരിക്കുന്നു. അതായത്, വിദേശ ഫണ്ട് ഉപയോഗിച്ച് മതപരിവർത്തനം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ ഈ വിഭാഗങ്ങളിൽ ഉൾപ്പെടില്ലെന്ന് പറയുന്നുണ്ട്. മതപരമായ സേവനവും മതപരിവർത്തനവും തമ്മിൽ കൃത്യമായി വേർതിരിച്ചിരിക്കുന്നു.

സംഭാവന നൽകുന്നയാളുടെ പൂർണവിവരം വെളിപ്പെടുത്തുന്നത് നിർബന്ധമാക്കിയത് ഫണ്ടിന്റെ ഉറവിടം സംബന്ധിച്ച സുതാര്യത വർധിക്കും.

ഫേസ്ബുക്ക്, X (ട്വിറ്റർ),  യുട്യൂബ്, ഇൻസ്റ്റാഗ്രാം മറ്റ് ഔദ്യോഗിക സോഷ്യൽ മീഡിയ/ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയുടെ മുഴുവൻ വിവരങ്ങളും പരിശോധനാ പരിധിയിൽ ഉൾപ്പെടും. ഏതൊക്കെ പേജുകൾ, ഐഡികൾ, ഹാൻഡിലുകൾ എന്നൊക്കെ വെളിപ്പെടുത്തണം. എഫ്സിആർഎ രജിസ്ട്രേഷൻ ഉള്ള സംഘടനകളിൽ ദേശീയ സുരക്ഷയും ഉത്തരവാദിത്തവും മുൻനിർത്തി വിദേശ പൗരന്മാർ പ്രധാന ഭാരവാഹികളായി പ്രവർത്തിക്കുന്നതിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവകാശപ്പെടുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ സർക്കാർ ഏജൻസികൾക്ക് കൂടുതൽ അധികാരം നൽകുന്നു. കടലാസ് (ഷെൽ) എൻജിഒകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാം.

ഫണ്ടുകളുടെ ഉറവിടവിവരങ്ങൾ കൂടുതൽ വിശദമാക്കണം. പരിശോധനകൾക്ക് ആവശ്യമായ രേഖകൾ ഉടൻ ലഭ്യമാക്കണം. പുതിയ നിയമം വ്യാജ സംഘടനകളെ കണ്ടെത്തുന്നത് എളുപ്പമാക്കും. എൻജിഒ മേഖലയിൽ ഇതുവഴി സർക്കാർ നിയന്ത്രണം വർധിക്കുന്നതായി പരാതി ഉയരുന്നുണ്ട്. കയറൂരി വിട്ടിരുന്ന സംവിധാനത്തിൽ നിയന്ത്രണം കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന പ്രതികരണമായേ ഇതിനെ കാണേണ്ടതുള്ളൂ.

"എഫസിആർഎയുമായി ബന്ധപ്പെട്ട വസ്തുതകൾ കൃത്യമായി മനസ്സിലാക്കുക എന്നത് പ്രധാനമാണ്. ഈ ബിൽ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന് എതിരല്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ നുണപ്രചാരണങ്ങളും ബോധപൂർവമായ തെറ്റിദ്ധാരണകളും പടച്ചുവിടാനാണ് കോൺഗ്രസും സിപിഎമ്മും ഇപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നത്," ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറയുന്നു.

നിസ്വാർത്ഥ സേവനം നടത്താൻ എത്രവേണമെങ്കിലും വിദേശ ഫണ്ട് ആവാം. അത് സുതാര്യമാവണം.  മതപരിവർത്തനം നടത്താൻ പാടില്ല എന്ന നിബന്ധനയും ലഭിക്കുന്ന തുകയുടെ 20% മാത്രമേ ഭരണപരമായ ചെലവുകൾക്കായി ഉപയോഗിക്കാനാവു എന്നതുമാകാം എതിർപ്പിന് കാരണം.

വിദേശ ഫണ്ട് സ്വീകരിക്കുന്നവർ ഓർക്കേണ്ടത് ഉറവിടവും ഉപയോഗവും ലക്ഷ്യവും മാർഗവും സുതാര്യമായിരിക്കണമെന്ന പരമപ്രധാനമായ കാര്യമാണ്. വിദേശ ഫണ്ട് ആരാണ് കൊണ്ടുവരുന്നത്, എന്ത് ആവശ്യത്തിനാണ്, ഏത് പദ്ധതിക്കാണ് അത് ഉപയോഗിക്കുന്നത്, അനുവദിച്ച ലക്ഷ്യത്തിന് തന്നെ ചെലവഴിക്കുന്നുണ്ടോ, കൃത്യമായ ഓഡിറ്റും കണക്കുകളും സമർപ്പിക്കുന്നുണ്ടോ എന്നൊക്കെ ഉറപ്പാക്കേണ്ടത് ഏത് സർക്കാരിന്റെയും ഭരണപരമായ ഉത്തരവാദിത്തമാണ്. വോട്ട് ബാങ്ക് കാണിച്ച് പേടിപ്പിച്ച് ഇത് പിൻവലിപ്പിക്കാമെന്ന് വിചാരിച്ചാൽ വഴങ്ങുന്ന സർക്കാരല്ല കേന്ദ്രം ഭരിക്കുന്നത്. കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളായി പരിഹരിക്കാതെ നീട്ടിക്കൊണ്ടുപോയ അകേം പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ച് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദിയോടെ വികസിത ഭാരതം സ്വപ്നം കാണുന്ന ഭാരത ജനതയ്ക്ക് യുക്തിരഹിതമായ കടുംപിടുത്തങ്ങൾക്ക് വഴങ്ങാനാകില്ല.

**എഡിറ്റർ**

■ മുരളി പാറപ്പുറം 98956 35418



# മോദി No: 1

## രാഷ്ട്രത്തിന്റെ ഗതി മാറ്റിയ 4,399 ദിനങ്ങൾ



- ആർട്ടിക്കിൾ 370 റദ്ദാക്കി
- 500 വർഷത്തെ കാത്തിരിപ്പിനുശേഷം രാം മന്ദിർ സമർപണം
- UPI - ലോകത്തിലെ ഏറ്റവും വലിയ റിയൽ-ടൈം പേയ്മെന്റ് സിസ്റ്റം
- GST - ഒരു രാഷ്ട്രം, ഒരു നികുതി
- നക്സൽ വിമുക്ത ഭാരതം
- വന്ദേ ഭാരത് - ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സെമി-ഹൈ-സ്പീഡ് ട്രെയിൻ
- വെളിയിടങ്ങളിൽ മലമൂത്ര വിസർജനരഹിത ഭാരതം
- ലോകത്തിലെ ഏറ്റവും വേഗം വളരുന്ന പ്രധാന സമ്പദ്വ്യവസ്ഥ

***ഏറ്റവും കൂടുതൽ കാലം ഭാരതം ഭരിച്ച തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി എന്ന ചരിത്രപരമായ നേട്ടം നരേന്ദ്ര മോദി കൈവരിച്ചിരിക്കുകയാണ്. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ റെക്കാഡാണ് മോദി മറികടന്നത്. സ്വതന്ത്ര ഭാരതത്തിൽ 4,398 ദിവസങ്ങളാണ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നത്. തുടർച്ചയായി രണ്ടു തവണ ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി എന്ന ബഹുമതിയും മോദിക്ക് അവകാശപ്പെട്ടതാണ്. നെഹ്റുവിനു ശേഷം തുടർച്ചയായി മൂന്ന് ലോകസഭാ തെരഞ്ഞെടുപ്പുകളിൽ വിജയം നേടി സർക്കാർ രൂപീകരിച്ച പ്രധാനമന്ത്രിയും മോദിയാണ്. ഭരണത്തിൽ തുടർന്ന 12 വർഷങ്ങളിൽ ബിജെപി-എൻഡിഎ സംഖ്യം അധികാരം ആസ്വദിക്കുകയല്ല ചെയ്തത്, ജനക്ഷേമത്തിന് ഉപയോഗിക്കുകയായിരുന്നു. രാജ്യത്തിന്റെ വർത്തമാന കാലവും ഭാവിയുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങളെടുത്താണ് മോദി ജനനായകനായത്. തീരുമാനങ്ങൾ ധൈര്യമായി എടുക്കാനും, വേഗത്തിൽ മുന്നോട്ട് പോകാനും മോദിക്ക് കഴിഞ്ഞു. ഡിജിറ്റൽ ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, സ്വച്ഛ് ഭാരത് എന്നിവ ഉൾപ്പെടെ നിരവധി വലിയ പദ്ധതികൾ മോദി സർക്കാർ ആരംഭിച്ചു. ദേശീയപാതകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ ദീർഘകാല വികസനത്തിലും കാര്യനിർവഹണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച സർക്കാരാണിത്. മോദിയെപ്പോലെ വലിയ സ്വപ്നങ്ങൾ കാണുകയും, അവ സാക്ഷാത്ക്കരിക്കാൻ കഠിനമായി ശ്രമിച്ച് വിജയിക്കുകയും ചെയ്ത മറ്റൊരു പ്രധാനമന്ത്രിയില്ല. സാധാരണ സാഹചര്യങ്ങളിൽ നിന്ന് ഉയർന്നുവന്ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ പ്രധാനമന്ത്രിയായി മാറിയ നരേന്ദ്ര മോദി ജനങ്ങൾക്ക് പ്രതീക്ഷയുടെയും സാധ്യതയുടെയും ബോധവും പുതിയൊരു ലോകവും സമ്മാനിക്കുകയായിരുന്നു.***

ചിലർ വരുമ്പോൾ ചരിത്രം വഴിമാറുമെന്ന് പറയാറുണ്ടല്ലോ. പലരുടെയും കാര്യത്തിൽ ഇത് ശരിയാണെങ്കിലും ഭാരതത്തിന്റെ പതിനാലാമത്തെ പ്രധാനമന്ത്രിയായ നരേന്ദ്ര മോദിയെക്കുറിച്ച് പറയുമ്പോഴാണ് ഈ ചൊല്ല് ഏറ്റവും ഉചിതമാകുന്നത്. രാജ്യത്തിന്റെ രാഷ്ട്രീയ-ഭരണ രംഗങ്ങളിൽ നരേന്ദ്ര മോദിക്ക് സൃഷ്ടിക്കാൻ കഴിഞ്ഞ മാറ്റങ്ങൾ അത്രയേറെ വലുതാണ്. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും പുതിയൊരു ഉണർവ് സൃഷ്ടിക്കാൻ ഈ ഭരണാധികാരിക്ക് കഴിഞ്ഞിരിക്കുന്നു. കരുത്തുറ്റ ഭാരതത്തെ സൃഷ്ടിക്കാനും, ലോക രാഷ്ട്രങ്ങൾക്കിടയിൽ സ്വീകാര്യത നേടാനും ഒരേസമയം കഴിയുന്ന ഭരണാധികാരിയാണ് നരേന്ദ്ര മോദി.

ഏറ്റവും കൂടുതൽ കാലം ഭാരതം ഭരിച്ച തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി എന്ന ചരിത്രപരമായ നേട്ടം നരേന്ദ്ര മോദി കൈവരിച്ചിരിക്കുകയാണ്. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ റെക്കാഡാണ് മോദി മറികടന്നത്. സ്വതന്ത്ര ഭാരതത്തിൽ 4,398 ദിവസങ്ങളാണ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നത്. തുടർച്ചയായി രണ്ടു തവണ ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി എന്ന ബഹുമതിയും മോദിക്ക് അവകാശപ്പെട്ടതാണ്. നെഹ്റുവിനു ശേഷം തുടർച്ചയായി മൂന്ന് ലോകസഭാ തെരഞ്ഞെടുപ്പുകളിൽ വിജയം നേടി സർക്കാർ രൂപീകരിച്ച പ്രധാനമന്ത്രിയും മോദിയാണ്.

വിശ്വാസം, വികാസം, ജനക്ഷേമം എന്നിവയാണ് നരേന്ദ്ര മോദിയുടെ മുഖമുദ്ര. സബ് കാ സാത്ത്, സബ് കാ വികാസ്, സബ് കാ വിശ്വാസ് എന്നത് ആപ്തവാക്യമാക്കി ഭരണം നടത്തിയ നരേന്ദ്ര മോദി രാജ്യത്തെ വികസനത്തിലേക്കും സ്വയംപര്യാപ്തതയിലേക്കും സുരക്ഷയിലേക്കും നയിച്ചു. യുവാക്കളെയും സ്ത്രീകളെയും കർഷകരെയും ശാക്തീകരിക്കുകയും, അധ:സ്ഥിതരും അവശരുമായ ജനവിഭാഗങ്ങളെ ക്ഷേമപദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്കൊണ്ടുവരികയും ചെയ്ത ഭരണാധികാരിയാണ് മോദി. മൂന്നാംലോക രാജ്യം എന്നു നിരന്തരം മുദ്രകുത്തുകയും, വികസ്വര രാഷ്ട്രം എന്നു ആവർത്തിച്ച് വിശേഷിപ്പിക്കപ്പെടുകയും



ചെയ്ത ഭാരതത്തെ സദ്ഭരണത്തിലൂടെയും സമൃദ്ധിയിലൂടെയും വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള മഹാപ്രയത്നത്തിലാണ് പ്രധാനമന്ത്രി മോദി ഏർപ്പെട്ടിരിക്കുന്നത്. സാമ്പത്തിക ശക്തി എന്ന നിലയിൽ ലോകരാഷ്ട്ര സമുച്ചയത്തിൽ ഏറെ പിന്നിൽ കിടന്നിരുന്ന ഭാരതത്തിന് ബ്രിട്ടനെയും ജർമ്മനിയെയുമൊക്കെ പിന്തള്ളി ലോകത്തെ അഞ്ചാമത്തെ സമ്പദ് വ്യവസ്ഥയായി ഉയരാനും, മൂന്നാമത്തെ സമ്പത്ത് വ്യവസ്ഥയിലേക്ക് കുതിക്കാനും കരുത്ത് പകർന്നത് നരേന്ദ്ര മോദിയുടെ ഭരണമാണ്.

## ഗുജറാത്ത് മോഡലിന്റെ തിളക്കം

നരേന്ദ്ര മോദി ഒരു പുതിയ തരത്തിലുള്ള രാഷ്ട്രീയ നേതാവാണ്. വാക്കും പ്രവൃത്തിയും ഒന്നുചേരുന്ന ഒരാൾ. കൃത്യമായ ആശയവിനിമയത്തിലൂടെ ജനതയെ ഒപ്പം നിർത്താൻ അപാര ശേഷിയുള്ളയാൾ. ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്തുതന്നെ രാജ്യം തിരിച്ചറിഞ്ഞ ഈ സവിശേഷതകൾ പ്രധാനമന്ത്രിയായതോടെ ലോകവും അംഗീകരിക്കുകയായിരുന്നു. ഗുജറാത്ത് ഭരണകാലത്തുതന്നെ ഭരണനിർവഹണം, അടിസ്ഥാന സൗകര്യ വികസനം, വ്യവസായ വളർച്ച എന്നിവയിൽ ശക്തമായി ശ്രദ്ധ കേന്ദ്രീകരിച്ച നേതാവായിരുന്നു മോദി. 'ഗുജറാത്ത് മോഡൽ' എന്നറിയപ്പെട്ട തിളങ്ങുന്ന പ്രതിച്ഛായയോടെയാണ് ഈ രാഷ്ട്രീയ നായകൻ ദേശീയ രാഷ്ട്രീയത്തിലേക്ക് ഉയർന്നതും പ്രധാനമന്ത്രിയായതും.

രാജ്യത്തിന്റെ വർത്തമാന കാലവും ഭാവിയുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങളെടുത്തതാണ് മോദിയെ ജനനായകനാക്കിയത്. രാഷ്ട്രീയ നേതാക്കൾ തീരുമാനങ്ങൾ വൈകിപ്പിക്കുകയോ കൂട്ടിക്കിഴിക്കലുകളിൽ കുടുങ്ങുകയോ ചെയ്യുമ്പോൾ മോദി അതിന്റെ വിപരീതമായ ദിശയിലാണ് സഞ്ചരിച്ചത്. തീരുമാനങ്ങൾ ധൈര്യമായി എടുക്കാനും, വേഗത്തിൽ മുന്നോട്ട് പോകാനും മോദിക്ക് കഴിഞ്ഞു. ഡിജിറ്റൽ ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, സ്വച്ഛ് ഭാരത് എന്നിവ ഉൾപ്പെടെ നിരവധി വലിയ പദ്ധതികൾ മോദി സർക്കാർ ആരംഭിച്ചു. ദേശീയപാതകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ ദീർഘകാല വികസനത്തിലും കാര്യനിർവഹണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച സർക്കാരാണിത്. മോദിയെപോലെ വലിയ സ്വപ്നങ്ങൾ കാണുകയും, അവ സാക്ഷാത്ക്കരിക്കാൻ കഠിനമായി ശ്രമിക്കുകയും വിജയിക്കുകയും ചെയ്ത മറ്റൊരു പ്രധാനമന്ത്രിയില്ല.

ജനങ്ങളുമായി നേരിട്ടു ബന്ധം സ്ഥാപിച്ച നരേന്ദ്ര മോദിയുടെ മനസ്സിനെ ഭരിക്കുന്നത് വികസനം, ജനക്ഷേമം എന്നീ ആശയങ്ങളാണ്. ജനങ്ങളുടെ മനോഭാവം ഈ ഭരണാധികാരിക്ക് പെട്ടെന്ന് മനസ്സിലാവുന്നു. ജനങ്ങളുമായി മാനസികമായി പൊരുത്തപ്പെപ്പെടാനും കഴിയുന്നു. ഇതിനുള്ള ഭാഷയും ശരീരഭാഷയും സഹജമാണ്. സബ്കാ സാഥ് സബ്കാ വികാസ്, ആത്മനിർഭർ ഭാരത്, വോക്കൽ ഫോർ ലോക്കൽ പോലുള്ള മുദ്രാവാക്യങ്ങൾ പൊതുചർച്ചകളുടെ ഭാഗമായത് ഇതുകൊണ്ടാണ്. മൻ കി ബാത്ത് പോലുള്ള പരിപാടികളിലൂടെയും, സമൂഹ മാധ്യമങ്ങളിലൂടെയും മോദി ജനങ്ങളുമായി സ്ഥിരമായ ആശയവിനിമയം നിലനിർത്തി. ഡിജിറ്റൽ പ്രചാരണത്തിന്റെ ശക്തി മനസ്സിലാക്കി ഫലപ്രദമായി ഉപയോഗിച്ച ഭാരതത്തിലെ ആദ്യ പ്രധാനമന്ത്രിയാണ് മോദി.

## യുവഭാരതത്തോട് മോദിയുടെ സന്ദേശം

മോദിയുടെ പ്രതിച്ഛായ ശക്തമാക്കുന്ന മറ്റൊരു ഘടകം വ്യക്തിപരമായ അച്ചടക്കമാണ്. യോഗയോടുള്ള പ്രതിബദ്ധത, ദീർഘനേരം ജോലി ചെയ്യാനുള്ള ശീലം, ഊർജസ്വലമായ പൊതുപരിപാടികൾ ഇതിനു തെളിവാണ്. പ്രധാനമന്ത്രിയായി തുടർന്ന ഇക്കാലമത്രയും ദേഹാസ്വാസ്ഥ്യം മൂലം ഒരിക്കൽ പോലും ആശുപത്രിയിൽ പോകാത്ത വേറൊരു ഭരണാധികാരിയില്ല. ഇങ്ങനെയൊരു നേതാവിനെ ജനങ്ങൾ ഇഷ്ടപ്പെടാതിരിക്കില്ലല്ലോ. സാധാരണ സാഹചര്യങ്ങളിൽ നിന്ന് ഉയർന്നുവന്ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ പ്രധാനമന്ത്രിയായി മാറിയ



# എന്റെ ദൈവം ജനതാ ജനാർദനൻ



"ഇത്രയും കാലം ഭാരത മാതാവിനെ സേവിക്കാൻ കഴിഞ്ഞത് ദൈവത്തിന്റെ അനുഗ്രഹം കൊണ്ടാണെന്ന് ഞാൻ കരുതുന്നു. ജനതാ ജനാർദനനാണ് എന്റെ ദൈവം," തുടർച്ചയായി ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയെന്ന നേട്ടം കൈവരിച്ചതിന് ശേഷം ഭാരത് മണ്ഡപത്തിൽ നടന്ന എൻഡിഎ കോൺക്ലേവിൽ സംസാരിക്കവെ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 140 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനും വികസിത ഭാരതത്തിലേക്കുള്ള ഇന്ത്യയുടെ യാത്ര ത്വരിതപ്പെടുത്തുന്നതിനുമുള്ള സർക്കാരിന്റെ പ്രതിബദ്ധത എടുത്തുകാണിച്ചുകൊണ്ടാണ് 2026 ജൂൺ 10 ന് ന്യൂഡൽഹിയിൽ നടന്ന എൻഡിഎ നേതാക്കളുടെ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തത്.

### 25 കോടി ഇന്ത്യക്കാരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു

കഴിഞ്ഞ ദശകത്തിൽ ജനങ്ങൾ എൻഡിഎയിൽ അർപിച്ച വിശ്വാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, 25 കോടിയിലധികം ഇന്ത്യക്കാരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചിട്ടുണ്ടെന്നും യുവാക്കൾ, സ്ത്രീകൾ, കർഷകർ, മധ്യവർഗം എന്നിവരുടെ അഭിലാഷങ്ങൾ രാജ്യത്തിന്റെ വികസനത്തിന് നേതൃത്വം നൽകുന്നുണ്ടെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

### ഫ്രജൈൽ ഫൈവ്'ൽ നിന്ന് ദ്രുതവേഗ വളർച്ചയിലേക്ക്

അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ പേയ്മെന്റുകൾ, ഉൽപാദനം, പുനരുപയോഗിക്കാവുന്ന ഊർജം, പ്രതിരോധ കയറ്റുമതി എന്നിവയിലെ പുരോഗതി ഉദ്ധരിച്ച്, 'ഫ്രജൈൽ ഫൈവ്' സമ്പദ്‌വ്യവസ്ഥയിൽ നിന്ന് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിലൊന്നിലേക്കുള്ള ഇന്ത്യയുടെ പരിവർത്തനത്തെ അദ്ദേഹം അടിവരയിട്ടു. ഊർജ സുരക്ഷ, ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, നവീകരണം, സ്വാശ്രയത്വം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വികസനത്തിന്റെ അടുത്ത ഘട്ടത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

### 'രാഷ്ട്രം ആദ്യം' സമീപനം

സർക്കാരിന്റെ 'രാഷ്ട്രം ആദ്യം' സമീപനത്തെ വീണ്ടും ഉറപ്പിച്ചുകൊണ്ട്, ദേശീയ താൽപര്യം മുൻനിർത്തി എടുത്ത പ്രധാന തീരുമാനങ്ങളെക്കുറിച്ച് പ്രധാനമന്ത്രി മോദി പരാമർശിക്കുകയും, പൊതുജനപങ്കാളിത്തം ഇന്ത്യയുടെ വളർച്ചയുടെ മൂലക്കല്ലായി തുടരുന്നുവെന്ന് ഊന്നിപ്പറയുകയും ചെയ്തു. 2047 ഓടെ വികസിത ഭാരതം എന്ന ദർശനം സാക്ഷാത്കരിക്കുന്നതിന് സമർപണത്തോടെയും പ്രതിബദ്ധതയോടെയും പ്രവർത്തിക്കാൻ അദ്ദേഹം എൻഡിഎ നേതാക്കളോട് ആഹ്വാനം ചെയ്തു.

### 'കോൺഗ്രസ് വളർച്ചാ നിരക്ക്'

കോൺഗ്രസിനെതിരെ മൂർച്ചയുള്ള ആക്രമണം അഴിച്ചുവിട്ട പ്രധാനമന്ത്രി, കോൺഗ്രസ് രാജ്യത്തെ നിസ്സഹായതയുടെയും അനാഥത്വത്തിന്റെയും അപകർഷതാബോധത്തിന്റെയും അഗാധതയിലേക്ക് തള്ളിവിട്ടിരിക്കുകയാണെന്ന് പറഞ്ഞു. ഇന്ത്യയിലെ വികസനം അനിവാര്യമായും ഒച്ചിന്റെ വേഗതയിൽ നീങ്ങുന്നുവെന്നും, ഇവിടെ ദ്രുതഗതിയിലുള്ള വളർച്ച സാധ്യമല്ലെന്നും വിശ്വസിക്കാൻ രാഷ്ട്രത്തെ നിർബന്ധിതരാക്കി. വളരെ തന്ത്രപൂർവം, ഈ മന്ദഗതിയിലുള്ള വളർച്ചയെ ◌ഹിന്ദു വളർച്ചാ നിരക്ക്' എന്ന് മുദ്രകുത്തി. ശൈലി, ഉത്തരവാദിത്തം, പരാജയം എന്നിവയെല്ലാം കോൺഗ്രസിന്റേതാണെങ്കിലും, രാജ്യത്തെ വിശാലമായ ഹിന്ദു ജനസംഖ്യയിൽ കളങ്കം ചുമത്തുകയായിരുന്നു. 'യഥാർത്ഥത്തിൽ, ഈ പ്രതിഭാസത്തെ 'കോൺഗ്രസ് വളർച്ചാ നിരക്ക്' എന്ന് വിളിക്കേണ്ടതായിരുന്നു. ഭരണം, നയം, ഉദ്ദേശ്യം, നിർണായകത എന്നിവയുടെ പൂർണ അഭാവമായിരുന്നു ഈ 'കോൺഗ്രസ് വളർച്ചാ നിരക്ക്'. എൻഡിഎ സർക്കാർ ആദ്യമായി അധികാരത്തിൽ വന്നത് അടൽജിയുടെ നേതൃത്വത്തിലായിരുന്നു. അപ്പോൾ മാത്രമാണ് ത്വരിതഗതിയിലുള്ള വികസനം എങ്ങനെയായിരിക്കുമെന്ന് നമുക്ക് മനസ്സിലായത്. എന്നിരുന്നാലും, നിർഭാഗ്യവശാൽ, 2004 ൽ, രാജ്യം വീണ്ടും അസ്ഥിരതയുടെയും കോൺഗ്രസിന്റെ പിടിയുടെയും ചുഴലിക്കാറ്റിൽ അകപ്പെട്ടു, അദ്ദേഹം കൂട്ടിച്ചേർത്തു. എൻഡിഎ സഖ്യം 12 വർഷം ഭരണം പൂർത്തിയാക്കിയതും പ്രധാനമന്ത്രി നരേന്ദ്ര മോദി തുടർച്ചയായി ഇന്ത്യയിലെ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയായതും ആഘോഷിക്കുന്നതിനായി ഭാരത് മണ്ഡപത്തിൽ നടന്ന നിർണായക യോഗത്തിൽ എല്ലാ ഘടകകക്ഷികളുടെ പ്രതിനിധികളും പങ്കെടുത്തു.










നരേന്ദ്ര മോദി ജനങ്ങൾക്ക് പ്രതീക്ഷയുടെയും സാധ്യതയുടെയും ബോധവും പുതിയൊരു ലോകവും സമ്മാനിക്കുകയായിരുന്നു. ആഗ്രഹങ്ങളെയും ലക്ഷ്യങ്ങളെയും പരിമിതപ്പെടുത്തേണ്ടതില്ല എന്ന സന്ദേശമാണ് യുവഭാരതത്തിന് മോദി നൽകുന്നത്.

പ്രധാനമന്ത്രിയായി 12 വർഷം പൂർത്തിയാക്കിയ ശേഷവും ഭാരതത്തിന്റെ രാഷ്ട്രീയ-ഭരണ രംഗത്ത് മോദിയുടെ സ്വാധീനം തുടരുകയാണ്. ശക്തമായ നേതൃത്വം, ആശയവിനിമയം, വികസനം, ദേശീയ ആത്മവിശ്വാസം എന്നിവയുടെ പ്രതീകമായി ഈ ഭരണാധികാരി നിലകൊള്ളുന്നു. കൂടുതൽ വേഗത്തിൽ വളരാനും, കൂടുതൽ വലിയ സ്വപ്നങ്ങൾ കാണാനും, ലോകത്തിൽ കൂടുതൽ വലിയ പങ്ക് വഹിക്കാനുമാഗ്രഹിക്കുന്ന മാറിക്കൊണ്ടിരിക്കുന്ന ഭാരതത്തിന്റെ ആഗ്രഹങ്ങളെ അത് പ്രതിഫലിപ്പിക്കുന്നു.

ഭാരതത്തിന്റെ പ്രധാനമന്ത്രിയായി നരേന്ദ്ര മോദിയുടെ പന്ത്രണ്ട് വർഷത്തെ യാത്ര രാജ്യത്തിന്റെ മാത്രമല്ല, ലോകത്തിന്റെ തന്നെ ഭരണ ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. മോദി പ്രഭാവം ഒരു രാഷ്ട്രീയ പ്രതിഭാസം മാത്രമല്ല, ലോകവേദിയിലെ ഭാരതത്തിന്റെ ഉയിർത്തെഴുന്നേൽപ്പുമായും അത് ബന്ധപ്പെട്ടിരിക്കുന്നു. ഭാരതത്തിന്റെ വിജയകരമായ ജി 20 അധ്യക്ഷസ്ഥാനവും ഈ പ്രതിച്ഛായയെ കൂടുതൽ ശക്തിപ്പെടുത്തി. മോദിയുടെ നേതൃത്വത്തിൽ രാജ്യം ആഗോള വേദിയിൽ കേന്ദ്രസ്ഥാനത്തെത്തുന്നത് ഭാരതത്തെ സ്നേഹിക്കുന്നവർക്കെല്ലാം അഭിമാനമായി മാറി. മാറിയ കാലത്ത് അന്താരാഷ്ട്ര രംഗത്ത് ഭാരതം നേടിയെടുത്ത പ്രാധാന്യം മോദി സമ്മാനിച്ചതാണ്. ഭാരതത്തിന്റെ ശത്രുക്കളെയും മിത്രങ്ങളെയും, ശത്രുക്കളായി മാറുന്ന മിത്രങ്ങളെയും എങ്ങനെ നേരിടണമെന്ന് മോദിക്കറിയാം.

## ജനക്ഷേമത്തിന്റെ പുതിയ യുഗം

അധികാരത്തിൽ 12 വർഷം പൂർത്തിയാക്കിയ ദിവസം പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് സമൂഹ മാധ്യമമായ എക്സിൽ കുറിക്കുകയുണ്ടായി. "വികസനത്തിന്റെ കാതൽ പാവപ്പെട്ടവരുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും ക്ഷേമമായിരുന്നു. അന്ത്യോദയ എന്ന ആദർശത്തിൽ നിന്ന് പ്രേരണ ഉൾക്കൊണ്ട് വികസനത്തിന്റെ നേട്ടങ്ങൾ പതിറ്റാണ്ടുകളായി പിന്നാക്കം പോയവരിൽ എത്തണമെന്ന് ഉറപ്പാക്കുന്നതിനാണ് നിരന്തരമായി ശ്രമിച്ചത്. ജൻധൻ അക്കൗണ്ടുകൾ വഴി നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം, സ്വച്ച് ഭാരത്, പ്രധാനമന്ത്രി ആവാസ് യോജന, ജൽജീവൻ മിഷൻ, ആയുഷ്മാൻ ഭാരത് എന്നിവ ഉൾപ്പെടെ പ്രധാന സംരംഭങ്ങൾ ജനങ്ങൾക്ക് അന്തസും പുതിയ അവസരങ്ങളും മെച്ചപ്പെട്ട ജീവിത നിലവാരവും നൽകണമെന്ന് ഉദ്ദേശത്തോടെ നടപ്പാക്കിയതാണ്.

"പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉറപ്പാക്കുന്നതിൽ സാങ്കേതിക വിദ്യ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ നേരിട്ട് ജനങ്ങളിൽ എത്തിക്കാൻ ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്ക് കഴിഞ്ഞു. ഇത് ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും, ഭരണത്തിലുള്ള ജനങ്ങളുടെ വിശ്വാസം ശക്തമാക്കുകയും ചെയ്തു. പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള പ്രസ്ഥാനമായി മാറി." പ്രധാനമന്ത്രി മോദിയുടെ ഈ വാക്കുകൾ അധികാരത്തിന്റെ സുരക്ഷിതത്വത്തിൽ നിന്ന് ഒരു ഭരണാധികാരി നടത്തുന്ന അവകാശവാദങ്ങൾ ആയിരുന്നില്ല.

ഭരണത്തിൽ തുടർന്ന 12 വർഷങ്ങളിൽ അധികാരം ആസ്വദിക്കുകയല്ല ബിജെപി-എൻഡിഎ സംഘം ചെയ്തത്. അധികാരം ജനക്ഷേമത്തിന് ഉപയോഗിക്കുകയായിരുന്നു. 25 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കാൻ മോദി സർക്കാരിന് കഴിഞ്ഞു. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജനയിലൂടെ 81 കോടി ജനങ്ങൾക്ക് സൗജന്യമായി അരിയും മറ്റു ധാന്യങ്ങളും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തു. കോവിഡ് കാലത്തും ഭക്ഷണം ഉറപ്പാക്കാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞു. പ്രധാനമന്ത്രി ആവാസ് യോജനയിലൂടെ നാലുകോടി വീടുകൾ നിർമിച്ചു നൽകിയതോടെ പാവപ്പെട്ടവർക്ക് വീടെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. ജൽ ജീവൻ മിഷനിലൂടെ 15 കോടി വീടുകളിൽ പൈപ്പ് വഴി കുടിവെള്ളമെത്തിച്ചു. മൈലുകൾ താണ്ടി കുടിവെള്ളം

# എൻഡിഎ ഇന്ന്...



- ജനസംഖ്യയുടെ മൂന്നിൽ മൂന്ന് ഭാഗവും ഉള്ള സംസ്ഥാന ഗവർണർമാർ.
- ഇന്ത്യയുടെ മൂന്നിൽ മൂന്ന് ഭാഗത്തും എൻഡിഎ സർക്കാർ.
- ഏറ്റവും കൂടുതൽ എസ്.സി. ജനസംഖ്യയുള്ള 10 സംസ്ഥാനങ്ങളിൽ 7 ലും എൻഡിഎ സർക്കാർ.
- ഏറ്റവും കൂടുതൽ എസ്.ടി. ജനസംഖ്യയുള്ള 10 സംസ്ഥാനങ്ങളിൽ 8 ലും എൻഡിഎ സർക്കാർ.
- 2014 മുതൽ, പാർട്ടികളുടെയും ഭൂമിശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ വികാസം.
- ഹരിയാന, ത്രിപുര, അസം, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ ആദ്യമായി എൻഡിഎ സർക്കാർ.
- ആന്ധ്രപ്രദേശിലും ബീഹാറിലും മഹാരാഷ്ട്രയിലും എൻഡിഎ.
- ഗുജറാത്തിൽ, 1995 മുതൽ തുടർച്ചയായ തെരഞ്ഞെടുപ്പു വിജയം.
- ഉത്തർപ്രദേശിൽ, നാല് പതിറ്റാണ്ടിൽ അധികാരത്തിലെത്തുന്ന ആദ്യ പാർട്ടിയായി ബിജെപി.
- ഉയർന്ന ഗോത്ര, ക്രിസ്ത്യൻ ജനസംഖ്യയുള്ള വടക്കുകിഴക്കൻ മേഖലയിൽ ഭരണം.
- ഭരണപക്ഷ അനുകൂല മനോഭാവത്തിന്റെ ഒരു യുഗം എൻഡിഎ സൃഷ്ടിച്ചു.
- പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ തുടർച്ചയായി കേന്ദ്രത്തിൽ മൂന്നാം തവണയും വിജയം.
- ലോകം ഇന്ത്യയിൽ നിക്ഷേപം നടത്താനും നമ്മുടെ യുവാക്കളുമായി ഇടപഴകാനും ആഗ്രഹിക്കുന്നു.
- വൈവിധ്യമാർന്ന മേഖലകളിലുള്ള നമ്മുടെ മുന്നേറ്റങ്ങൾ ശ്രദ്ധിക്കപ്പെടുന്നു.
- 2047 ഓടെ വികസിത ഭാരതം എന്ന ദർശനം ഭാവിയിലേക്ക് വ്യക്തമായ ദിശാബോധം നൽകുന്നു.
- കൂടുതൽ ശക്തവും സമ്പന്നവും സ്വാശ്രയവുമായ ഇന്ത്യക്ക് ശക്തമായ അടിത്തറ പാകി.
- ജനങ്ങൾ അർപ്പിച്ച വിശ്വാസത്തിനും പിന്തുണയ്ക്കും എൻഡിഎ നന്ദി രേഖപ്പെടുത്തുന്നു.
- മോദിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിനും സേവനത്തോടുള്ള അക്ഷീണ സമർപ്പണത്തിനും അഭിനന്ദനങ്ങൾ.
- ഈ ദർശനം യാഥാർത്ഥ്യമാക്കാൻ പ്രവർത്തിച്ച ഘടകകക്ഷിയുടെയും, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുടെയും ഓരോ കാര്യകർത്താവിന്റെയും വിലമതിക്കാനാവാത്ത സംഭാവനയെ എൻഡിഎ അംഗീകരിക്കുന്നു.
- വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് കൂടുതൽ പ്രതിബദ്ധതയോടും ആത്മവിശ്വാസത്തോടും കൂടി പ്രവർത്തനം തുടരാൻ എൻഡിഎ ദൃഢനിശ്ചയം ചെയ്യുന്നു.

ശേഖരിക്കേണ്ടിവന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾക്കാണ് ഈ പ്രയോജനം ലഭിച്ചത്. പ്രധാനമന്ത്രി ജൻധൻ യോജനയിലൂടെ 58 കോടി അക്കൗണ്ടുകൾ തുറന്നു. ഇത്രയും പേരെ ഔപചാരിക ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരിക വഴി നിരവധി സാമ്പത്തികക്ഷേമ പ്രവർത്തനങ്ങളുടെ അടിത്തറയായി ഈ പദ്ധതി മാറി. 50 ലക്ഷം കോടി രൂപയാണ് ഇടനിലക്കാരില്ലാതെ അർഹരായവരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത്. മുദ്ര ലോണുകളിലൂടെ ലക്ഷക്കണക്കിന് തൊഴിൽ ദാതാക്കളെയും തൊഴിലുകളും സൃഷ്ടിച്ചു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി 12 കോടി ശൗചാലയങ്ങൾ നിർമിച്ചു നൽകി. പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന വഴി ഗ്രാമീണ മേഖലകളിൽ ഏഴ് ലക്ഷം കിലോ മീറ്റർ റോഡുകൾ നിർമിച്ചു. പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്രങ്ങൾ വഴി മരുന്നുകൾ വിറ്റഴിച്ചതിലൂടെ പാവപ്പെട്ടവർക്ക് 40,000 കോടി രൂപ ലാഭിക്കാനായി. 31 കോടി തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി. മോദി സർക്കാരിന്റെ എടുത്തു പറയാവുന്ന ജനക്ഷേമ പദ്ധതികളിൽ ചിലതു മാത്രമാണിത്. രാജ്യം ഭരിച്ച ഒരു സർക്കാരിനും ഇതിന് കഴിഞ്ഞിട്ടില്ല.

## അഭിനന്ദനങ്ങളുമായി കേന്ദ്ര മന്ത്രിസഭയും

രാജ്യത്തിന്റെ പ്രധാന സേവകനായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രിസ്ഥാനത്ത് തുടരുന്ന നരേന്ദ്ര മോദിയെ കേന്ദ്ര മന്ത്രിസഭ പ്രമേയം പാസാക്കി അഭിനന്ദിക്കുകയുണ്ടായി. 'രാഷ്ട്രം ആദ്യം' എന്ന ദൃഢനിശ്ചയമുള്ള നേതാവിന് ലഭിച്ച അഭൂതപൂർവമായ പിന്തുണ ജനങ്ങളുടെ ജനാധിപത്യ ബോധത്തിന്റെ പ്രതീകമാണെന്ന് പ്രമേയം അഭിപ്രായപ്പെടുകയുണ്ടായി. ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നതു കൂടി കണക്കിലെടുക്കുമ്പോൾ ഭരണത്തലവനായി 25 വർഷത്തെ സേവനമെന്ന ചരിത്ര നേട്ടത്തിലേക്ക് പ്രധാനമന്ത്രി അടുക്കുകയാണെന്ന് പ്രമേയം ചൂണ്ടിക്കാട്ടി. അവധാനതയും ആത്മവിശ്വാസവും ദൃഢനിശ്ചയവും ഉറച്ച നിലപാടുകളുമാണ് പ്രധാനമന്ത്രിയുടെ പ്രത്യേകതകളെന്നും, ആറു പതിറ്റാണ്ടിന് ശേഷമാണ് ഒരു സർക്കാരിന് മൂന്നു തവണ തുടർച്ചയായി ഭരിക്കാൻ ജനങ്ങൾ അവസരം നൽകുന്നതെന്നും പ്രമേയത്തിൽ എടുത്തുപറയുകയുണ്ടായി. പാവപ്പെട്ടവരുടെ ക്ഷേമത്തിനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശാക്തീകരണത്തിനുമുള്ള പ്രധാനമന്ത്രിയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര മന്ത്രിസഭ നന്ദി രേഖപ്പെടുത്തി. വികസിത ഭാരതം കെട്ടിപ്പടുക്കാനുള്ള നിശ്ചയത്തിനും നേതൃത്വത്തിനും പ്രമേയം പൂർണ പിന്തുണ പ്രഖ്യാപിച്ചു. ആർട്ടിക്കിൾ 370 റദ്ദാക്കൽ, ജിഎസ്ടി, ഒആർഒപി എന്നിവ നടപ്പാക്കിയത്, സിഎഎ നിയമം, ഭാരതീയ ന്യായ സംഹിത, തൊഴിൽ നിയമങ്ങളുടെ ഏകീകരണം എന്നിങ്ങനെ മോദി ഭരണത്തിലെ നാഴികക്കല്ലുകളെ പ്രമേയം പ്രശംസിച്ചു. ഭീകരാക്രമണത്തിനെതിരെ അതിർത്തി കടന്നുള്ള സർജിക്കൽ സ്ട്രൈക്കുകൾ, ഓപ്പറേഷൻ സിന്ദൂർ, സിന്ധു നദീജലക്കരാർ നിർത്തി വയ്ക്കൽ എന്നിവയിലൂടെ രാഷ്ട്ര സുരക്ഷയ്ക്ക് നൽകിയ പ്രധാന്യത്തെ പ്രകീർത്തിച്ചു. മാവോയിസ്റ്റ് ഭീകരതയ്ക്ക് അന്ത്യം കുറിച്ചതും, വടക്കു കിഴക്കൻ മേഖലയിൽ സമാധാന കരാറുകൾ ഒപ്പുവെച്ചതും, ബംഗ്ലാദേശുമായുള്ള അതിർത്തി തർക്കം പരിഹരിക്കുന്നതിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞതും മോദി ഭരണത്തിന്റെ നേട്ടങ്ങളായി പ്രമേയം അടിവരയിട്ട് കാണിച്ചു.




## ദേശീയ രാഷ്ട്രീയത്തിലും പ്രതിഫലനങ്ങൾ

ബിജെപി-എൻഡിഎ സർക്കാർ കേന്ദ്രഭരണത്തിൽ 12 വർഷം പൂർത്തിയാക്കുമ്പോൾ ദേശീയ രാഷ്ട്രീയത്തിലുണ്ടാവുന്ന മാറ്റങ്ങളും ശ്രദ്ധേയമാണ്. 2024 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് മാത്രമായി ലഭിച്ചത് 240 സീറ്റായിരുന്നു. എൻഡിഎ ഘടകകക്ഷികളുടെ പിന്തുണയോടെ 292 സീറ്റുമായാണ് മൂന്നാം മോദി സർക്കാർ ഭരണം തുടങ്ങിയത്. രാഷ്ട്രീയ എതിരാളികളെ ഇത് വല്ലാതെ ആഹ്ലാദിപ്പിച്ചു. സർക്കാർ അസ്ഥിരമാണെന്നും അധികം വൈകാതെ നിലം പതിക്കുമെന്നും ഇക്കൂട്ടർ കരുതി. മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കാതെ വനിതാ സംവരണം പോലുള്ള ചില ബില്ലുകൾ ലോകസഭയിൽ പാസാക്കാൻ കഴിയാതെ വന്നതോടെ പ്രതിപക്ഷ പാർട്ടികളുടെ പ്രതീക്ഷ വർദ്ധിച്ചു. എക്കാലവും ഇത് ഇങ്ങനെ തുടരുമെന്ന് അവർ കരുതി. എന്നാൽ പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയുടെ ചരിത്രപരമായ മുന്നേറ്റവും തൃണമൂൽ കോൺഗ്രസിന്റെ പതനവും ഈ ചിത്രം മാറ്റിമറിച്ചു. തൃണമൂൽ കോൺഗ്രസിന്റെ ബഹുഭൂരിപക്ഷം എംപിമാരും മോദി സർക്കാരിനെ പിന്തുണയ്ക്കുന്നവരായി മാറി. ആം ആദ്മി പാർട്ടിയുടെ ഭൂരിപക്ഷം എംപിമാരും ഇപ്പോൾ മോദി സർക്കാരിനൊപ്പമാണ്. ഇതിനു പുറമെ മഹാരാഷ്ട്രയിലെ ഉദ്ധവ് താക്കറെയുടെ ശിവസേനയിലെ ഭൂരിപക്ഷം എംപിമാരും എൻഡിഎ പക്ഷത്തേക്ക് വന്നിരിക്കുന്നു. ഉത്തർപ്രദേശിലെ സമാജ് വാദി പാർട്ടിയുടെ എംപിമാരും ഈ ദിശയിൽ ചിന്തിക്കുകയാണെന്ന് റിപ്പോർട്ടുകൾ പുറത്തുവന്നു കഴിഞ്ഞു. ചുരുക്കത്തിൽ മൂന്നാം മോദി സർക്കാരിന്റെ കാലത്തും എൻഡിഎ സംഖ്യം ലോകസഭയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിലേക്ക് നീങ്ങുകയാണ്. ചരിത്രപരമായ നിയമനിർമാണങ്ങൾക്കുള്ള തടസ്സം ഇതോടെ നീങ്ങുമെന്ന് പ്രതീക്ഷിക്കാം. ഇനിയുള്ള 50 വർഷം ബിജെപി ഭാരതം ഭരിക്കുമെന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രഖ്യാപനം യാഥാർത്ഥ്യമാവുമെന്ന് ഉറപ്പിക്കാം. ■

■ പ്രത്യേക ലേഖകൻ

# രാജ്യം പുതിയൊരു വ്യക്തിത്വം നേടി



'നമ്മുടെ ഗവൺമെന്റിന്റെ കഴിഞ്ഞ 12 വർഷങ്ങൾ വിശ്വാസം, വികസനം, പൊതുജനക്ഷേമം എന്നിവയ്ക്കായി സമർപ്പിച്ചിരിക്കുന്നു. 1.4 ബില്യൺ സഹപൗരന്മാരുടെ അനുഗ്രഹത്തോടും രാഷ്ട്രം ആദ്യം എന്ന വികാരത്തോടെയും നമ്മുടെ യുവാക്കളെയും സ്ത്രീകളെയും കർഷക സഹോദരീസഹോദരന്മാരെയും ശാക്തീകരിക്കുന്നതിൽ നമ്മൾ എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മുതൽ ഡിജിറ്റൽ വിപ്ലവം വരെ, ഇന്ന് ആഗോള വേദിയിൽ രാജ്യം ഒരു പുതിയ വ്യക്തിത്വം നേടിയെടുത്തത് ഈ അക്ഷീണ പരിശ്രമങ്ങളുടെ ഫലമായാണ്. വികസിത ഇന്ത്യ എന്ന ദൃഢനിശ്ചയം സാക്ഷാത്കരിക്കുന്നതിന്, സേവനം, സദ്ഭരണം, സമൃദ്ധി എന്നിവയുടെ പാതയിൽ നമ്മൾ നിരന്തരം മുന്നോട്ട് പോകും.'

*നരേന്ദ്ര മോദി - പ്രധാനമന്ത്രി*

# പുതിയ ആത്മവിശ്വാസം പകരുന്നു




'രാജ്യത്തിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി എന്ന അതുല്യ ബഹുമതി നേടിയ പ്രധാനമന്ത്രി നരേന്ദ്ര മോദിജിക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഇന്ത്യയിലെ ജനങ്ങൾ അങ്ങയുടെ നേതൃത്വത്തിൽ അർപ്പിച്ചിരിക്കുന്ന ഉറച്ച വിശ്വാസത്തിന്റെയും ആത്മവിശ്വാസത്തിന്റെയും സാക്ഷ്യമായി ഈ നാഴികക്കല്ല് നിലകൊള്ളുന്നു. ഭരണം, സാമ്പത്തിക പ്രതിരോധശേഷി, സാമൂഹിക പരിവർത്തനം എന്നിവയിലുടനീളം ദൂരവ്യാപകമായ പുരോഗതിയിലൂടെ താങ്കളുടെ കാലാവധി വ്യത്യസ്തമാണ്. താങ്കളുടെ പ്രചോദനാത്മകമായ യാത്ര ഇന്ത്യയുടെ ശക്തമായ ജനാധിപത്യ പാരമ്പര്യങ്ങളിൽ പ്രതീക്ഷയും പുതിയ ആത്മവിശ്വാസവും പകരുന്നു. ആത്മനിർഭർ, വികസിത ഭാരതം എന്നിവയുടെ ദർശനത്തിലേക്ക് രാജ്യത്തെ നയിക്കാൻ താങ്കളുടെ ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.'

*ദ്രൗപതി മുർമു - ബഹു. ഇന്ത്യൻ പ്രസിഡന്റ്*

# ഇന്ത്യയുടെ ഔന്നത്യം ഉയർത്തുന്നു

'ഇന്ത്യയുടെ പ്രധാനമന്ത്രിയായി ജനങ്ങൾ തെരഞ്ഞെടുത്ത് ഏറ്റവും കൂടുതൽ കാലം തുടർച്ചയായി പദവി വഹിച്ചുകൊണ്ട് ചരിത്രപരമായ ഒരു നാഴികക്കല്ല് സൃഷ്ടിച്ച ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഈ നാഴികക്കല്ല് അദ്ദേഹത്തിന്റെ ഭരണകാലത്തിന്റെ ദൈർഘ്യം മാത്രമല്ല, രാജ്യത്തിന്റെ വികസന യാത്രയിലെ പരിവർത്തനത്തിന്റെ ഒരു യുഗത്തെയും പ്രതിഫലിപ്പിക്കുന്നു. മുൻ അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കൺ ദശലക്ഷക്കണക്കിന് ആളുകളെ അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് മോചിപ്പിച്ചതുപോലെ, നമ്മുടെ കാലത്ത്, ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി 25 കോടിയിലധികം ആളുകളെ കടുത്ത ദാരിദ്ര്യത്തിന്റെ ക്രൂരമായ ചങ്ങലകളിൽ നിന്ന് മോചിപ്പിച്ചു, ദശലക്ഷക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തെ പ്രകാശിപ്പിച്ചു, മനുഷ്യചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ചു. മോദിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിൽ, സാമ്പത്തിക വളർച്ച, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക പുരോഗതി, സാങ്കേതിക പുരോഗതി എന്നിങ്ങനെ എല്ലാ മേഖലകളിലും ഇന്ത്യ അഭിമാനത്തോടെ മുന്നേറുന്നു. ആഗോള വേദിയിൽ ഇന്ത്യയുടെ ഔന്നത്യം ഉയർത്തുന്നു, ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന്റെ പുനരുജ്ജീവനം നടക്കുന്നു. 2047 ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വം ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രചോദനത്തിന്റെ ഉറവയും വഴികാട്ടിയുമായി വർത്തിക്കുന്നു. രാഷ്ട്രത്തിനായുള്ള അദ്ദേഹത്തിന്റെ തുടർച്ചയായ സേവനത്തിന് ആത്മാർത്ഥമായ ആശംസകൾ നേരുന്നു.



*സി.പി. രാധാകൃഷ്ണൻ - ബഹു. ഉപരാഷ്ട്രപതി*

# ജനക്ഷേമത്തിന്റെ യുഗം


'പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ്, ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിജി ഇന്ത്യയുടെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് സേവനം, സദ്ഭരണം, പൊതുജനക്ഷേമം എന്നിവ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ യുഗത്തിന് തുടക്കമിട്ടു. രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയായി ബഹുമാനപ്പെട്ട പ്രധാനമന്ത്രി മാറി. ഈ കാലയളവിൽ, ദരിദ്രരുടെ ക്ഷേമം, കർഷകരുടെ അഭിവൃദ്ധി, സ്ത്രീ ശാക്തീകരണം, യുവാക്കൾക്കുള്ള അവസരങ്ങൾ. ആരോഗ്യ സൗകര്യങ്ങളുടെ വികസനം, ഡിജിറ്റൽ പരിവർത്തനം, അടിസ്ഥാന സൗകര്യങ്ങളുടെ അഭൂതപൂർവമായ വികസനം എന്നിവയിൽ പുതിയ ചലനാത്മകത ഉണ്ടായിട്ടുണ്ട്. ആർട്ടിക്കിൾ 370 ന്റെ ചരിത്രപരമായ റദ്ദാക്കൽ, ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിന്റെ നിർമാണം, ശാശ്വത സാംസ്കാരിക പൈതൃകത്തിന്റെ പുനഃസ്ഥാപനം എന്നിവ രാജ്യത്തിന്റെ സ്വത്വത്തിലും ആത്മാഭിമാനത്തിലും സാംസ്കാരിക അവബോധത്തിലും പുതിയ ഊർജം പകർന്നു. ഈ പരിവർത്തന യാത്രയുടെ കാതൽ പ്രധാനമന്ത്രി മോദിജിയുടെ 'പ്രധാന സേവകൻ' എന്ന സങ്കൽപവും ധാർമികതയും സേവനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയുമാണ്. ഈ ചൈതന്യത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് നാമെല്ലാവരും 'വികസിത ഇന്ത്യ 2047' എന്ന കൂട്ടായ സ്വപ്നം സാക്ഷാത്കരിക്കാൻ പ്രവർത്തിക്കുമെന്ന് പൂർണമായും ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.



*നിതിൻ നബിൻ - ബിജെപി ദേശീയ പ്രസിഡന്റ്*

# മോദിജിക്ക് 'രാഷ്ട്രം ആദ്യം'


'ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ കാലം തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയായി 4,399 ദിവസം പൂർത്തിയാക്കിയ നരേന്ദ്ര മോദിജിക്ക് അഭിനന്ദനങ്ങൾ. രാഷ്ട്രം ആദ്യം എന്ന തത്വത്താൽ നയിക്കപ്പെടുന്ന അക്ഷീണനായ കർമ്മയോഗിയുടെ കാലാവധി ഇന്ത്യയോടുള്ള അചഞ്ചലമായ സമർപ്പണത്തെയും, ജനങ്ങളുടെ ക്ഷേമത്തിനായുള്ള അചഞ്ചലമായ പ്രതിബദ്ധതയെയും, രാഷ്ട്രസേവനത്തിലെ പരിവർത്തനാത്മക നേതൃത്വത്തെയും പ്രതിഫലിപ്പിക്കുന്നു. ഈ നേട്ടം ഇന്ത്യയിലെ ജനങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അർപ്പിച്ച വിശ്വാസത്തിനും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനും സദ്ഭരണത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമത്തിന് തെളിവാണ്. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിൽ, വികസനത്തിലും ആഗോള നേതൃത്വത്തിലും ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. വികസിത ഭാരതത്തിന്റെ ലക്ഷ്യത്തിലേക്ക് ഇന്ത്യ മുന്നേറുമ്പോൾ 'പ്രധാനമന്ത്രി മോദി രാജ്യത്തെ കൂടുതൽ അഭിവൃദ്ധിയിലേക്കും പുരോഗതിയിലേക്കും ആഗോള പ്രാധാന്യത്തിലേക്കും നയിക്കുന്നത് തുടരുന്നു.'



*രാജ്നാഥ് സിംഗ് - കേന്ദ്ര പ്രതിരോധമന്ത്രി*

# പുതിയ ഇന്ത്യയുടെ ഉദയം

'രാജ്യത്ത് ഏറ്റവും കൂടുതൽ കാലം തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയായി ജനങ്ങളെ സേവിക്കുക എന്ന ചരിത്രപരമായ നാഴികക്കല്ല് നേടിയ ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിജിക്ക് ഹൃദയംഗമമായ അഭിനന്ദനങ്ങളും ആശംസകളും. മോദിജിയുടെ ഈ 12 വർഷങ്ങൾ ഇന്ത്യയുടെ അഭിമാനത്തെയും സാംസ്കാരിക നവോത്ഥാനത്തെയും പുനഃസ്ഥാപിക്കുന്നതിനും രാജ്യത്തെ അടിമത്തത്തിന്റെ മാനസികാവസ്ഥയിൽ നിന്ന് മോചിപ്പിക്കുന്നതിനുമുള്ളതാണ്. പുതിയ പാർലമെന്റ് നിർമിക്കപ്പെട്ടു, മൂന്ന് പുതിയ നിയമങ്ങൾ നടപ്പിലാക്കി, പുതിയ വിദ്യാഭ്യാസ നയം, മാതൃഭാഷകളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് വഴിയൊരുക്കി, ആത്മനിർഭർ ഭാരത് ഓരോ ഇന്ത്യക്കാരന്റെയും ദൃഢനിശ്ചയമായി മാറി. പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കുകയും അവരുടെ നഷ്ടപ്പെട്ട ആത്മാഭിമാനവും ബഹുമാനവും പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നതാണ് മോദിജിയുടെ ഏറ്റവും വലിയ നേട്ടം. ഇന്ന്, പുതിയ ഇന്ത്യ എല്ലാ ആഗോള വേദികളിലും ആത്മവിശ്വാസത്തോടെ അതിന്റെ ഐഡന്റിറ്റി സ്ഥാപിക്കുകയാണ്. കൂടാതെ ലോകം കഴിവുള്ള, ശക്തനായ, പുതിയ ഇന്ത്യയുടെ ഉദയത്തിന് സാക്ഷ്യം വഹിക്കുകയാണ്.



*അമിത് ഷാ - കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി*

മൂന്നാം മുന്നണിയുടെ ഒന്നാം നിയമസഭ

■ അനീഷ് അയിലം 94972 71142



# പ്രതിപക്ഷത്തിന്റെ കരുത്ത് കാട്ടി ബിജെപി

*കന്നിപ്രകടനത്തിലൂടെ ബിജെപി സാന്നിദ്ധ്യം അറിയിച്ച് നിർണായക ശക്തിയായി മാറി ഇടതിന്റെയും വലതിന്റെയും കള്ളത്തരങ്ങളും ഒത്തുകളിയും പുറത്തുകൊണ്ടുവന്ന കാഴ്ചയ്ക്കാണ് നിയമസഭ സാക്ഷ്യം വഹിച്ചത്. വി.ഡി. സതീശൻ സർക്കാർ കൊട്ടിഘോഷിച്ചുകൊണ്ടുവന്ന ഒന്നാം ബജറ്റിലെ പൊള്ളത്തരങ്ങൾ ബി.ബി. ഗോപകുമാറും രാജീവ് ചന്ദ്രശേഖറും വി. മുരളീധരനും തുറന്നുകാട്ടി. ചരിത്രത്തിൽ ആദ്യമായി നിയമസഭാ മീഡിയ റൂമിലെ വാർത്താസമ്മേളനത്തിലും ബിജെപി സാമാജികർ അതാവർത്തിച്ചു.*

ഒരു കേരള സംസ്ഥാന സർക്കാർ ആദ്യമായാണ് രണ്ടു പ്രതിപക്ഷ കക്ഷികളിൽനിന്ന് ആക്രമണം നേരിടുന്നത്. ഒരു വിഷയവും ചോദ്യം ചെയ്യപ്പെടാതെ പോയില്ല. വി.ഡി. സതീശൻ സർക്കാർ കൊട്ടിഘോഷിച്ചുകൊണ്ടുവന്ന ഒന്നാം ബജറ്റിലെ പൊള്ളത്തരങ്ങൾ ഒന്നൊന്നായി ബിജെപി തുറന്നുകാട്ടി. ദിശാബോധവും ദീർഘവീക്ഷണവും ഇല്ലാത്ത പദ്ധതികളെയും കേന്ദ്ര പദ്ധതികളുടെ റീബ്രാന്റിങിനെയും ബിജെപി നിയമസഭാ കക്ഷിനേതാവ് ചാത്തന്നൂർ എംഎൽഎ ബി.ബി. ഗോപകുമാറും നേമം എംഎൽഎ രാജീവ് ചന്ദ്രശേഖറും, കഴക്കൂട്ടം എംഎൽഎ വി. മുരളീധരനും ചേർന്ന് തുറന്നുകാട്ടി. ഭരണപക്ഷത്തിനും പ്രതിപക്ഷമെന്നവകാശപ്പെടുന്ന എൽഡിഎഫിനും ബിജെപി അംഗങ്ങൾക്കു മുന്നിൽ ഉത്തരം മുട്ടി. വീര്യംകുറഞ്ഞ മദ്യമെന്ന ലേബലിൽ സംസ്ഥാനത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കവും പിഎം ശ്രീയിലെ ഇടത്-വലത് മുന്നണികളുടെ രാഷ്ട്രീയ കുബുദ്ധികളും ബിജെപി പൊളിച്ചടക്കി.




ചരിത്രത്തിൽ ആദ്യമായി ബജറ്റ് പ്രസംഗം കഴിഞ്ഞയുടനെ നിയമസഭാ മീഡിയ റൂമിൽ ബിജെപി പാർലമെന്ററി പാർട്ടി ലീഡർ ബി.ബി. ഗോപകുമാർ, രാജീവ് ചന്ദ്രശേഖർ, വി. മുരളീധരൻ എന്നിവർ വാർത്താസമ്മേളനത്തിലൂടെ ബജറ്റിലെ പൊള്ളത്തരങ്ങൾ വെളിപ്പെടുത്തി. കടബാധ്യത പരിഹരിക്കാൻ യാതൊരു പദ്ധതിയുമില്ലാതെ ദിശാബോധമില്ലാത്ത ബജറ്റാണ് വി.ഡി. സതീശൻ അവതരിപ്പിച്ചതെന്ന് ബിജെപി എംഎൽഎമാർ തുറന്നടിച്ചു. മുഖ്യമന്ത്രിക്കസേരയിൽ ആളുമാറി എന്നതല്ലാതെ ഇടത് സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങളിൽ യാതൊരു മാറ്റവും സതീശനും വരുത്തിയിട്ടില്ലെന്ന് തെളിവുകൾ സഹിതം വ്യക്തമാക്കി. രാജ്യത്താദ്യം എന്ന് പറഞ്ഞ് അവതരിപ്പിച്ച വയോജന വകുപ്പിന് നാമമാത്രമായ തുകയാണ് നീക്കിവച്ചിട്ടുള്ളത്. ഗ്ലോബൽ ഫർണിച്ചർ മാർട്ടിന് നീക്കിവച്ചതുപോലെ 10 കോടി രൂപമാത്രം അനുവദിച്ചതിലൂടെ വയോജന വകുപ്പിനെ സർക്കാർ എത്ര ലാഘവത്തോടെയാണ് സമീപിക്കുന്നത് എന്ന് വ്യക്തമാണ്. 25 ലക്ഷത്തിന്റെ ഇൻഷ്വറൻസ് പദ്ധതിക്കായി നീക്കിവച്ചത് 90 ലക്ഷം കുടുംബങ്ങൾക്കായി 10 കോടിയാണ്. ഒരു കുടംബത്തിന് 11 രൂപ 11 പൈസയാണ് കണക്കാക്കിയിരിക്കുന്നത്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ അനുവദിക്കുന്ന തുകപോലും നൽകാത്തവരാണ് തിരുപ്പതി മോഡലിനെക്കുറിച്ച് പറയുന്നത്. തിരുപ്പതി മോഡലിനും തുക വകയിരുത്തിയിട്ടില്ല. തലസ്ഥാനത്ത് രണ്ടാം മെഡിക്കൽ കോളെജിനെക്കുറിച്ച് പറയുമ്പോഴും നിലവിലുള്ള മെഡിക്കൽ കോളെജിന്റെ അവസ്ഥ പരിതാപകരമായി തുടരുന്നു. ജലജീവൻ മിഷനും അമൃത് പദ്ധതികളും പോലും പൂർത്തിയാക്കിയിട്ടില്ലെന്നിരിക്കെ ജലവിതരണത്തിന് മാറ്റിവച്ചത് കേവലം 892 കോടി രൂപ മാത്രം.

തുറമുഖം, ഏവിയേഷൻ, റോഡ് സൗകര്യങ്ങൾ വർധിപ്പിക്കുമെന്ന് പറയുന്നെങ്കിലും ഇതെല്ലാം കേന്ദ്രപദ്ധതികൾ പേരുമാറ്റി അവതരിപ്പിക്കുന്നതാണ്. വിഷൻ സമുദ്ര എന്ന് പറഞ്ഞ് അവതരിപ്പിക്കുന്നത് കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയെ ആണ്. ധനക്കമ്മി വർധിക്കുകയും വികസനത്തിന് പണമില്ലെന്ന് പറയുകയും ചെയ്യുമ്പോൾ 25,000 കോടി നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് പദ്ധതികളൊന്നുമില്ല. വിവിധ കേന്ദ്രപദ്ധതികൾ നടപ്പാക്കാത്തതിലൂടെ സംസ്ഥാനം 25,000 മുതൽ 30,000 കോടി രൂപ വരെ നഷ്ടമാക്കാറുണ്ട്. 5.07 ലക്ഷം കോടി രൂപയുടെ ഭീമമായ കടത്തിൽ മുങ്ങി നിൽക്കുന്ന കേരളത്തിൽ പ്രഖ്യാപിച്ച പദ്ധതികളൊക്കെ നടപ്പാക്കാനുള്ള വിഭവസമാഹരണം എങ്ങിനെയാണെന്ന് ബജറ്റിൽ വ്യക്തമായ ഉത്തരമില്ല. മോഹനവാഗ്ദാനങ്ങൾക്കു മുകളിൽ പടുത്തുയർത്തിയ ലക്ഷ്യബോധമില്ലാത്ത ബജറ്റാണിതെന്നും ബിജെപി പറഞ്ഞു.

അന്നുമുതൽ ബിജെപി ഉന്നയിച്ച കാര്യങ്ങൾ മുഴുവൻ ജനങ്ങളും മാധ്യമങ്ങളും ചർച്ച ചെയ്യുന്നതാണ് കണ്ടത്.

എൽഡിഎഫും യുഡിഎഫും ഒന്നാണെന്ന് വീണ്ടും തെളിഞ്ഞുവെന്നും ലഹരിവേട്ട പ്രഖ്യാപിക്കുന്ന സർക്കാർ ലഹരി ഒഴുക്കാൻ ശ്രമിക്കുന്നുവെന്നുമുള്ള ബിജെപി അധ്യക്ഷൻ കൂടിയായ രാജീവ് ചന്ദ്രശേഖർ എംഎൽഎയുടെ പ്രസ്താവന ലഹരിയിലെ കള്ളക്കളികൾ പുറത്തുകൊണ്ടുവന്നു. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം കേരളത്തിലെ യുവാക്കളെ ലഹരിയിലേക്ക് തള്ളിവിടുന്ന നടപടിയാണെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മദ്യനികുതി കുറച്ചുകൊണ്ടുള്ള ഏകപക്ഷീയ നീക്കത്തിന് പിന്നിൽ അഴിമതി താൽപര്യങ്ങളുണ്ടോയെന്ന് സംശയിക്കണം. ഇതാണ് വ്യക്തമായ മറുപടി നൽകാൻ സർക്കാർ തയ്യാറാവാത്തതിന്റെ കാരണം.

കേരളത്തിലെ മദ്യനയത്തിൽ ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും എൽഡിഎഫും യുഡിഎഫും തമ്മിൽ അടിസ്ഥാനപരമായ യാതൊരു വ്യത്യാസവുമില്ലെന്നത് ഒരിക്കൽ കൂടി തെളിഞ്ഞു. ഒരു ഭാഗത്ത് ലഹരിവേട്ടയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും പ്രഖ്യാപിക്കുമ്പോൾ, മറുഭാഗത്ത് ലഹരിയുടെ ലഭ്യതയും ഉപഭോഗവും വർധിപ്പിക്കാൻ സഹായിക്കുന്ന തീരുമാനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നത് കടുത്ത വൈരുധ്യമാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

കഴിഞ്ഞ എൽഡിഎഫ് സർക്കാർ സമാനമായ നീക്കം പ്രഖ്യാപിച്ചപ്പോൾ അതിനെ എതിർത്തിരുന്ന അന്നത്തെ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മുഖ്യമന്ത്രിയായ ശേഷം എൽഡിഎഫിന്റെ അതേ നയം തുടരുകയാണ്. അധികാരം മാറിയെങ്കിലും മദ്യനയത്തിൽ മാറ്റമില്ല. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കുന്നത് സമൂഹത്തിന് വളരെ അപകടകരമായ സന്ദേശമാണ് നൽകുക. ഇത്തരം മദ്യം അപകടകരമല്ല, ആരോഗ്യപരമായി വലിയ പ്രശ്നങ്ങളുണ്ടാക്കില്ല എന്ന തെറ്റായ ധാരണ യുവാക്കൾക്കിടയിൽ സൃഷ്ടിക്കപ്പെടും. ഇതിലൂടെ പുതിയ തലമുറയെ കൂടുതൽ ലഹരി ഉപയോഗത്തിലേക്ക് ആകർഷിക്കാനും മദ്യ ഉപഭോഗം വർധിപ്പിക്കാനുമാണ് വഴിയൊരുങ്ങുക. സ്വന്തം പാർട്ടിയിലോ ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുമായി പോലും വിശദമായ കൂടിയാലോചന നടത്താതെയാണ് മുഖ്യമന്ത്രി ഈ തീരുമാനം കൈക്കൊണ്ടതെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ. ഈ ഏകപക്ഷീയ തീരുമാനത്തിന് പിന്നിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി താൽപര്യങ്ങളുണ്ടോയെന്ന സംശയം ശക്തമാണ്. ഇക്കാര്യത്തിൽ സർക്കാർ സമഗ്രമായ വിശദീകരണം നൽകണം.വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കാനുള്ള തീരുമാനം സർക്കാർ അടിയന്തരമായി പിൻവലിക്കണം. കേരളത്തെ ലഹരിമുക്തമാക്കണമെങ്കിൽ ലഹരി ഉപയോഗത്തിന് പ്രോത്സാഹനം നൽകുന്ന നയങ്ങളിൽ നിന്ന് സർക്കാർ പിന്തിരിയുകയാണ് വേണ്ടതെന്നും രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു. ഇതോടെ ജനങ്ങളുടെ ചർച്ച മുഴുവൻ യുഡിഎഫിന്റെ മദ്യനയത്തെ കുറിച്ചായി.

ഒന്നാം ദിനത്തിലെ ബജറ്റ് ചർച്ചയിൽ തനിക്ക് അനുവദിച്ച് നാല് മിനിട്ടിനുള്ളിൽ വി.ഡി. സതീശൻ സർക്കാരിന്റെ വായടപ്പിച്ചു ബി.ബി. ഗോപകുമാർ. ബജറ്റിലുള്ളത് കേന്ദ്രപദ്ധതികളുടെ റീ ബ്രാന്റിങ് മാത്രമെന്ന് ബി.ബി.ഗോപകുമാർ പറഞ്ഞു. കടക്കെണിയിലെന്ന് പറഞ്ഞുകൊണ്ട് പദ്ധതികൾ പ്രഖ്യാപിക്കുകയും അതേസമയം അതിനുള്ള സാമ്പത്തികം എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാതെയും ദിശാബോധമില്ലാത്ത ബജറ്റാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ അവതരിപ്പിച്ചത്. ബജറ്റിലുള്ളത് കേന്ദ്രപദ്ധതികളുടെ റീ ബ്രാന്റിങ് മാത്രമാണ്. പദ്ധതികൾ നിരത്തി പുകമറ സൃഷ്ടിച്ച ബജറ്റിന് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം പരിഹസിച്ചു. നിയമസഭയിൽ ബജറ്റിൻമേലുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൻകിട പദ്ധതികൾ പ്രഖ്യാപിക്കുകയും കുറച്ചുമാത്രം വിഹിതം മാറ്റിവയ്ക്കുകയും ചെയ്ത് യുവാക്കളെയും കർഷകരെയും പാവപ്പെട്ടവരെയും വഞ്ചിക്കുകയാണ്. വയോജന ക്ഷേമവകുപ്പിനും ഗ്ലോബൽ ഫർണിച്ചർ മാർട്ടിനും വകയിരുത്തിയത് 10 കോടിയാണ്. ഗ്ലോബൽ ഫർണിച്ചർ മാർട്ടിന് സമാനമാണോ വയോജനക്ഷേമമെന്ന സ്വപ്ന പദ്ധതിയെന്ന് വ്യക്തമാക്കണം. 25,000 കോടിയുടെ നികുതിക്കുടിശ്ശിക എങ്ങനെ പിരിക്കും എന്നതിൽ ഒരു സൂചനപോലുമില്ല. മുൻ ബജറ്റിലെ പദ്ധതിവിഹിതം വെട്ടിക്കുറച്ചു. വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റം വരണമെന്ന് പറഞ്ഞശേഷം മുൻ ബജറ്റിൽ നിന്ന് 302 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. പറയുന്നതും പ്രവർത്തനവും തമ്മിൽ എന്ത് ബന്ധമാണുള്ളതെന്നും അദ്ദേഹം ചോദിച്ചു.

സാഗർമാല മുതൽ സുവിധ സാനിറ്ററി നാപ്കിൻ വരെയുള്ള കേന്ദ്ര പദ്ധിതകളെ റീബ്രാന്റിങ് നടത്തിയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സാഗർമാല പദ്ധതിയിൽ 18,161 കോടി രൂപ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. ആ പദ്ധതിയെ കടമെടുത്തിട്ടാണ് 'മിഷൻ സമുദ്ര' എന്ന പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. പുതിയ മെഡിക്കൽകോളജുകൾ വരുമെന്ന് പറയുമ്പോൾ, ബജറ്റിൽ തന്നെ സൂചിപ്പിച്ചിട്ടുള്ള നിലവിലുള്ള മെഡിക്കൽകോളജുകളുടെ ശോചനീയാവസ്ഥക്ക് ആദ്യം പരിഹാരം കാണണം. പാരിപ്പള്ളിമെഡിക്കൽകോളജിന്റെ ശോചനീയാവസ്ഥയ്ക്ക് കൂടി പരിഹാരം ഉണ്ടാക്കണം. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനുള്ള ഒരു നിർദ്ദേശവും വന്നിട്ടില്ല.

1960 ൽ കോൺഗ്രസ് സർക്കാരിൽ 63 അംഗങ്ങൾ കോൺഗ്രസിനുണ്ടായിരുന്നെങ്കിലും 20 അംഗങ്ങളുള്ള പിഎസ്പിയുടെ മുഖ്യമന്ത്രിയാണ് കേരളം ഭരിച്ചത്. പിന്നീടാണ് ആർ. ശങ്കറിന് മുഖ്യമന്ത്രിയാകാൻ കഴിഞ്ഞത്. മുഖ്യമന്ത്രി പദവിയിലേക്ക് നടത്തിയ ഇപ്പോഴത്തെ വടംവലി കാണുമ്പോൾ ആ കാലഘട്ടം തിരിച്ചുവരുമോ എന്നൊരു സംശയമുണ്ട്. ഐഎൻടിയുസിയുടെ നേതാവ് ചന്ദ്രശേഖരൻ നടത്തിയിട്ടുള്ള കശുവണ്ടി അഴിമതിയെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കണമെന്നും ഗോപകുമാർ ആവശ്യപ്പെട്ടു. ആർഎസ്എസ് ആരെയാണ് കൂടുതൽ സഹായിച്ചത് എന്ന തർക്കമാണ് സഭയിൽ എൽഡിഎഫും യുഡിഎഫും പരസ്പരം ഉന്നയിച്ചതെന്നും അതുകൊണ്ടുതന്നെ ആ പ്രസ്ഥാനത്തിന്റെ മാഹാത്മ്യവും പ്രാധാന്യവും എന്താണെന്ന് വ്യക്തമാകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ പോവുകയാണെങ്കിൽ കേന്ദ്രം ബിജെപി ഭരിക്കുന്നതുപോലെ




കേരളവും ബിജെപി ഭരിക്കുമെന്ന സിപിഎം അംഗം സി. രവീന്ദ്ര നാഥിന്റെ പരമാർശത്തെ സ്വാഗതം ചെയ്തുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്.

കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കമാണെന്നും വീര്യം കുറഞ്ഞ മദ്യമെന്ന കാറ്റഗറി രണ്ടാം ബാർക്കോഴയാണെന്നും ആരോപിച്ചുകൊണ്ടാണ് രണ്ടാം ദിനത്തിലെ ചർച്ചയിൽ വി. മുരളീധരൻ എംഎൽഎ പ്രസംഗം ആരംഭിച്ചത്. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കാനുള്ള തീരുമാനം സർക്കാർ കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള തീരുമാനത്തിന് പ്രേരിപ്പിച്ച ഘടകം എന്താണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. മുൻ സർക്കാർ കൊണ്ടുവന്ന മദ്യനയം ഈസർക്കാരും പിന്തുടരുകയാണെന്നും വി. മുരളീധരൻ പറഞ്ഞു.

മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തം കാറ്റിൽപ്പറത്തുന്ന സാഹചര്യമാണ് ബജറ്റിലൂടെ പുറത്തുവന്നത്. എക്സൈസ് മന്ത്രി അറിയാതെ എക്സൈസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബജറ്റിൽ പ്രഖ്യാപിക്കുകയാണ്. ഇതാണോ പുതുയുഗ കേരളം എന്നും വി. മുരളീധരൻ പരിഹസിച്ചു. ഭരണഘടനയനുസരിച്ച് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ആണ് ബജറ്റ്. വ്യക്തമായ വരവുചെലവുകൾ കാണിക്കുന്ന ധനകാര്യ പത്രികയാണ്. എന്നാൽ ഇവിടെ പ്രഖ്യാപനങ്ങളുടെ പെരുമഴ മാത്രമാണുള്ളത്.

മിഷൻ സമുദ്ര ഉൾപ്പെടെ പ്രഖ്യാപനങ്ങൾ നിരവധിയുണ്ട് ബജറ്റിൽ. തീരമേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യമെങ്കിൽ തീരദേശ ജനതയോട് സംസാരിക്കുകയോ അവരുടെ ആശങ്കകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. മുതലപ്പൊഴിയിലെ കടലാക്രമണ ഭീഷണി എത്രയോ കാലമായി പരിഹരിക്കാൻ പറ്റാതെ നിൽക്കുന്നു. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ നടത്തുന്ന ഒരു പ്രഖ്യാപനവും പ്രാവർത്തികമാകില്ലെന്ന് കെ റെയിലിലൂടെ നാം കണ്ടതാണ്. 85,000 പേർ ജോലി ചെയ്യുന്ന ടെക്നോപാർക്കിന്റെ വികസനത്തിന് പണം അനുവദിച്ചതുകൊണ്ട് മാത്രം കാര്യമില്ല. അവിടെ ജോലി ചെയ്യുന്ന ആളുകൾക്ക് താമസ സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ മുഴുവൻ കുടിവെള്ളക്ഷാമമാണ്. കുടിവെള്ളത്തിന് വേണ്ടി മാത്രം വർഷത്തിൽ ഒരു കോടി രൂപയോളമാണ് ഓരോ കമ്പനിയും ചെലവഴിക്കുന്നത്. ഓപ്പറേറ്റിംഗ് കോസ്റ്റ് കൂടുന്നത് കാരണം കേരളം വിട്ടുപോകേണ്ടി വരുമെന്നാണ് അവർ പറയുന്നത്.

കാലങ്ങളായുള്ള ബജറ്റുകളിലെ നിർദേശങ്ങൾ വെറും പ്രഖ്യാപന മായി മാത്രം ഇപ്പോഴും തുടരുകയാണ്. വിഴിഞ്ഞം ഔട്ടർ റിങ് റോഡ്, ജുഡീഷ്യൽ സിറ്റി, കുട്ടനാട് വികസന പദ്ധതി, വർക്ക് നിയർ ഹോം, കെ ഹോംസ് ടൂറിസം, വിഴിഞ്ഞം-കൊല്ലം-പുനലൂർ കോറിഡോർ, വയനാട് പുനരധിവാസ ടൗൺഷിപ്പ്, കേരള സീപ്ലെയിൻ സർവീസ് അങ്ങനെ പ്രഖ്യാപനങ്ങൾ നിരവധിയാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് ഉമ്മൻചാണ്ടി യുടെ കാലത്ത് കെ.എം. മാണി അവതരിപ്പിച്ച ബജറ്റിൽ 20 കോടി രൂപ മാറ്റിവെച്ചതാണ്. ഈ ബജറ്റിലും മാറ്റിവെച്ചിരിക്കുന്നത് വെറും 20 കോടി മാത്രമാണ്. ഇതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി സർക്കാരിന്റെ കേന്ദ്ര ബജറ്റും സംസ്ഥാന ബജറ്റും തമ്മിലുള്ള വ്യത്യാസം. കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുന്ന കാര്യങ്ങൾ ഒരു വർഷത്തിനകം പൂർത്തിയാക്കുന്നു. നരേന്ദ്ര മോദിയെ വെറുതെ വിമർശിച്ചിട്ട് കാര്യമില്ല, അദ്ദേഹം അവതരിപ്പിക്കുന്നത് നടപ്പിലാക്കുന്ന പദ്ധതികളാണെന്ന് വി. മുരളീധരൻ പറഞ്ഞു.

ബജറ്റ് ചർച്ചയിലെ മൂന്നാം ദിനത്തിലെ ചോദ്യോത്തര വേളയിൽ വി. മുരളീധരൻ പട്ടികജാതി-പട്ടിക വർഗക്കാരുടെ ബജറ്റ് തുക വെട്ടികുറയ്ക്കുന്നത് തടയാൻ നിയമം വേണമെന്ന് ആവശ്യപ്പെട്ടു. പട്ടിക വിഭാഗങ്ങൾക്കായി പ്രഖ്യാപിച്ച നിരവധി പദ്ധതികളിലേക്ക് നീക്കിവച്ചിരുന്ന കോടിക്കണക്കിന് രൂപ വെട്ടിച്ചുരുക്കിയ സാഹചര്യം മുൻകാല ഭരണത്തിൽ ഉണ്ടായി. ഭരണഘടന ഉറപ്പുനൽകുന്ന പരിരക്ഷ അട്ടിമറിക്കുന്ന സമീപനം അവസാനിപ്പിക്കാൻ നിയമനിർമാണത്തിലൂടെ മാത്രമേ സാധിക്കൂവെന്നും അതിനുള്ള നടപടികൾ ഉണ്ടാകണമെന്നും ചോദ്യോത്തരവേളയിൽ എം എൽഎ ആവശ്യപ്പെട്ടു. മറ്റ് സംസ്ഥാനങ്ങൾ ഇതിനായി നിയമ നിർമാണം നടത്തിയിട്ടുണ്ടെന്നും അത് മാതൃകയാക്കണമെന്നും മുരളീധരൻ പറഞ്ഞു. നിയമനിർമാണം പരിഗണിക്കാമെന്ന് വകുപ്പ് മന്ത്രി കെ.എ. തുളസി മറുപടി നൽകി.


ബജറ്റ് ചർച്ചയുടെ അവസാനത്തോടെ പിണറായി വിജയനെയും ഇടത് അംഗങ്ങളെയും മുരളീധരൻ വെല്ലുവിളിച്ചതും എടുത്ത് പറയേണ്ട ഒന്നാണ്. കാലങ്ങളായി ഇടതും വലതും മാറിമാറി ബിജെപിയെയും ആർഎസ്എസിനെയും അധിക്ഷേപിക്കുന്നത് പതിവാണ്. ബിജെപിക്ക് അംഗങ്ങൾ ഇല്ലാത്തതിനാൽ ഇത് നിർബാധം തുടരുകയുമായിരുന്നു. ഇടതുപക്ഷത്ത് നിന്നും കെ.എൻ. ബാലഗോപാൽ സംസാരിക്കവെ എംജി യൂണിവേഴ്സിറ്റിയിലെ സെനറ്റ് മെമ്പർമാരുടെ നിയമനം ബിജെപി നൽകിയ ലിസ്റ്റ് അനുസരിച്ചായിരുന്നെന്നും സർക്കാർ മൗനം പാലിച്ചെന്നും ആരോപിച്ചു. ബാലഗോപാലിന്റെ പ്രസംഗം കഴിഞ്ഞ ഉടനെ മുരളീധരൻ ക്രമപ്രശ്നം ഉന്നയിച്ചു. ഗവർണർ നടത്തുന്ന നിയമനങ്ങൾ ഒരു രാഷ്ട്രീയ പാർട്ടിയുടെ ലിസ്റ്റ് അനുസരിച്ചാണെന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അത് ഗവർണറെ അപമാനിക്കുന്നതിന് തുല്യമാണ്. ബിജെപി അത്തരം ഒരു ലിസ്റ്റും നൽകിയിട്ടില്ലെന്നും മുരളീധരൻ പറഞ്ഞു. ഇതോടെ ബിജെപി അല്ലെങ്കിൽ ആർഎസ്എസ് ആയിരിക്കുമെന്ന് പറഞ്ഞ് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ രംഗത്തെത്തി. ആർഎസ്എസും ബിജെപിയും രണ്ടും രണ്ടാണെന്നും ആർഎസ്എസ് എന്തെങ്കിലും ലിസ്റ്റ് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ തെളിവ് നിരത്താനും പിണറായി വിജയനെ മുരളീധരൻ വെല്ലുവിളിച്ചു. എന്നാൽ തെളിവ് കാണിക്കാതെ ഇടത് അംഗങ്ങൾ ബഹളം ആരംഭിച്ചു. ഭരണപക്ഷ അംഗങ്ങളും ബഹളത്തെ അനുകൂലിച്ചു. ഇതോടെ ബജറ്റ് ചർച്ചയ്ക്ക് മറുപടി പറയാൻ മുഖ്യമന്ത്രിയെ ക്ഷണിച്ചാണ് സഭ ശാന്തമാക്കിയത്.

കന്നിപ്രകടനത്തിലൂടെ ബിജെപി സാന്നിദ്ധ്യം അറിയിച്ച് നിർണായക ശക്തിയായി മാറി ഇടതിന്റെയും വലതിന്റെയും കള്ളത്തരങ്ങളും ഒത്തുകളിയും പുറത്തുകൊണ്ടുവന്ന കാഴ്ചയ്ക്കാണ് നിയമസഭ സാക്ഷ്യം വഹിച്ചത്.

■

തിരുവനന്തപുരം കോർപറേഷൻ

■ കെ. കുഞ്ഞിക്കണ്ണൻ 94473 52725



# ജനങ്ങൾ കൈവിട്ട സിപിഎം അക്രമത്തിലേക്ക്

***അ**ഭൂതപൂർവമായ അതിക്രമവും ജനാധിപത്യവിരുദ്ധ ഭീകരവാഴ്ചയുമാണ് തിരുവനന്തപുരം നഗരസഭയിൽ സിപിഎം നടപ്പാക്കിയത്. ആക്രമണത്തിൽ മേയർ വി.വി. രാജേഷിനും ഡെപ്യൂട്ടി മേയർ ജി.എസ്. ആശാനാഥിനും മറ്റനേകം പേർക്കും പരിക്കേറ്റു. തിരുവനന്തപുരം കോർപറേഷന്റെ ചരിത്രത്തിലാദ്യമായി ബിജെപി മേയർ അധികാരത്തിലെത്തിയതിന് പിന്നാലെ മുൻ ഭരണസമിതിയുടെ കാലത്ത് നടന്ന പല വിഷയങ്ങളും പരിശോധിക്കുകയും അതിൽ നടന്ന അഴിമതികൾ പുറത്തുകൊണ്ടുവരികയും ചെയ്തതാണ് സിപിഎമ്മിനെ അസ്വസ്ഥരാക്കിയത്. ഇനിയും ഈ ഭരണം തുടർന്നാൽ തലസ്ഥാനത്തെ സിപിഎമ്മിന്റെ നില അപകടത്തിലാകുമെന്ന് ഭയന്ന് സിപിഎം നേതൃത്വം എങ്ങനെയും ബിജെപി ഭരണത്തെ താഴെയിറക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായാണ് കോർപറേഷനിൽ നടന്ന ആക്രമണം.*

**അ**ഭൂതപൂർവമായ അതിക്രമവും ജനാധിപത്യവിരുദ്ധ ഭീകരവാഴ്ചയുമാണ് തിരുവനന്തപുരം നഗരസഭയിൽ സിപിഎം നടപ്പാക്കിയത്. ആക്രമണത്തിൽ മേയർ വി.വി. രാജേഷിനും ഡെപ്യൂട്ടി മേയർ ജി.എസ്. ആശാനാഥിനും മറ്റനേകം പേർക്കും പരിക്കേറ്റു. ഓഫീസിലെത്തിയ മേയറെ ഇടത് കൗൺസിലർമാർ തടയുകയും തള്ളിയിടുകയും ചെയ്തു. വീഴ്ചയിൽ മേയറുടെ കാലിന് പരിക്കേറ്റു. ഡെപ്യൂട്ടി മേയർ ആശാനാഥിനെ ഇടത് വനിതാ കൗൺസിലർമാർ നെഞ്ചിൽ ഇടിച്ചു. അതിന്റെ ആഘാതത്തിൽ ആശാനാഥ് പലവട്ടം ഛർദ്ദിച്ചു. അവശയായ അവരെ ബിജെപി കൗൺസിലർമാർ താങ്ങിയെടുത്ത് മേയറുടെ ചേംബറിൽ കൊണ്ടിരുത്തുകയായിരുന്നു.

ജൂൺ 25ന് രാവിലെ പതിനൊന്നോടെ കോർപറേഷൻ ഓഫീസിലെത്തിയ രാജേഷിനെ കയറാൻ അനുവദിക്കാതെ ഇടനാഴിയിൽ കസേര ഇട്ടിരുന്നാണ് എൽഡിഎഫ് കൗൺസിലർമാർ പ്രതിഷേധിച്ചത്. വഞ്ചിയൂർ ബാബു, എസ്.പി. ദീപക് തുടങ്ങിയ കൗൺസിലർമാരാണ് അക്രമത്തിന് നേതൃത്വം നൽകിയത്. നേരത്തേ കോർപറേഷൻ ഓഫീസിന്റെ പ്രധാന ഗേറ്റിന് സമീപം മേയറുടെ കാർ തടയാനും എൽഡിഎഫ് പ്രവർത്തകർ ശ്രമിച്ചു. കനത്ത പ്രതിഷേധവും മുദ്രാവാക്യം വിളികളും മറികടന്ന് മേയർ ഓഫീസിലേക്ക് പ്രവേശിച്ചതോടെ സിപിഎം കൗൺസിലർമാർ ബിജെപി കൗൺസിലർമാർക്ക് നേരെ തിരിയുകയായിരുന്നു.

എൽഡിഎഫ് കൗൺസിലർമാരുടെ ആക്രമണത്തിൽ മരാമത്ത്കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ മഞ്ജു ജി.എസ്., കൗൺസിലർമാരായ ബീന ആർ.സി, ദീപ എസ്. നായർ, അഡ്വ. മിനി. പി.എസ് തുടങ്ങിയവർക്കും പരുക്കേറ്റു. പരിക്കേറ്റവരെ മെഡിക്കൽ കോളെജ് ആശുപത്രിയിലും ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു.



ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ എംഎൽഎ, മുൻ സംസ്ഥാന പ്രസിഡന്റുമാരായ വി. മുരളീധരൻ എംഎൽഎ, കെ. സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എസ്. സുരേഷ്, സിറ്റി ജില്ല പ്രസിഡന്റ് കരമന ജയൻ തുടങ്ങിയവർ ആശുപത്രിയിലെത്തി മേയറെയും ഡെപ്യൂട്ടി മേയറെയും കൗൺസിലർമാരെയും സന്ദർശിച്ചു.

കോർപറേഷന്റെ ചരിത്രത്തിലാദ്യമായി ബിജെപി മേയർ അധികാരത്തിലെത്തിയതിന് പിന്നാലെ മുൻ ഭരണസമിതിയുടെ കാലത്ത് നടന്ന പല വിഷയങ്ങളും പരിശോധിക്കുകയും



അതിൽ നടന്ന അഴിമതികൾ പുറത്തുകൊണ്ടുവരികയും ചെയ്തതാണ് സിപിഎമ്മിനെ അസ്വസ്ഥരാക്കിയത്. ഇനിയും ഈ ഭരണം തുടർന്നാൽ തലസ്ഥാനത്തെ സിപിഎമ്മിന്റെ നില അപകടത്തിലാകുമെന്ന് ഭയന്ന് സിപിഎം നേതൃത്വം എങ്ങനെയും ബിജെപി ഭരണത്തെ താഴെയിറക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായാണ് കോർപറേഷനിൽ നടന്ന ആക്രമണം.

ബിജെപി നയിക്കുന്ന നഗര ഭരണത്തെ അട്ടിമറിക്കാൻ ആസൂത്രിതമായ നീക്കമാണ് നടത്തുന്നത്. ഇന്ന് കേരളം ഭരിക്കുന്നവരും ഇന്നലെ ഭരിച്ചവരും അക്കാര്യത്തിൽ യോജിപ്പിലാണ്. ഒരു കൗൺസിലറുടെ ഭൂരിപക്ഷത്തിൽ ഭരണം പിടിച്ചതോടെ അങ്കലാപ്പിലായവർ ഒരു കൗൺസിലറെ കള്ളക്കേസിൽ കുടുക്കി ആരംഭിച്ച നീക്കമാണ് ഇപ്പോൾ പുതിയ ഘട്ടത്തിലേക്ക് കടന്നത്. വാഴോട്ടുകോണം കൗൺസിലർ സുഗതനെ കാപ്പ കേസിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ ജയിലിലിട്ടിരിക്കുന്നത്. ഒരു വ്യക്തിയെ കാപ്പ കേസിൽ പെടുത്താൻ ചട്ടവ്യവസ്ഥകളുണ്ട്. എന്നാൽ സുഗതന്റെ കാര്യത്തിൽ അതൊന്നും പാലിച്ചില്ല.

ബിജെപി കൗൺസിലർ ആർ. സുഗതന്റെ രാജി ആവശ്യപ്പെട്ടു മേയറുടെ ഓഫീസ് ഉപരോധിച്ച എൽഡിഎഫ് കൗൺസിലർമാർ ഓഫീസിലേക്കെത്തിയ മേയർ വി.വി. രാജേഷിനെയും ഡെപ്യൂട്ടി മേയർ ജി.എസ്. ആശാ നാഥിനെയും കൗൺസിലർമാരെയും ആക്രമിക്കുകയായിരുന്നു. അക്രമത്തിന് പോലീസ് ഒത്താശയും ചെയ്തു.

ആക്രമണത്തിൽ രാജേഷിന്റെ കാലിന് പരിക്കുണ്ട്. ആശാ നാഥിന്റെ നെഞ്ചത്തിടിച്ചു. രാജേഷിനെയും കഠിനമായ ശ്വാസ തടസ്സം നേരിട്ട ആശയെയും തിരുവനന്തപുരം മെഡി. കോളെജിൽ പ്രവേശിപ്പിച്ചു. പരിക്കേറ്റ മരാമത്തുകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ജി.എസ്. മഞ്ജു, കൗൺസിലർമാരായ വി.ജി. ഗിരികുമാർ, ആർ.സി. ബീന, ദീപ എസ്. നായർ, അഡ്വ. പി. എസ്. മിനി, സുമി ബാലു, എസ്.എസ്. ശ്രുതി തുടങ്ങിയവരെ ജനറൽ ആശുപത്രിയിലാക്കി.

25 ന് രാവിലെ 10ന് എൽഡിഎഫ് കൗൺസിലർമാർ മേയറുടെ ഓഫീസിന് മുന്നിൽ തടിച്ചുകൂടി വഴി തടഞ്ഞു. ആർക്കും കടന്നുപോകാനാകാത്ത വിധം മേയറുടെ ഓഫീസിന് മുന്നിൽ കസേരയിട്ടു. പ്രതിഷേധക്കാർ മേയറെ തടയാൻ ശ്രമിച്ചതാണ് സംഘർഷത്തിന് വഴി വച്ചത്. ഓഫീസിൽ കടക്കാൻ അനുവദിക്കില്ലെന്ന് ആക്രോശിച്ച് കൗൺസിലർ വഞ്ചിയൂർ ബാബുവിന്റെ നേതൃത്വത്തിലാണ്സിപിഎം കൗൺസിലർമാർ തടഞ്ഞത്. മേയറെയും ഡെപ്യൂട്ടി മേയറെയും ഇടതുകൗൺസിലർമാരുടെ ദേഹത്തേക്ക് തള്ളിയിട്ടു. നെഞ്ചത്തിടിയേറ്റ ഡെപ്യൂട്ടി മേയർ ആശാ നാഥ് ഛർദ്ദിക്കുകയും തല കറങ്ങി വീഴുകയുമുണ്ടായി. അക്രമം നടക്കുമ്പോൾ കൈയും കെട്ടി നോക്കിനിന്ന പോലീസ് സമരക്കാരെ ഓഫീസിന് മുന്നിൽ നിന്ന് നീക്കാനോ പിന്തിരിപ്പിക്കാനോ ശ്രമിച്ചില്ല. ജനാധിപത്യപരമായി സമരം ചെയ്യാൻ അവകാശമുണ്ടെന്നും എന്നാൽ ഓഫീസിനുള്ളിൽ അക്രമം കാട്ടുന്നത് സമ്മതിക്കില്ലെന്നും രാജേഷ് പിന്നീട് പ്രസ്താവിച്ചു. തന്നെ കാണാനെത്തിയവരെപ്പോലും എൽഡിഎഫ് പ്രതിനിധികൾ ഭീഷണിപ്പെടുത്തിയെന്നും സ്ത്രീകളെ ക്രൂരമായി ആക്രമിച്ചെന്നും ആശാ നാഥ് പറഞ്ഞു.

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, വി. മുരളീധരൻ എംഎൽഎ, മുൻ സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സുരേഷ്, സിറ്റി ജില്ലാ പ്രസിഡന്റ് കരമന ജയൻ തുടങ്ങിയവർ മെഡി. കോളജ് ആശുപത്രിയിലെത്തി പരിക്കേറ്റവരെ സന്ദർശിച്ചു. ആക്രമണത്തിൽ പ്രതിഷേധിച്ച് ബിജെപി സിറ്റി ജില്ലയിലെ എല്ലാ സംഘടനാ മണ്ഡലങ്ങളിലും പ്രതിഷേധ പ്രകടനം നടത്തി.

കേരളത്തിലെ ആറ് കോർപറേഷനുകളിൽ ഒന്നാണ് തിരുവനന്തപുരം. 214.86 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ നഗര കോർപറേഷനിൽ 101 വാർഡുകളും 957,730 ജനസംഖ്യയുമുണ്ട്. കേരളത്തിൽ ആദ്യമായി രൂപീകരിച്ച കോർപറേഷനാണ് തിരുവനന്തപുരത്തേത്. സ്വാതന്ത്ര്യത്തിനു മുമ്പ് രൂപം കൊണ്ട് ഏക കോർപറേഷനും ഇതാണ്. 1940 ൽ രൂപീകരിച്ച തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്റ്റിലെ നാലാം വകുപ്പ് പ്രകാരം രൂപം കൊണ്ടതാണ് തിരുവനന്തപുരം കോർപറേഷൻ. ഇത് രൂപം കൊണ്ടത് 1940 ഒക്ടോബർ 30 നാണ്.

തിരുവനന്തപുരം താലൂക്കും നെയ്യാറ്റിൻകര താലൂക്കും ഭാഗികമായും തിരുവനന്തപുരം കോർപറേഷനിൽ ഉൾപ്പെടുന്നു. കൂടാതെ തിരുവനന്തപുരം, നേമം, വട്ടിയൂർക്കാവ്, കഴക്കൂട്ടം, കോവളം (ഭാഗികം, നിയോജകമണ്ഡലത്തിലെ 5 വാർഡുകൾ) എന്നീ നിയമസഭാമണ്ഡലങ്ങളും തിരുവനന്തപുരം കോർപറേഷനിൽ സ്ഥിതിചെയ്യുന്നുണ്ട്. കേരളത്തിലെ മറ്റ് കോർപറേഷനുകൾ തൃശ്ശൂർ, കൊല്ലം, കൊച്ചി, കോഴിക്കോട് കണ്ണൂർ എന്നിവയാണ്.

ഒരു കൗൺസിലരെ കള്ളക്കേസിൽ കുടുക്കി കോർപറേഷൻ ഭരണം അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. എൽഡിഎഫ് ഭരണം കൊടിയ അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് പേരുകേട്ടതായയിരുന്നു. കൈക്കൂലി വാങ്ങി തുച്ഛമായ തുകയ്ക്കാണ് കെട്ടിടങ്ങൾ ലേലം ചെയ്തിട്ടുള്ളത്. അതൊക്കെ റദ്ദാക്കി നഗരസഭ പുതിയ ചരിത്രം സൃഷ്ടിച്ചിരിക്കുന്നു.

തുടക്കത്തിൽ 30.66 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ടായിരുന്ന കോർപറേഷൻ യഥാർത്ഥത്തിൽ 24 വാർഡുകളായിട്ടാണ് വിഭജിക്കപ്പെട്ടിരുന്നത്. കാലക്രമേണ, 100 വാർഡുകളായി നഗര കോർപറേഷൻ വളർന്നു. നിയമസഭ കഴിഞ്ഞാൽ കേരളത്തിലെ രണ്ടാമത്തെ വലിയ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനമാണ് തിരുവനന്തപുരം നഗരസഭ. ക്രമാനുഗതമായാണ് ഭരണം ബിജെപിയുടെ കൈകളിലെത്തിയത്. 1984 ൽ ആറ് അംഗങ്ങളാണ് നഗരസഭയിൽ ബിജെപിക്കുണ്ടായിരുന്നത്. കഴിഞ്ഞസഭയിൽ 35 കൗൺസിലർമാരായി. 45 വർഷമായി ഇടതുഭരണത്തിലായിരുന്ന തിരുവനന്തപുരം നഗരഭരണം കൈവിട്ടതിലുള്ള വെപ്രാളത്തിലാണ് ഇടതുമുന്നണി.

■


പശ്ചിമ ബംഗാൾ

■ പ്രത്യേക ലേഖകൻ

# ഡബിൾ എഞ്ചിൻ ഫുൾ സ്പീഡിൽ

***ബംഗാളിന്റെ നന്മയ്ക്കും മാറ്റത്തിനും ബിജെപി മുന്നോട്ടുവച്ച ഇരട്ട എഞ്ചിൻ സർക്കാർ എന്ന വാഗ്ദാനം ഏറ്റെടുത്ത ബംഗാൾ ജനതയ്ക്ക് വികസനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ക്ഷേമത്തിന്റെയും വാതായനങ്ങൾ തുറക്കുകയാണ് ബിജെപി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒത്തുചേർന്ന് ഡബിൾ എഞ്ചിൻ സർക്കാർ പ്രവർത്തനക്ഷമമായതോടെ പശ്ചിമ ബംഗാളിൽ വികസനത്തിന്റെ കൊടുങ്കാറ്റ് വീശിത്തുടങ്ങി. വീട്ടമ്മമാർക്ക് പ്രതിമാസം 3000 രൂപ, തൊഴിൽരഹിത യുവാക്കൾക്ക് 3000 രൂപ, വനിതകൾക്ക് സൗജന്യ യാത്ര, അഞ്ചു രൂപയ്ക്ക് ചോറും മീനും നൽകുന്ന 400 കേന്ദ്രങ്ങൾ, എയിംസ്, ഐഐടി, ഐഐഎം, നാലു വിമാനത്താവളങ്ങൾ, അഞ്ച് പുതിയ ജില്ലകൾ, ആയുഷ്മാൻ ഭാരത്, വിദ്യാഭ്യാസ പരിവർത്തനത്തിനുള്ള പിഎംശ്രീ പദ്ധതി, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ, ഉജ്വല യോജന, ഒട്ടേറെ റോഡുകൾ, പാലങ്ങൾ, സെമികണ്ടക്ടർ ഫാക്ടറി, രണ്ടു ലക്ഷം വീടുകളിൽ പുരപ്പുറത്ത് സോളാർ, എംഎൽഎ ഫണ്ട് ഒരു കോടി രൂപ, ഒരു ലക്ഷം കോടി രൂപയുടെ റെയിൽവേ വികസനം.....മമതാ ബാനർജി രാഷ്ട്രീയപ്പകയോടെ തടഞ്ഞുവച്ച വികസന-സാമൂഹ്യക്ഷേമ പദ്ധതികൾ ദ്രുതഗതിയിൽ നടപ്പായി വരികയാണ്.***

ബംഗാളിൽ ബിജെപി ജൈത്രയാത്ര തുടങ്ങി. മനംനിറഞ്ഞ് വോട്ട് ചെയ്ത ജനതയ്ക്ക് മനസ്സറിഞ്ഞ് നൽകുകയാണ് ബിജെപി. ബംഗാൾ ജനത ഇന്ന് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലാണ്. ഒന്നര പതിറ്റാണ്ടിന്റെ പാരതന്ത്ര്യം നീങ്ങിയതിന്റെ പ്രതീക്ഷ ബംഗാളിന്റെ തെരുവുകളിലും ഗ്രാമങ്ങളിലും കാണാം. ജാതി, മത, രാഷ്ട്രീയമില്ലാത്തെ പുതുലോകത്തെ കൈനീട്ടി സ്വീകരിച്ചിരിക്കുകയാണ് ബംഗാൾ ജനത.




ജൂലൈയിൽ അധികാരമേറ്റ് രണ്ട് മാസം മാത്രം പിന്നിടുമ്പോൾ തെരഞ്ഞെടുപ്പിൽ ബിജെപി പ്രഖ്യാപിച്ച പരിവർത്തനത്തിന് ബംഗാളിൽ തുടക്കമായി.

മുഖ്യമന്ത്രി സുവേന്ദു അധികാരിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ ആദ്യ മന്ത്രിസഭാ തീരുമാനം മുതലുള്ള പ്രഖ്യാപനങ്ങൾ മാറ്റത്തിന്റെയും തിരുത്തലിന്റെയും ആശ്വാസത്തിന്റെ അദ്ഭുതലോകം തീർക്കുകയാണ്.

മേയ് നാലിന് ഫലം പ്രഖ്യാപിച്ചപ്പോൾ 294 ൽ 208 സീറ്റ് നൽകിയാണ് ബംഗാൾ ജനത ബിജെപിയെ ഭരണത്തിലേക്ക് കൈപിടിച്ചു കയറ്റിയത്. 15 വർഷം ഭരിച്ച മമതാ ബാനർജിയും അവരുടെ തൃണമൂൽ കോൺഗ്രസും തകർന്നടിഞ്ഞു. മാത്രമല്ല, മമതക്കെതിരെ പാർട്ടി എംഎൽഎമാർ തൃണമൂലിൽ കലാപം ഉയർത്തിയതോടെ പാർട്ടി അടപടലം ശിഥിലമാകുകയാണ്.

ബംഗാളിന്റെ നന്മയ്ക്കും മാറ്റത്തിനും ബിജെപി മുന്നോട്ടുവച്ച ഇരട്ട എഞ്ചിൻ സർക്കാർ എന്ന വാഗ്ദാനം ഏറ്റെടുത്ത ബംഗാൾ

ജനതയ്ക്ക് വികസനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ക്ഷേമത്തിന്റെയും വാതായനങ്ങൾ തുറക്കുകയാണ് ബിജെപി .

പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിയാണ് ബംഗാളിന്റെ ചരിത്രത്തിലെ ആദ്യ ബിജെപി സർക്കാർ മുന്നേറുന്നത്. ജൂൺ 22 ന് അവതരിപ്പിച്ച കന്നി ബജറ്റും ദിശാമാറ്റത്തിന്റെ സൂചകമായി. വ്യവസായ മുന്നേറ്റത്തിനും ഗതാഗതത്തിനും വിദ്യാഭ്യാസത്തിനുമെല്ലാം വമ്പൻ നിർദേശങ്ങളാണ് ബജറ്റിലുള്ളത്.

ബിജെപി വാഗ്ദാനം ചെയ്ത സുപ്രധാനമായ പദ്ധതികൾക്കാണ് ഭരണത്തിലേറി ആദ്യ ആഴ്ച തന്നെ  സുവേന്ദു സർക്കാർ തുടക്കമിട്ടത്.

മമതാ ബാനർജി നടപ്പാക്കാൻ തയാറാകാതിരുന്ന ഒട്ടേറെ കേന്ദ്ര ക്ഷേമപദ്ധതികൾക്ക് തുടക്കമായി. ബംഗാളിലെ കോടിക്കണക്കിന് ജനങ്ങൾക്ക് ആരോഗ്യ സുരക്ഷ ഒരുക്കുന്ന ആയുഷ്മാൻ ഭാരത് പദ്ധതിക്ക് കേന്ദ്രവുമായി കരാർ ഒപ്പിട്ടു. പ്രധാനമന്ത്രി കൃഷക് ഭാരത് യോജന, വിദ്യാഭ്യാസ പരിവർത്തനത്തിനുള്ള പിഎം ശ്രീ പദ്ധതി, പെൺകുട്ടികൾക്കുള്ള ബേട്ടി ബച്ചാവോ ബേട്ടി പഠാവോ, ഉജ്ജ്വല യോജന എന്നീ പദ്ധതികൾ നടപ്പാക്കാൻ ആദ്യദിനങ്ങളിൽ തന്നെ തീരുമാനിച്ചു.

സംസ്ഥാനത്ത് ഒരു ലക്ഷം കോടി രൂപയുടെ വികസന പദ്ധതികൾ റെയിൽവേ മന്ത്രാലയവും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സിഎഎ നടപ്പാക്കാൻ നടപടി തുടങ്ങി. രാജ്യസുരക്ഷയ്ക്കായി അതിർത്തിയിൽ മുള്ളുവേലി നിർമിക്കാൻ ബിഎസ്എഫിന് ഭൂമി കൈമാറി. തെരുവിലും തെരുവോരത്തും നിസ്കാരം നിർത്തലാക്കുകയും ആരാധാനാലയങ്ങളിലെ സ്പീക്കർ ഉപയോഗം സ്ഥാപനങ്ങൾക്കുള്ളിൽ മാത്രമാക്കി നിയന്ത്രിക്കാനും ഉത്തരവിറക്കി.

ജൂൺ ഒന്നുമുതൽ ബംഗാളിൽ മതാടിസ്ഥാനത്തിലുള്ള സർക്കാർ സഹായങ്ങൾ നിർത്തലാക്കി.

## ആശ്രയമായി അന്നപൂർണ

ബംഗാളിലെ വനിതകൾക്ക് നിലനിൽപിന്റെ ആശ്രയമായി വീട്ടമ്മമാർക്ക് മാസം 3000 രൂപ നൽകുന്ന അന്നപൂർണ പദ്ധതിക്കു തുടക്കമിട്ട സർക്കാർ പദ്ധതി നടത്തിപ്പിനായി 36,000 കോടി രൂപയാണ് ജൂൺ 22 ന് അവതരിപ്പിച്ച പ്രഥമ സംസ്ഥാന ബജറ്റിൽ വകയിരുത്തിയത്. സംസ്ഥാനത്ത് 75 ലക്ഷം വനിതകളാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ചേരാൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വനിതകൾക്ക് സർക്കാർ ബസുകളിൽ സൗജന്യയാത്ര ഉൾപ്പെടെയുള്ള സുപ്രധാന പ്രഖ്യാപനങ്ങൾ ആദ്യ ആഴ്ചയിൽ തന്നെ നടപ്പിലാക്കി. ഇതിനായി 556 കോടി രൂപയാണ് ആദ്യ ബജറ്റിൽ മാറ്റിവച്ചത്.

സംസ്ഥാന സർക്കാർ സർവീസിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ചെയ്യുമെന്ന് ബജറ്റ് അവതരിപ്പിച്ച ധനമന്ത്രി സ്വപൻ

# യുദ്ധകാലാടിസ്ഥാനത്തിൽ അതിർത്തിവേലി

ആകെ 4,096 കിലോമീറ്റർ ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തിയിൽ 2,216 കിലോമീറ്റർ ബംഗാളിലാണ്. സ്വാതന്ത്ര്യം കിട്ടി 78 വർഷങ്ങളായി തുറന്നു കിടന്ന ആ അതിർത്തിയിലൂടെ മനുഷ്യക്കടത്ത്, മയക്കുമരുന്ന്, ആയുധം, കള്ളനോട്ട്, എല്ലാം നടന്നപ്പോൾ കൈവിട്ടുപോയത് ബംഗാളിന്റെ മണ്ണും ജോലിയും സംസ്കാരവുമായിരുന്നു. ഇത്തവണത്തെ ബംഗാളിയുടെ വോട്ട് മമതയെ പുറത്താക്കാൻ മാത്രമായിരുന്നില്ല, ദേശീയ സുരക്ഷക്കു കൂടിയായിരുന്നു.



ബിജെപി സർക്കാർ അധികാരത്തിലേറിയതോടെ യുദ്ധകാല അടിസ്ഥാനത്തിലാണ് അതിർത്തിവേലി ഉയർന്ന് രാജ്യം സുരക്ഷിതമാകുന്നത്. അതിർത്തിയിൽ നിന്ന് 15 കിലോമീറ്ററിനുള്ളിലെ അനധികൃത കെട്ടിടങ്ങൾ പൊളിച്ചുനീക്കുകയാണ്. ബിഎസ്എഫിന് പൂർണ അധികാരം നൽകി. നുഴഞ്ഞുകയറ്റം തടയാൻ ഫെൻസിംഗ്, തെർമൽ ക്യാമറ, ഡ്രോൺ, സെൻസർ, ലേസർ വാൾ എല്ലാം സജ്ജമാകുന്നു.

ജനസംഖ്യാ സന്തുലനം തകർന്ന അതിർത്തി ഗ്രാമങ്ങൾക്ക് ആശ്വാസമാവുകയാണ് ഈ നീക്കം. അതിർത്തി സുരക്ഷിതം ആയാൽ ബംഗാൾ സുരക്ഷിതം. ബംഗാൾ സുരക്ഷിതമായാൽ ഇന്ത്യ സുരക്ഷിതമാണെന്ന തിരിച്ചറിവിൽനിന്നാണ് വേലി ഉയരുന്നത്.

ദാസ് ഗുപ്ത പ്രഖ്യാപിച്ചു. അവിവാഹിതരായ യുവതികൾക്ക് ഉപരിപഠനത്തിനായി 50,000 രൂപയും ബജറ്റിൽ പ്രഖ്യാപിച്ചു.

ജൂൺ 22 ന് കന്നി ബജറ്റ് ബംഗാളിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകുമെന്നതിന്റെ തെളിവായി. ഒട്ടേറെ പുതിയ റോഡുകളും പാലങ്ങളും മെട്രോ പദ്ധതികളും പ്രഖ്യാപിച്ച ബജറ്റ്, ന്യൂനപക്ഷ പ്രീണനത്തിനായി മമത ബാനർജി നൽകിയിരുന്ന ആയിരക്കണക്കിന് കോടി രൂപ വെട്ടിച്ചുരുക്കുകയും ചെയ്തു. 5,400 കോടിയിൽ നിന്ന് 2,184 കോടി രൂപയായി ന്യൂനപക്ഷക്ഷേമ വിഹിതം കുറച്ചു.

## വിശക്കുന്നവന് ആഹാരം

വരുമാനം കുറഞ്ഞവർക്ക് കുറഞ്ഞ വിലയിൽ ആഹാരം നൽകുക എന്നതിന്റെ ഭാഗമായി അഞ്ച് രൂപയ്ക്ക് ഉച്ചഭക്ഷണം എന്ന വിപ്ലവകരമായ പദ്ധതിക്ക് തുടക്കമായി. സംസ്ഥാനത്തെ 400 കേന്ദ്രങ്ങളിലാണ് ആയിരങ്ങൾക്ക് അഞ്ച് രൂപയ്ക്ക് ചോറും മീനും പദ്ധതി നടപ്പാക്കുന്നത്.

## വടക്കൻ ബംഗാളിന് പ്രത്യേക വകുപ്പ്

വടക്കൻ ബംഗാളിന്റെ വികസനത്തിനായി പ്രത്യേകം വകുപ്പ് പ്രഖ്യാപിച്ച സർക്കാർ ആദ്യമായി ഒട്ടേറെ പ്രത്യേക പാക്കേജുകളും അനുവദിച്ചു. അവിടെ ഒരു ഐഐടിയും ഒരു ഐഐഎമ്മും എയിംസും  സ്ഥാപിക്കാൻ ബജറ്റിൽ പ്രഖ്യാപനമുണ്ട്. വടക്കൻ മേഖലയിലെ ഒരു ജില്ലയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി കാൻസർ ആശുപത്രിയും ഒരു കേന്ദ്ര സർവകലാശാലയും വൈകാതെ ആരംഭിക്കും. വടക്കൻ മേഖലയിൽ മാൽഡയിൽ ഒരു വിമാനത്താവളവും ബജറ്റ് ഉറപ്പു നൽകുന്നു.

ആരോഗ്യ രംഗത്തെ മാറ്റത്തിനായി 650 എംബിബിഎസ് സീറ്റും 450 മെസിക്കൽ പിജി സീറ്റും ഈ വർഷം കൂട്ടും.

കൊൽക്കത്ത വിമാനത്താവളത്തിലെ തിരക്ക് കുറയ്ക്കാൻ കല്യാണിയിൽ പുതിയ വിമാനത്താവളം നിർമിക്കും. പുരുലിയ, ബേലൂർ ഘട്ട് എന്നിവിടങ്ങളിൽ പുതിയ വിമാനത്താവളങ്ങൾ പണിയാനും ബജറ്റ് വിഭാവനം ചെയ്യുന്നു.

ഭരണസൗകര്യത്തിനായി അഞ്ചു വലിയ ജില്ലകൾ വിഭജിച്ച് അഞ്ച് പുതിയ ജില്ലകൾ പ്രഖ്യാപിച്ചു. കൊൽക്കത്ത, ബാസിർ ഘട്ട്, സുന്ദർബൻസ്, ജംഗിപ്പുർ, ആരം ബാഗ് ജില്ലകളാവും വിഭജിക്കുക. ഈ വർഷം ഒരു ലക്ഷം പേർക്ക് സർക്കാർ സർവീസിൽ തൊഴിൽ നൽകാനും നടപടി തുടങ്ങി. ഇതിൽ  50,000 അധ്യാപകരെയും 20,000 പൊലീസുകാരെയും ഈ  വർഷം നിയമിക്കും.

ബിജെപി സർക്കാരിന്റെ അഭിമാന പദ്ധതിയായി അന്ന പൂർണയ്ക്കു പുറമേ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്കും ആശ്വാസമാവുകയാണ് സുവേന്ദു സർക്കാർ. അതിനായി പ്രഖ്യാപിച്ച ഭസോര പദ്ധതിയിൽ ലക്ഷക്കണക്കിന് യുവാക്കൾക്കാണ് ധനസഹായം നൽകുന്നത്.

തൊഴിൽരഹിതരായ 18നും 45നും ഇടയ്ക്ക് പ്രായമുള്ള ബിരുദധാരികൾക്ക് മാസം 3,000 രൂപയും മറ്റുള്ളവർക്ക് 2,000 രൂപയുമാണ് പ്രതിമാസം നൽകുന്നത്. ഭസോര പദ്ധതിക്കായി 878 കോടി രൂപയാണ് ഈ വർഷത്തെ ബജറ്റ് വിഹിതം. ഗ്രാമ-നഗരപ്രദേശങ്ങളിൽ വികസനം ലക്ഷ്യമാക്കി എംഎൽഎ പ്രാദേശിക വികസന ഫണ്ട് ഒരു കോടി രൂപയാക്കി ഉയർത്തി.

സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് പുതിയ പ്രതീക്ഷ നൽകി അവരെ ഭരണത്തിന്റെ സുപ്രധാന ഭാഗമാക്കുകയാണ് സർക്കാർ. സർക്കാർ ജീവനക്കാർക്കും പെൻഷകാർക്കും ദീർഘകാലമായി





മുടങ്ങിയിരുന്ന ക്ഷാമബത്ത(ഡിഎ)യിൽ 20 ശതമാനമാണ് ഒറ്റയടിക്ക് കൂട്ടിയത്.

ഹോം ഗാർഡ്, സിവിൽ വോളന്റിയർമാർ, ഗ്രീൻ പൊലീസ്, എൻവിഎം വർക്കർ എന്നിവർക്ക് മാസം  2,000 രൂപ വിതം വേതനം കൂട്ടാനും ധനമന്ത്രി സ്വപൻ ദാസ് ഗുപ്ത അവതരിപ്പിച്ച ബജറ്റ് വിഭാവനം ചെയ്യുന്നു.

2012 മുതൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത നേതാക്കൾക്കും പള്ളികളിൽ വാങ്ക് വിളിക്കുന്നവർക്കും മാസം മൂവായിരത്തോളം രൂപ നൽകിയിരുന്നതും 2020 മുതൽ ക്ഷേത്ര പൂജാരിമാർക്ക് 1,000 രൂപയും നൽകിയിരുന്നതും സുവേന്ദു സർക്കാർ നിർത്തലാക്കി.

ലഹരി മാഫിയയെ അമർച്ച ചെയ്യാൻ സ്കൂൾ, കോളെജ്, ക്ഷേത്രം എന്നിവയുടെ ഒരു കിലോമീറ്റർ അടുത്ത് മദ്യവിൽപന നിരോധിച്ചു. 2021 ലെ തെരഞ്ഞെടുപ്പ് കാലത്ത് കേസുകളിൽപെട്ട് പ്രയാസം അനുഭവിക്കുന്നവർക്ക് പ്രത്യേക സഹായവും ബംഗാൾ സർക്കാർ പ്രഖ്യാപിച്ചു. വ്യവസായ രംഗത്ത് കുതിച്ചുചാട്ടത്തിന് തുടക്കമിട്ട് ദുർഗാപുറിൽ സെമി കണ്ടക്ടർ യൂണിറ്റ് തുടങ്ങുന്ന സർക്കാർ, സംസ്ഥാനത്തെ രണ്ട് ലക്ഷം വീടുകളിൽ പുരപ്പുറ സോളാർ സ്ഥാപിക്കാനും നടപടി തുടങ്ങി. പാലങ്ങളും റോഡും മെട്രോ കോറിഡോറും മറ്റു ജനക്ഷേമ പദ്ധതികൾ വഴി ബംഗാളിൽ മാറ്റത്തിന്റെ കൊടുങ്കാറ്റായി മാറുകയാണ് സുവേന്ദു സർക്കാർ.

■

യൂറോപ്പ് വഴിമാറുന്നു

■ ഡോ. വിഷ്ണു അരവിന്ദ് +91 70344 9909



# ബെയ്ജിംഗിൽ നിന്ന് ഡൽഹിയിലേക്ക്

*പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജൂൺ 13 മുതൽ 18 വരെ നീണ്ടു നിന്ന ഫ്രാൻസ്, സ്ലൊവാക്യ സന്ദർശനവും എവിയാനിൽ നടന്ന ജി7 ഉച്ചകോടിയിലെ പങ്കാളിത്തവും കേവലം ഒരു ഔപചാരിക നയതന്ത്ര യാത്രയല്ല. മറിച്ച്, അത് യൂറോപ്പും ഭാരതവും തമ്മിൽ വളരുന്ന തന്ത്രപരമായ ബന്ധത്തിന്റെ അടയാളപ്പെടുത്തലായിരുന്നു. അമേരിക്കയും യൂറോപ്പും തമ്മിലുള്ള സാമ്പത്തിക അനിശ്ചിതത്വങ്ങൾ വർദ്ധിക്കുകയും ബെയ്ജിംഗുമായുള്ള വ്യാപാര തർക്കങ്ങൾ മുമ്പെങ്ങുമില്ലാത്തവിധം രൂക്ഷമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ, പ്രധാനമന്ത്രിയുടെ ഈ സന്ദർശനം ഏറെ പ്രാധാന്യമർഹിക്കുന്നു. ചൈനയോടുള്ള യൂറോപ്പിന്റെ അവിശ്വാസം എത്രത്തോളം വർദ്ധിക്കുന്നുവോ, അത്രത്തോളം ഭാരതവുമായുള്ള അവരുടെ അകലം കുറയുകയാണ്. ചൈനയ്ക്ക് പകരം വിശ്വസിക്കാനും നിക്ഷേപിക്കാനും സാധിക്കുന്ന ഒരു ജനാധിപത്യ ബദലായി ഭാരതം അവരുടെ മുന്നിലേക്ക് വരുന്നത് ഈ സാഹചര്യത്തിലാണ്. ഈ തന്ത്രപരമായ മാറ്റത്തിന്റെ ഏറ്റവും വ്യക്തമായ തെളിവാണ് ഭാരതവും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ചർച്ചകളുടെ പുനരുജ്ജീവനം.*

ലോക രാഷ്ട്രീയത്തിലെ പരമ്പരാഗത സഖ്യങ്ങളും സാമ്പത്തിക ആശ്രിതത്വങ്ങളും ഇന്ന് അതിവേഗം പുനർനിർവചിക്കപ്പെടുകയാണ്. ഇതിന്റെ ഭാഗമെന്നോണം യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടെ വിദേശനയങ്ങളിലും വ്യാപാര പങ്കാളിത്തങ്ങളിലും സമൂലമായ മാറ്റങ്ങൾ വരുത്തുന്നു. അമേരിക്കയ്ക്ക് പുറമെ ദീർഘകാലമായി ചൈനയുമായി പുലർത്തിപ്പോന്ന സാമ്പത്തിക സമവാക്യങ്ങൾ യൂറോപ്പ് പുനഃപരിശോധിക്കുന്നതാണ് അതിൽ പ്രധാനം. ചൈനയോടുള്ള ആഴത്തിലുള്ള സാമ്പത്തിക ആശ്രിതത്വം, ആഗോള വിതരണ ശൃംഖലയിലെ കടുത്ത അസ്ഥിരതകൾ, വർദ്ധിച്ചുവരുന്ന സുരക്ഷാ ഭീഷണികൾ എന്നിവയാണ് പുതിയൊരു വിശ്വസ്ത പങ്കാളിയെ തേടാൻ യൂറോപ്പിനെ നിർബന്ധിതമാക്കുന്നത്.

## യൂറോപ്പിൽ മോദിയുടെ സജീവ നയതന്ത്ര സാന്നിധ്യം

ഈ പശ്ചാത്തലത്തിൽ ചൈനയ്ക്ക് തന്ത്രപരമായ ഒരു ബദലായാണ് ആഗോള വേദിയിൽ ഭാരതം ഉയർന്നുവരുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജൂൺ 13 മുതൽ 18 വരെ നീണ്ടു നിന്ന ഫ്രാൻസ്, സ്ലൊവാക്യ സന്ദർശനവും എവിയാനിൽ നടന്ന ജി7 ഉച്ചകോടിയിലെ പങ്കാളിത്തവും കേവലം ഒരു ഔപചാരിക നയതന്ത്ര യാത്രയല്ല. മറിച്ച്, അത് യൂറോപ്പും ഭാരതവും തമ്മിൽ വളരുന്ന തന്ത്രപരമായ ബന്ധത്തിന്റെ അടയാളപ്പെടുത്തലായിരുന്നു. അമേരിക്കയും യൂറോപ്പും തമ്മിലുള്ള സാമ്പത്തിക അനിശ്ചിതത്വങ്ങൾ വർദ്ധിക്കുകയും ബെയ്ജിംഗുമായുള്ള വ്യാപാര



*യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിലെ ഇവിയനിൽ നടന്ന ജി 7 ഉച്ചകോടിയ്ക്കിടയിൽ*




*ഫ്രാൻസിലെ ഇവിയാനിൽ നടന്ന ജി7 ഉച്ചകോടിയ്ക്കിടയിൽ ഫ്രാൻസ് പ്രസിഡന്റ് എമാനുവേൽ മാക്രോണിനൊപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദി*

തർക്കങ്ങൾ മുമ്പെങ്ങുമില്ലാത്തവിധം രൂക്ഷമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ, പ്രധാനമന്ത്രിയുടെ ഈ സന്ദർശനം ഏറെ പ്രാധാന്യമർഹിക്കുന്നു.

ഈ യാത്രയ്ക്ക് തൊട്ടുമുമ്പ് മേയ് 15 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ പ്രധാനമന്ത്രി മോദി നെതർലൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളിൽ നടത്തിയ സന്ദർശനങ്ങൾ ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. ഈ തുടർച്ചയായ നയതന്ത്ര നീക്കങ്ങൾ വ്യക്തമാക്കുന്നത് ചൈനയോടുള്ള യൂറോപ്പിന്റെ അവിശ്വാസം എത്രത്തോളം വർദ്ധിക്കുന്നുവോ, അത്രത്തോളം ഭാരതവുമായുള്ള അവരുടെ അകലം കുറയുകയാണെന്നാണ്.

ജൂണിലെ സന്ദർശനത്തിന്റെ ആദ്യ ഘട്ടം ഫ്രാൻസിലായിരുന്നു. നൈസ് നഗരത്തിൽ വെച്ച് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള 'പ്രത്യേക ആഗോള തന്ത്രപരമായ പങ്കാളിത്തം' (Special Global Strategic Partnership) സമഗ്രമായി വിലയിരുത്തപ്പെട്ടു. ഭാരതത്തിലെ വളർന്നുവരുന്ന സ്റ്റാർട്ടപ്പുകളെ ആഗോള നിക്ഷേപകരുമായി ബന്ധിപ്പിക്കുന്ന 'ഭാരത് ഇന്നൊവേറ്റ്സ്' എന്ന സുപ്രധാന പദ്ധതിക്ക് ഇരുനേതാക്കളും ചേർന്ന് തുടക്കം കുറിച്ചു. തുടർന്ന് പാരീസിൽ നടന്ന പ്രശസ്തമായ 'വിവാടെക്' ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുത്തു.

സന്ദർശനത്തിന്റെ അടുത്ത ഘട്ടം സ്ലൊവാക്യയിലായിരുന്നു. 1993-ൽ സ്ലൊവാക്യ സ്വാതന്ത്ര്യം നേടിയ ശേഷം ആദ്യമായാണ് ഒരു ഭാരത പ്രധാനമന്ത്രി അവിടം സന്ദർശിക്കുന്നതെന്നത് ഈ യാത്രയുടെ ചരിത്രപരമായ പ്രാധാന്യം വിളിച്ചോതുന്നു. വ്യാപാരം, ആധുനിക നിർമാണ മേഖലകൾ, പ്രതിരോധ നിക്ഷേപങ്ങൾ എന്നിവയിലായിരുന്നു പ്രധാന ചർച്ചകൾ. ആഗോള സാമ്പത്തിക വളർച്ച, സുസ്ഥിര വികസനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ കേന്ദ്രീകരിച്ച് നടന്ന എവിയാനിലെ ജി7 ഉച്ചകോടിയോടെയാണ് ഈ ചരിത്രപരമായ സന്ദർശനം സമാപിച്ചത്. ഈ മാറ്റങ്ങൾ സൂചിപ്പിക്കുന്നത്, യൂറോപ്യൻ യൂണിയൻ ഭാരതത്തെ കേവലമൊരു വിപണിയായല്ല, മറിച്ച് തങ്ങളുടെ സാമ്പത്തിക സുരക്ഷയ്ക്കും സാങ്കേതിക പരമാധികാരത്തിനും ഒഴിച്ചുകൂടാനാവാത്ത തന്ത്രപ്രധാന പങ്കാളിയായാണ് കാണുന്നതെന്നാണ്.

## ഉലയുന്ന യൂറോപ്പ്-ചൈന ബന്ധങ്ങൾ

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി യൂറോപ്പിന്റെ ഏഷ്യൻ സാമ്പത്തിക നയങ്ങളുടെ കേന്ദ്രബിന്ദു ചൈനയായിരുന്നു. 2001-ൽ ചൈന ലോകവ്യാപാര സംഘടനയിൽ അംഗമായതോടെ, ജർമനിയും ഫ്രാൻസും ഉൾപ്പെടെയുള്ള വലിയ യൂറോപ്യൻ സമ്പദ്വ്യവസ്ഥകൾ ചൈനയെ തങ്ങളുടെ പ്രധാന നിർമാണ ഹബ്ബായി സ്വീകരിച്ചു. ചൈനയിലെ വിലകുറഞ്ഞ തൊഴിൽ ശേഷിയും വിപുലമായ വിപണിയും യൂറോപ്യൻ കമ്പനികളെ വൻതോതിൽ അങ്ങോട്ട് ആകർഷിച്ചു. എന്നാൽ ഈ അമിത ആശ്രിതത്വത്തിന്റെ അപകടം യൂറോപ്പ് തിരിച്ചറിയാൻ അധികകാലം വേണ്ടി വന്നില്ല. 2019-ൽ യൂറോപ്യൻ കമ്മീഷൻ ചൈനയെ ഒരു 'വ്യവസ്ഥാപിത എതിരാളി' (systemic rival) എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചതോടെ ബന്ധങ്ങളിൽ വിള്ളൽ വീണുതുടങ്ങി. ഭൗരാഷ്ട്രീയ രംഗത്തുണ്ടായ ചില നിർണായക സംഭവവികാസങ്ങൾ യൂറോപ്പിന്റെ ഈ ആശങ്കകളെ ശരിവെക്കുന്നതായിരുന്നു. ലിത്വാനിയയ്ക്കെതിരെ ചൈന സ്വീകരിച്ച കടുത്ത സാമ്പത്തിക പ്രതികാര നടപടികൾ, ആധുനിക സാങ്കേതികവിദ്യയ്ക്ക് അത്യാവശ്യമായ അപൂർവ ധാതുക്കളുടെയും നിർണായക അസംസ്കൃത വസ്തുക്കളുടെയും (Rare Earth and Critical Minerals) കയറ്റുമതിയിൽ ബെയ്ജിംഗ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ എന്നിവ യൂറോപ്പിനെ ഞെട്ടിച്ചു.

ഇതിനെല്ലാം പുറമേ, 2022-ലെ യുക്രെയ്ൻ അധിനിവേശത്തിന് ശേഷം റഷ്യയുമായി ചൈന പുലർത്തുന്ന തന്ത്രപരമായ അടുപ്പം യൂറോപ്പിന്റെ സുരക്ഷാ ആശങ്കകൾ വർദ്ധിപ്പിച്ചു. കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആഗോള വിതരണ ശൃംഖല തകർന്നപ്പോൾ, അത്യാവശ്യ മരുന്നുകൾക്കും മാസ്കുകൾക്കും പോലും തങ്ങൾ ചൈനയെ എത്രത്തോളം ആശ്രയിക്കുന്നുണ്ടെന്ന് യൂറോപ്യൻ രാജ്യങ്ങൾ തിരിച്ചറിഞ്ഞു. ഈ പശ്ചാത്തലത്തിലാണ് ചൈനയുമായുള്ള ബന്ധം പൂർണമായി വിച്ഛേദിക്കുന്നതിന് പകരം, അപകടസാധ്യതകൾ കുറയ്ക്കുക എന്ന 'ഡി-റിസ്കിംഗ്' നയത്തിലേക്ക് യൂറോപ്പ് മാറിയത്.

ചൈനയ്ക്ക് പകരം വിശ്വസിക്കാനും നിക്ഷേപിക്കാനും സാധിക്കുന്ന ഒരു ജനാധിപത്യ ബദലായി ഭാരതം അവരുടെ മുന്നിലേക്ക് വരുന്നത് ഈ സാഹചര്യത്തിലാണ്. ഈ തന്ത്രപരമായ മാറ്റത്തിന്റെ ഏറ്റവും വ്യക്തമായ തെളിവാണ് ഭാരതവും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ചർച്ചകളുടെ പുനരുജ്ജീവനം. വർഷങ്ങൾ നീണ്ട ഭിന്നതകളെത്തുടർന്ന് 2013-ൽ ഉപേക്ഷിച്ച ഈ ചർച്ചകൾ, മാറിയ ആഗോള സാഹചര്യത്തിൽ 2022-ലാണ് പുനരാരംഭിച്ചത്. വ്യാപാരം, നിക്ഷേപ സംരക്ഷണം, ഭൂമിശാസ്ത്രപരമായ സൂചകങ്ങൾ എന്നീ മൂന്ന് പ്രധാന തൂണുകളിന്മേലാണ് ഈ കരാർ കെട്ടിപ്പടുക്കുന്നത്. ഉഭയകക്ഷി വ്യാപാരത്തിലെ ഏകദേശം 96 ശതമാനം നികുതിയും ഇല്ലാതാക്കാൻ ഈ കരാർ ലക്ഷ്യമിടുന്നു.

നിലവിൽ ഭാരതവും ഇയുവും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 120 ബില്യൺ യൂറോയാണ്. സേവന മേഖലയിലെ വ്യാപാരം 2024-ൽ 59.7 ബില്യൺ യൂറോയിലെത്തിക്കഴിഞ്ഞു. ഭാരതത്തിൽ യൂറോപ്യൻ രാജ്യങ്ങളുടെ നേരിട്ടുള്ള വിദേശ നിക്ഷേപം 132 ബില്യൺ യൂറോയായി ഉയർന്നു. ഓട്ടോമൊബൈൽ, മെഷിനറി, കെമിക്കൽസ്, വൈൻ വിപണികൾക്കായി യൂറോപ്പ് ഭാരതത്തെ നോക്കുമ്പോൾ, ടെക്സ്റ്റൈൽസ്, ഐടി, എഞ്ചിനീയറിംഗ് മേഖലകളിൽ വലിയ മുന്നേറ്റമാണ് ഭാരതം പ്രതീക്ഷിക്കുന്നത്. ഈ കരാറിന്റെ തന്ത്രപരമായ പ്രാധാന്യം കണക്കിലെടുത്താണ് യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ ഇതിനെ 'എല്ലാ കരാറുകളുടെയും മാതാവ്' എന്ന് വിശേഷിപ്പിച്ചത്. ചൈനയുമായുള്ള സാമ്പത്തിക അമിതാശ്രയം കുറയ്ക്കുന്നതിനുള്ള ശക്തമായ ആയുധമായാണ് യൂറോപ്പ് ഈ കരാറിനെ കാണുന്നത്.

## യൂറോപ്പിലെ ചൈനീസ് വ്യാപാര ആധിപത്യം

ഭാരതവുമായി യൂറോപ്പ് കൂടുതൽ അടുക്കുമ്പോൾ മറുവശത്ത് ചൈനയുമായുള്ള സാമ്പത്തിക സംഘർഷങ്ങൾ വൻതോതിൽ വർദ്ധിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഷീൻ, ടെമു തുടങ്ങിയ ചൈനീസ് ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകളുടെ

യൂറോപ്യൻ വിപണിയിലെ കടന്നുകയറ്റമാണ്. വിപണിയിലെ നികുതി ഇളവുകളും നിയമപരമായ വിടവുകളും മുതലെടുത്ത് അതീവ കുറഞ്ഞ വിലയിൽ സാധനങ്ങൾ വിറ്റഴിക്കുന്ന ഇവരുടെ തന്ത്രം പ്രാദേശിക യൂറോപ്യൻ വ്യാപാരികളെ കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. 2025-ന്റെ ആദ്യ പകുതിയിലെ കണക്കുകൾ പ്രകാരം, ഷീൻ പ്ലാറ്റ്ഫോമിന് യൂറോപ്യൻ യൂണിയനിൽ മാത്രം 14.6 കോടി പ്രതിമാസ ഉപഭോക്താക്കളുണ്ടായിരുന്നു. ഫ്രാൻസിൽ മാത്രം ഇത് 2.7 കോടിയിലധികമാണ്. ടെമു ആകട്ടെ 11.6 കോടി സജീവ ഉപഭോക്താക്കളെയാണ് സ്വന്തമാക്കിയത്. ചൈനീസ് കമ്പനികളുടെ ഈ അനാരോഗ്യമായ വിപണി അധിനിവേശത്തെ തടയാൻ യൂറോപ്യൻ ഭരണകൂടങ്ങൾ ഇപ്പോൾ കടുത്ത നടപടികളിലേക്ക് നീങ്ങുകയാണ്. 150 യൂറോയ്ക്ക് താഴെയുള്ള ഇറക്കുമതി സാധനങ്ങൾക്കുള്ള നികുതി ഇളവുകൾ നീക്കം ചെയ്യാൻ ഫ്രാൻസ് നിയമനിർമാണം ആലോചിക്കുന്നുണ്ട്. കസ്റ്റംസ് ഡ്യൂട്ടി ഇളവുകൾ പൂർണമായും നിർത്തലാക്കാനുള്ള പദ്ധതി 2028-ൽ നിന്ന് 2026-ലേക്ക് യൂറോപ്യൻ കമ്മീഷൻ നേരത്തെയാക്കുകയും ചെയ്തു.

ഇലക്ട്രിക് വാഹന മേഖലയിലും ചൈനീസ് കടന്നുകയറ്റം യൂറോപ്പിനെ ഭയപ്പെടുത്തുന്നുണ്ട്. പ്രമുഖ ചൈനീസ് ഇവി നിർമാതാക്കളായ ബിവൈഡി 2025-ൽ യൂറോപ്പിൽ 80,800 വാഹനങ്ങളാണ് വിറ്റഴിച്ചത്. ഇത് തൊട്ടുമുൻപത്തെ വർഷത്തെ അപേക്ഷിച്ച് മൂന്നിരട്ടി കൂടുതലാണ്. ഹംഗറിയിൽ നിർമാണ ഫാക്ടറി സ്ഥാപിക്കുന്ന അവർ സ്പെയിനിലും തുർക്കിയിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ചൈനീസ് ബാറ്ററി ഭീമനായ സിഎടിഎൽ സ്റ്റെല്ലാന്റിസുമായി ചേർന്ന് സ്പെയിനിൽ 50 ജിഗാ വാട്ട് ശേഷിയുള്ള വമ്പൻ ഫാക്ടറിയാണ് നിർമിക്കുന്നത്. ഇത്തരം വൻകിട നിക്ഷേപങ്ങൾ തദ്ദേശീയമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെങ്കിലും, തങ്ങളുടെ വ്യവസായ പരമാധികാരവും സാങ്കേതിക സ്വാതന്ത്ര്യവും ചൈനീസ് കൈകളിൽ അകപ്പെടുമോ എന്ന ഭീതിയിലാണ് യൂറോപ്യൻ യൂണിയൻ. ഡിജിറ്റൽ മേഖലയിലും ചൈനീസ് കമ്പനികൾ യൂറോപ്യൻ ലോജിസ്റ്റിക്സ്, ഇ-ഗവേണൻസ് സംവിധാനങ്ങളിൽ ഓഹരികൾ വാങ്ങിക്കൂട്ടുന്നത് ഡാറ്റാ സുരക്ഷയ്ക്കും പരമാധികാരത്തിനും വലിയ ഭീഷണിയായാണ് വിലയിരുത്തപ്പെടുന്നത്.

## ഇൻഡോ-പസഫിക് യുഗത്തിലെ പുതിയ പങ്കാളിത്തം

ചൈനയോടുള്ള കടുത്ത പ്രതിരോധം മാത്രമല്ല ഭാരതത്തെ യൂറോപ്പിന് പ്രിയങ്കരമാക്കുന്നത് മറിച്ച് ഭാരതം ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ മൂല്യങ്ങളും ആഗോള സുസ്ഥിരതയുമാണ്. നിലവിലുള്ള അന്താരാഷ്ട്ര നിയമങ്ങളെയും ക്രമങ്ങളെയും തകർക്കാൻ ഭാരതം ഒരിക്കലും ശ്രമിക്കുന്നില്ല. ഭാരതത്തിന്റെ ഈ സവിശേഷതയെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ വ്യക്തമാക്കിയത് 'ഭാരതം പാശ്ചാത്യ വിരുദ്ധമല്ല, എന്നാൽ പാശ്ചാത്യ രാജ്യങ്ങളുടെ ഭാഗവുമല്ല' എന്നാണ്. പാശ്ചാത്യ ലോകത്തിന്റെ തകർച്ചയാണ് തങ്ങളുടെ വളർച്ച എന്ന് വിശ്വസിക്കുന്ന ചൈനയുടെ കടുത്ത നിലപാടുകളിൽ നിന്ന് ഭാരതത്തെ വേറിട്ടു നിർത്തുന്നത് ഈ തന്ത്രപരമായ പ്രായോഗികതയാണ്. ബ്രിക്സ് പോലുള്ള കൂട്ടായ്മകളിൽ അംഗമാണെങ്കിലും, അതിനെ ഒരു പാശ്ചാത്യവിരുദ്ധ വേദിയാക്കി മാറ്റാനുള്ള ചൈനയുടെ ശ്രമങ്ങളെ ഭാരതം എക്കാലത്തും ചെറുത്തിട്ടുണ്ട്. റഷ്യയുമായി ഭാരതം ചരിത്രപരമായ ബന്ധം പുലർത്തുമ്പോഴും, അതിനെ ഒരു സന്തുലിത നയതന്ത്രമായാണ് യൂറോപ്പ് നോക്കിക്കാണുന്നത്.

ഭാരതത്തിന്റെ സ്ഥിരതയാർന്ന സാമ്പത്തിക വളർച്ചയും യൂറോപ്യൻ ബിസിനസുകളെ ആകർഷിക്കുന്ന ഘടകമാണ്. 2025-ൽ



*യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ്, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്*


6.6 ശതമാനം ജിഡിപി വളർച്ച കൈവരിച്ച ഭാരതം 2026-ൽ 6.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ഉപഭോക്തൃ വിപണിയായി ഭാരതം മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനൊപ്പം വിഭാവനം ചെയ്തിട്ടുള്ള ഭാരത-മിഡിൽ ഈസ്റ്റ്-യൂറോപ്പ് ഇക്കണോമിക് കോറിഡോർ സംരംഭം ചൈനയുടെ വൺ ബെൽറ്റ് വൺ റോഡ് പദ്ധതിക്ക് ശക്തമായ ബദലാണ്. സുഗമമായ വ്യാപാരപാത ഒരുക്കുന്നതിനൊപ്പം തന്ത്രപ്രധാനമായ ചാനലുകളിലെ ചൈനീസ് സ്വാധീനം കുറയ്ക്കാനും ഇത് സഹായിക്കും. 2026 മേയ് മാസത്തിൽ നടന്ന യൂറോപ്യൻ സന്ദർശനവേളയിൽ ഉണ്ടായ സുപ്രധാന കരാറുകൾ ഭാരതത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നെതർലൻഡ്സിലെ പ്രമുഖ സെമികണ്ടക്ടർ കമ്പനിയായ എഎസ്എംഎല്ലുമായി ടാറ്റാ ഇലക്ട്രോണിക്സ് ഒപ്പുവെച്ച കരാർ ഭാരതത്തിന്റെ ചിപ്പ് നിർമാണ രംഗത്ത് വലിയ വിപ്ലവത്തിന് വഴിവെക്കും. സ്വീഡനിലെ ഗോഥെൻബർഗിൽ നടന്ന സിഇഒ റൗണ്ട് ടേബിളിൽ ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കാൻ തീരുമാനമായി. നോർവേയിൽ നടന്ന മൂന്നാമത് ഭാരതം-നോർഡിക് ഉച്ചകോടി ഹരിത ഊർജ സാങ്കേതികവിദ്യകളിലെ സഹകരണം ഉറപ്പാക്കി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനിയുമായി ഒപ്പുവെച്ച 'ജോയിന്റ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ 2025-2029' പ്രതിരോധ-വ്യാപാര മേഖലകളിൽ ഇരുരാജ്യങ്ങളെയും കൂടുതൽ അടുപ്പിച്ചു.

അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് ഭരണകൂടം ഉയർത്തുന്ന കടുത്ത വ്യാപാര വെല്ലുവിളികളും അനിശ്ചിതത്വങ്ങളും യൂറോപ്പിനെ മറ്റ് സുരക്ഷിത പങ്കാളികളെ തേടാൻ പ്രേരിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ജനാധിപത്യപരമായ അടിത്തറയുള്ള, വിശ്വസിക്കാൻ കൊള്ളുന്ന, സാങ്കേതിക ശേഷിയുള്ള ഭാരതത്തേക്കാൾ മികച്ചൊരു പങ്കാളി യൂറോപ്പിന് മുന്നിലില്ല. ഫ്രാൻസിന്റെ ദേശീയ ദിനമായ ബാസ്റ്റീൽ ദിനത്തിൽ മോദി മുഖ്യാതിഥിയായതും, 2024-ൽ പ്രസിഡന്റ് മാക്രോൺ ഭാരതത്തിന്റെ റിപ്പബ്ലിക് ദിനത്തിൽ പങ്കെടുത്തതും, തുടർന്ന് നടന്ന ഡൽഹി എഐ ആക്ഷൻ സമ്മേളനവുമെല്ലാം വളരുന്ന ഭാരതം-യൂറോപ്യൻ ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു. യൂറോപ്പ് ചൈനയുമായുള്ള വ്യാപാരം പൂർണമായി ഉപേക്ഷിക്കുകയാണെന്ന് ഇതിനർത്ഥമില്ല. എന്നാൽ, ചൈനീസ് വിപണിയിലെ അവിശ്വാസവും അധിനിവേശവും അവരെ പുതിയ വഴികൾ തേടാൻ പ്രേരിപ്പിക്കുന്നു. ഈ ഇൻഡോ-പസഫിക് യുഗത്തിൽ യൂറോപ്പിന്റെ ഏറ്റവും നിർണായകമായ തന്ത്രപ്രധാന പങ്കാളിയായി ഭാരതം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യൂറോപ്യൻ നയതന്ത്ര മുന്നേറ്റങ്ങൾ ഈ പുതിയ ഭൂരാഷ്ട്രീയ യാഥാർത്ഥ്യത്തിന്റെ നേർക്കാഴ്ചയാണ്.

■

## കാഴ്ചവട്ടം

■ മോഹൻദാസ്. കെ. 98957 16648



# അയ്യാ, ശരിക്കും ഇടിമിന്നൽ താനേ

അങ്ങനെ കാരണഭൂതൻ ഒരു കോലത്തിലായി. കടുത്ത പാർട്ടി അനുഭാവികൾ പോലും മേപ്പടിയാനായി ഒരു തുള്ളി കണ്ണീർ മാറ്റിവെച്ചില്ല. എന്നുമാത്രമല്ല, എതിർപാർട്ടിക്കാരെക്കാൾ വികാരാവേശത്തോടെ ഭർത്സനം കോരിച്ചൊരിയുകയും ചെയ്യുന്നു. മനുഷ്യന്റെ സാധാരണ വിചാരവിശേഷങ്ങളെ തരിമ്പും പരിഗണിക്കാത്ത ഹിറ്റ്ലേറിയൻ പേക്കൂത്ത് അധികാരലബ്ധിക്കാലത്ത് കാണിച്ചാൽ എങ്ങനെയിരിക്കും എന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണിത്. മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പ് വീഴാനും, രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റിക്കാനും കഴിയുന്ന ശക്തിയെ ദൈവമെന്ന് പണ്ടുള്ളവരും ജനാധിപത്യമെന്ന് ഇപ്പഴുള്ളവരും പറയുന്നു. ആ ജനാധിപത്യം പൂത്തുലയുമ്പോഴാണ് മാനവികതയുടെ സുഗമമായ പാത മുന്നിൽ തെളിയുന്നത്. വെളിച്ചത്തിലേക്ക് പോകുന്തോറും തെളിച്ചമുള്ള മനസ്സ് സജീവമാകും. ആ തെളിച്ചം ഒരു സമൂഹത്തെ മുന്നോട്ടു നയിക്കും.

ഏതായാലും കേരളത്തിന്റെ ഇനിയങ്ങോട്ടുള്ള യാത്രയിൽ ഈ തെളിച്ചം ഏതൊക്കെ തരത്തിൽ മൊത്തം സമൂഹത്തെ ബാധിക്കുമെന്നത് കാത്തിരുന്ന് കാണേണ്ടതാണ്. സാമൂഹിക രംഗത്ത് അനഭിലഷണീയമായ ചില സംഭവഗതികൾ ഉണ്ടായതിന്റെ പശ്ചാത്തലം അത്ര എളുപ്പത്തിൽ മറക്കാവതല്ല. നിക്ഷിപ്ത അജണ്ടയ്ക്കു ലഭ്യമായ മഹനീയ അവസരമാണ് ഇപ്പോഴത്തെ ഭരണമാറ്റം എന്നു വിശ്വസിച്ച് മനക്കണക്കു ചെയ്ത് ഉത്തരം തേടുന്നവർ കുറെയുണ്ട്. അവരുടെ രാഷ്ട്രീയ താൽപര്യത്തിന്റെ പിന്നാമ്പുറത്തേയ്ക്ക് വെറുതെയൊന്നു കണ്ണോടിച്ചാൽ വിഷലിപ്തമായ മനോനില മനസ്സിലാക്കാം. അന്താരാഷ്ട്ര മതലോബിയുടെ കൈകളിലൂടെ കേരളത്തിലെത്തുന്ന സാമ്പത്തികമുൾപ്പെടെയുള്ളവ ഞെട്ടിക്കുന്നതാണ്. അത്തരം ശക്തികൾക്ക് ഭരണത്തിന്റെ നിയന്ത്രണം കിട്ടിയാലത്തെ അവസ്ഥയെന്തായിരിക്കും? പറവൂർ സതീശന്റെ പുറമെ കാണപ്പെടുന്ന രൂപഭാവാദികളിൽ വലിയ സംശയമൊന്നും തോന്നില്ലെങ്കിലും കോൺഗ്രസ്സിന്റെ ജീൻ പാരമ്പര്യം അദ്ദേഹത്തിൽ രൂഢമൂലമായിട്ടുണ്ട്. അതുകൊണ്ടുതന്നെയാണല്ലോ തെരഞ്ഞെടുപ്പു വിജയത്തിന്റെ പശ്ചാത്തലത്തിൽ മലപ്പുറത്തും തൊടുപുഴയിലും നടന്ന ആട്ടിൻതല തൂക്കിയെടുത്തു നടത്തിയ പ്രകടനത്തെയും മുദ്രാവാക്യങ്ങളെയും കണ്ടില്ലെന്നു നടിച്ചത്. സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ഉദ്ഘോഷിക്കുന്ന കേരളത്തിൽ ആമസോൺ വനത്തിലെ മനുഷ്യരെപ്പോലെ ചില സംഘടനാ പ്രവർത്തകർക്ക് ഉറഞ്ഞുതുള്ളാൻ ആവേശം തോന്നിയത് എന്തുകൊണ്ടാണ്? 'കേരളം ഞങ്ങൾ ഭരിക്കും, നിയമം ഞങ്ങൾ പറയും പോലെ' എന്നു വിളിച്ചുകൂവാൻ തോന്നിയത് എന്തുകൊണ്ടാണ്?

വറചട്ടിയിൽ നിന്ന് അടുപ്പിലേക്ക് വീഴുന്ന രാഷ്ട്രീയ സാഹചര്യത്തിനാണ് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നതെന്നത് വെറുമൊരു ആശങ്കയല്ല. ദശവർഷക്കാലം ഭരണം പോയതിന്റെ സാമ്പത്തിക ഞെരുക്കം ഇല്ലാതാക്കാനുള്ള മാർഗം ഒരു ഭാഗത്ത്, തങ്ങളുടെ രാഷ്ട്രീയ-അജണ്ടാധിഷ്ഠിത നിലപാടുകൾ അടിച്ചേൽപിക്കാനുള്ള ധാർഷ്ട്യം മറുഭാഗത്ത്. ഈ ഇരുതലവാൾ കൈയിലെടുത്തുള്ള സംഘത്തിന്റെ താളത്തിന് തുള്ളാനേ പറവൂർ സതീശന് കഴിയുകയുള്ളൂ എന്ന് വ്യക്തം. വാരിക്കോരിയുള്ള വാഗ്ദാനങ്ങൾ നടപ്പാക്കലും അതിന് വേണ്ടതൊക്കെ സംഘടിപ്പിക്കലും കൂടിയാവുമ്പോൾ കാരണഭൂതന്റെ പാതയിൽ നിന്ന് വലിയ വ്യത്യാസം പ്രതീക്ഷിച്ചവർക്ക് നിരാശ തന്നെയാവും ഫലം.

...

ഏതായാലും മഴക്കാലം ആയല്ലോ. ഇക്കാലത്ത് ഏറ്റവും കൂടുതൽ ഭയക്കുന്നത് എന്താ? വെള്ളമൊരു ഭയകാരണമാണ്. അതിലുപരി ഇടിയും മിന്നലുമാണ് ഏറെ ഭയപ്പാടുണ്ടാക്കുന്നത്. കേരള രാഷ്ട്രീയത്തിൽ ഭയപ്പാടുണ്ടാക്കുന്ന ഭരണ സംവിധാനമാണ് വന്നിരിക്കുന്നതെന്ന അഭിപ്രായം ആർക്കെങ്കിലുമുണ്ടോ? കാരണഭൂതന്റെ പാർട്ടിക്കാർക്ക് സ്വാഭാവികമായും അതുണ്ടാവും. കാരണം പത്തു കൊല്ലത്തെ താണ്ഡവത്തിനിടയിൽ ചവിട്ടിമെതിച്ച സാധാരണക്കാരുടെ സ്വപ്നങ്ങൾക്ക് കൈയും കണക്കുമില്ലല്ലോ. അതിന്റെ കേളികൊട്ടിലേക്ക് പറവൂർ സതീശൻ കടന്നതായി കരക്കമ്പി എത്തിയിട്ടുമുണ്ട്. ഏതായാലും അപകടഭീതി ഇടിമിന്നലോളം ഭരണത്തിലുണ്ടാവില്ല എന്നൊരു വിശ്വാസം പരക്കെയുണ്ട്. പറവൂർ സതീശന്റെ അപദാനങ്ങൾ വോട്ടെടുപ്പിനു മുമ്പും പിമ്പും വാരിയെറിഞ്ഞ കോത്താഴം പത്രം ഒടുവിൽ നിലവിട്ട് മറന്ന് ഒരു ഭീഷണി ഉപമാനത്തിലേക്ക് ടി സംഗതി കൊണ്ടുവെച്ചു. വോട്ടെണ്ണി കാര്യങ്ങളൊക്കെ നേരെ ചൊവ്വെ പോവും കാലത്തിൽ മുഖ്യമന്ത്രിയെ തീരുമാനിക്കാനാകാതെ നേതൃത്വം തേരാപാരാ തേരോട്ടമായിരുന്നല്ലോ. ഇതിന്റെ ആധിയും വ്യാധിയും ഏറെ ബാധിച്ചത് കോത്താഴം പത്രത്തിനായിരുന്നു. തങ്ങൾ കരുതിവെച്ച ആളു തന്നെ മുഖ്യസ്ഥാനത്തെത്തില്ലേ എന്ന ആധിമൂത്ത് ഭാഷയെത്തന്നെ നെടുകെയും കുറുകെയും പിളർന്ന് അവർ വായനക്കാർക്ക് വെച്ചുവിളമ്പി. എരിവും പുളിയും ക്രമാതീതമായപ്പോൾ ഒളിഞ്ഞിരിക്കുന്ന അപകടം അറിയാതെ ഒരു ദിവസം വിളമ്പിയത് ഇങ്ങനെ: 'വിഡിമിന്നൽ'. ഇടിമിന്നൽ എന്നു കേൾക്കുമ്പോൾ പോലും ജനമനസ്സിൽ ഭീതി നിറയുമ്പോൾ പറവൂർ സതീശൻ അത്തരമൊരു നശീകരണ സാധ്യതയുള്ള ആളാണെന്നാണ് കോത്താഴം പത്രത്തിലെ പത്രാധിപ ശിങ്കങ്ങൾ പറയുന്നത്. ഏതു കാര്യത്തിലും തങ്ങൾ ഒരടി മുന്നിൽ എന്നാണല്ലോ മേപ്പടി പത്രത്തിന്റെ അഭിമാനവാക്യം. ഇനി വിശദീകരിച്ചാൽ കാരണഭൂതന്റെ പാർട്ടിക്കാരുടെയും അവരുടെ മനോനില വെച്ചുപുലർത്തുന്നവരുടെയും ഇടയിൽ പറവൂർ സതീശൻ മിന്നലായി മാറും എന്നുമാവാം. അർജുനൻ അമ്പ് എടുക്കുമ്പോൾ ഒന്ന്, തൊടുക്കുമ്പോൾ പത്ത്, കൊള്ളുമ്പോൾ ആയിരം എന്നാണല്ലോ. കോത്താഴം പത്രത്തിന്റെ കാര്യവും അങ്ങനെയാവാം അല്ലേ?

...

കാരണഭൂതൻ ലോകത്തിന്റെ വെളിച്ചമാണെന്ന് പറഞ്ഞുനടന്ന വിദ്വാന്മാരൊക്കെയും മേപ്പടിയാന്റെ ചോരയ്ക്കുവേണ്ടി ദാഹി

ക്കുന്ന അന്തരീക്ഷമാണുള്ളത്. പാർട്ടിയുടെ മിക്ക ജില്ലാ കമ്മിറ്റികളും ടിയാന്റെ മോന്തവെച്ചുള്ള പ്രചാരണം വൻ ആപത്താണ് വരുത്തിയതെന്ന് ധൈര്യസമേതം പറയുന്നു. ഇതിന്റെ അഞ്ചു ശതമാനം ആർജവം നേരത്തെ ഉണ്ടായിരുന്നെങ്കിൽ പരമദയനീയാവസ്ഥയിൽ നിന്ന് മാനമെങ്കിലും രക്ഷപ്പെടുമായിരുന്നു. ഇന്നിക്കാണും ലോകത്തിന് വെളിച്ചമായെന്ന് ചുവടുവെച്ച തിരുവാതിരക്കാർ ഇരുട്ടു എങ്ങനെ വന്നെന്ന് അറിഞ്ഞേയില്ല. പൂവും പുളകവുമായി രാജാധിരാജനെ എഴുന്നെള്ളിക്കുമ്പോൾ ഇങ്ങനെയൊരു സ്ഥിതിവിശേഷം പ്രതീക്ഷിച്ചതേയില്ല. പറഞ്ഞ വാക്കും നോക്കും തിരിഞ്ഞടിക്കുമ്പോൾ വാവിട്ടുകരയാൻ കാരണഭൂതൻ മാത്രം. പത്തുനാൽപതു വണ്ടിയും യുദ്ധസന്നാഹ സംവിധാനവുമായി കേരളരാജ്യത്തെ അമ്മാനമാടിയ ആധുനിക നീറോ പത്തുപൈസയ്ക്കു വിലയില്ലാതെ നടക്കുന്നതു കാണുമ്പോൾ ദൈവവും ജനാധിപത്യവും ഇത്തിരി പോലും ഇല്ലാതായിട്ടില്ല എന്ന വിശ്വാസം രൂഢമൂലമാവുന്നു. പറവൂർ സതീശൻ ഉൾപ്പെടെയുള്ള ഭരണസംഘം കാലത്തിന്റെ ഗതിവിഗതികൾ കണ്ട് കരുതലോടെ നീങ്ങിയാൽ അവർക്കു കൊള്ളാം. മനുഷ്യനെ കാണാത്ത ഭരണകൂടമാണ് ഏറ്റവും വലിയ മാഫിയ എന്ന് ലോകപ്രശസ്ത മനഃശാസ്ത്രജ്ഞൻ പറഞ്ഞത് വെറുതെയല്ല.

...

സൈക്കിൾ അഗർബത്തിയുടെ പരസ്യം ശ്രദ്ധിച്ചിട്ടില്ലേ? പ്രാർഥിക്കാൻ ഓരോരുത്തർക്കും ഓരോ കാരണമുണ്ടാവും എന്നൊരു വാചകം അതിലുണ്ട്. പ്രാർഥിക്കാൻ ഓരോ കാരണം അഗർബത്തി കത്തിക്കാൻ മാത്രമല്ലെന്നും പറയേണ്ടിവരും. വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ തന്നെ ഒരു വൈരുദ്ധ്യം ഒളിഞ്ഞു കിടക്കുന്നതിനാൽ പ്രത്യേകിച്ച് ഒന്നും പറയാനില്ല. എന്നാലും ഈ വൈരുദ്ധ്യക്കാർ അമ്പലത്തിൽ പോകുന്നതെന്തിനാവും. കാറിൽ ദീർഘയാത്ര പോകുമ്പോൾ ഒരമ്പലം കാണുന്നു. തൊട്ടടുത്ത് ഒരു ചായക്കടയും. ചായ കുടിച്ച് ഊർജം കിട്ടിയപ്പോൾ തൊട്ടടുത്ത വിശാലസ്ഥലത്ത് ഒന്ന് പോയിനോക്കാം എന്നൊരു ചിന്ത. തികച്ചും സ്വാഭാവികം.ഇതിലെന്താ ഇത്ര കാര്യമെന്നാണോ ചോദിച്ചുവരുന്നത്? എന്നാൽ കേട്ടോളിൻ:

കണ്ണൂരിലെ ജയരാജത്രയങ്ങളിൽ അഗ്രഗണ്യനെന്ന് സ്വയം കരുതുന്ന പി. ജയരാജൻ കൊടുങ്ങല്ലൂരിലെ കുറുംബ ക്ഷേത്രത്തിൽ വന്നു. ശ്രീകോവിലിലേക്കു ചൂണ്ടി 'അവിടെയാണോ നിങ്ങളുടെ ഭഗവതി ഇരിക്കുന്നത്' എന്നൊന്നും സംഗതിവശാൽ ചോദിച്ചില്ല. കൊച്ചിയിലേക്കു പോകുമ്പോൾ ചായ കുടിക്കാൻ നിർത്തിയപ്പോൾ ക്ഷേത്രദർശനം നടത്തിയതാണെന്നാണ് ടിയാൻ ഉവാച. ശരീരത്തിന് ഊർജം കൊടുത്തപ്പോൾ മനസ്സിനും ഇത്തിരി ആവാം എന്നു കരുതിക്കാണും. അമ്മാതിരിയൊരു പ്രതികരണമാണല്ലോ മാലോകരിൽ നിന്ന് കിട്ടിയത്. നേരെ ചൊവ്വേ ഭരിക്കാൻ കഴിയാത്തതിന് ദൈവങ്ങൾക്കൊന്നും ചെയ്യാനാവില്ലല്ലോ. ഭഗവാൻ കാലുമാറുന്നു എന്ന നാടകം നാട്ടിലാകെ കാണിക്കാൻ ഉത്സാഹിച്ച പാർട്ടി നേതാക്കന്മാർക്ക് ഇപ്പോൾ അതൊക്കെ അസ്ഥാനത്തായ ആവേശം എന്നു തോന്നുന്നുണ്ടാവും. അതിന്റെ പശ്ചാത്താപം ആരും കാണാതെ അമ്പലങ്ങളിലെത്തി ശയനപ്രദക്ഷിണം നടത്തിയാൽ തീരുമെങ്കിൽ നല്ലതല്ലേ? സർഫ് ഡിറ്റർജന്റ് പൗഡറിന്റെ പരസ്യത്തിലുമില്ലേ സമാനമായ ഒരു വാചകം. `കറ പറ്റിയാൽ അത് നല്ലതല്ലേ'. കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ ചാന്താട്ടം കഴിഞ്ഞ സമയത്താണ് ടിയാൻ വന്നത്. അതിനാൽ ദേവീ വിഗ്രഹത്തിൽ തിരുവാഭരണങ്ങൾ ചാർത്തിയിരുന്നില്ല. ഇതേക്കുറിച്ച് ചോദിച്ചു മനസ്സിലാക്കാനും അദ്യം സൗമനസ്യം കാണിച്ചു. നിത്യ നിഷേധി യഥാർഥ ഭക്തനാവുമെന്ന് കൃഷ്ണൻ അർജുനനോട് പറഞ്ഞത് ചില ടിയാന്മാർ ഇത്തരുണത്തിൽ ഓർക്കാൻ സാധ്യതയുണ്ട്. ഒരു പരാജയം എന്തെന്തൊക്കെ ക്രിയാത്മകവശങ്ങളാണ് നമുക്ക് തരുന്നത്, ല്ലേ?

...




*കാർട്ടൂൺ: മലയാള മനോരമ*

കോടതി വിധികളെ വല്ലാതെ സ്നേഹിച്ചു പോകുന്ന അവസരങ്ങളുണ്ട്. നിസ്സഹായരായ മനുഷ്യരുടെ അവസാനത്തെ അഭയകേന്ദ്രമെന്ന നിലയിൽ കോടതികളുടെ പ്രസക്തി വളരെയേറെയാണ്. ജനാധിപത്യ സംവിധാനത്തിൽ കോടതികളുടെ ഇടപെടൽ ഉണ്ടായിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു അവസ്ഥയെന്ന് ചിന്തിച്ചിട്ടുണ്ടോ? ഏതായാലും സുപ്രിം കോടതിയിൽ നിന്ന് അടുത്തിടെയുണ്ടായ വിധിയും പരാമർശങ്ങളും അതീവ ശ്രദ്ധയാകർഷിക്കുന്നതും സമൂഹത്തിന്റെ വളർച്ചയ്ക്കും സമാധാനത്തിനും ഏറെ പ്രധാനപ്പെട്ടതുമാണ്.

ശബരിമല കേസുമായി ബന്ധപ്പെട്ടാണ് ആദ്യത്തെ രണ്ട് പരാമർശങ്ങളെങ്കിൽ മൂന്നാമത്തേത് നേരിട്ട് സമൂഹത്തെ ബാധിക്കുന്നതാണ്. ശബരിമലയിൽ യുവതികളെ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ യങ് ലോയേഴ്സ് അസോസിയേഷൻ നൽകിയ പൊതുതാൽപര്യ ഹർജി അപ്പോൾ തന്നെ തള്ളേണ്ടതായിരുന്നുവെന്നു ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞതാണ് ആദ്യത്തേത്. പത്രവാർത്തകളുടെ അടിസ്ഥാനത്തിലായിരുന്നു ഹർജി. ഒമ്പതംഗ ഭരണഘടനാ ബെഞ്ച് ചോദിച്ചു: ആ ഹർജി കൊണ്ട് എന്തുനേട്ടമുണ്ടായി? അസോസിയേഷൻ രാജ്യത്തിന്റെ മുഖ്യപുരോഹിതനാണോ? പ്രത്യേക ന്യായവാദങ്ങളും രേഖയുമില്ലാതെ പത്രവാർത്തകളുടെ അടിസ്ഥാനത്തിലുള്ള പൊതു താൽപര്യ ഹർജികൾ കോടതി നടപടികളുടെ ദുരുപയോഗമാണെന്നും കോടതി നിരീക്ഷിച്ചു. അഭിമാനാർഹമായ നിരീക്ഷണം.

സാമൂഹിക പരിഷ്കരണത്തിന്റെ പേരിൽ മത ഉന്മൂലനം സാധ്യമല്ലെന്നു സുപ്രീം കോടതി ചൂണ്ടിക്കാട്ടിയതാണ് മറ്റൊന്ന്. ശബരിമല വിഷയത്തെ മുൻനിർത്തി കാലാകാലങ്ങളായി നിലനിൽക്കുന്ന ആചാരങ്ങളെയും ചടങ്ങുകളെയും തകിടം മറിക്കുന്ന പ്രവണതകൾക്കെതിരെയുള്ള ചാട്ടുളിയായി കോടതിയുടെ നിരീക്ഷണം. സമൂഹത്തിനു നേരെയുള്ള ഏറ്റവും വലിയ ഭീഷണിയായ തെരുവുനായ ശല്യത്തിനെതിരെയുള്ള സുപ്രധാന വിധിയാണ് മറ്റൊന്ന്. പേവിഷ ബാധയേറ്റതും അപകടകാരികളുമായ നായ്ക്കളെ കൊല്ലാൻ ദയാമരണവും ഉപയോഗപ്പെടുത്താമെന്നതാണ് വിധി. മൃഗസ്നേഹത്തിന്റെ മറവിലെ നിക്ഷിപ്ത താൽപര്യങ്ങളെ കോടതി ശരിക്കും പൊളിച്ചടുക്കി. തെരുവുനായ ശല്യം സംബന്ധിച്ചു സ്വമേധയാ പരിഗണിച്ച കേസിലായിരുന്നു മൂന്നംഗ ബെഞ്ചിന്റെ വിധിയെന്നതാണ് പരമപ്രധാനമായത്. സമൂഹത്തോടുള്ള ബഹുമാന്യ ന്യായാലയത്തിന്റെ ഉത്തരവാദിത്തം ഇതിൽ നിന്ന് വ്യക്തം.

■

CRITICS online





## അതിശയം തന്നെ

**ആനന്ദ് രംഗനാഥൻ**

യോഗി ആദിത്യനാഥിന്റെ ഭരണത്തിന് തൊട്ടുമുമ്പുള്ള ദശകത്തിൽ, യുപിയിൽ 47,509 പേർക്ക് മസ്തിഷ്കജ്വരം ബാധിച്ചു, ഇത് 8,373 ശിശുമരണങ്ങളിലേക്ക് നയിച്ചു.

34 ദശലക്ഷം വാക്സിനേഷനുകളും 21 ദശലക്ഷം ടാപ്പ് വാട്ടർ കണക്ഷനുകളും എടുത്തതിനുശേഷം, തുടർച്ചയായി രണ്ട് വർഷത്തിലേറെയായി യുപിയിൽ ഒരു മരണവും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന വാർത്ത വരുന്നു. അതിശയിപ്പിക്കുന്നതാണ്.




## നിങ്ങളെ കൊണ്ടൊന്നും കൂട്ടിയാൽ കൂടില്ല

**ജിതിൻ കെ. ജേക്കബ്**

ആർഎസ്എസ് പരിപാടിയിൽ കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസിലർമാർ പങ്കെടുത്തതിന്റെ പേരിൽ മോങ്ങുന്നതിന് പകരം, എന്തുകൊണ്ടാണ് വൈസ് ചാൻസിലർമാരും, ശാസ്ത്രജ്ഞരും, ഉന്നത ബ്യൂറോക്രാറ്റുകളും, ബിസിനസുകാരും, ഡോക്ടർമാരും, ഐടി പ്രൊഫഷണൽസും, സുപ്രീം കോടതി അഭിഭാഷകരും, സാമ്പത്തീക വിദഗ്ധരും, റിട്ടയർ ആയ ഉന്നത സൈനിക ഉദ്യോഗസ്ഥരും ഒക്കെ ആർഎസ്എസ് കാർ ആയി മാറുന്നത് എന്നതാണ് ചിന്തിക്കേണ്ടത്.

ഇന്ത്യൻ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്ന് തുടങ്ങി ഇന്ത്യയിലെ 17 ഓളം സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ വരെ ആർഎസ്എസ് കാർ ആണ്. അതായത് ഇന്ത്യൻ ഭരണം നിയന്ത്രിക്കുന്നത് ആർഎസ്എസ് കാർ ആണ്.

ഇനിയിപ്പോൾ കേന്ദ്രത്തിൽ ബിജെപി ഭരണം പോയാലും ആർഎസ്എസ് പ്രത്യയശാസ്ത്രം തന്നെ ആയിരിക്കും കുറഞ്ഞത് അടുത്ത 50 വർഷം എങ്കിലും ഇന്ത്യ പിന്തുടരുക. അത്രമേൽ ആഴത്തിൽ സംഘപരിവാർ പ്രത്യയശാസ്ത്രം ഇന്ത്യയിൽ വേരൂന്നിയിട്ടുണ്ട്.

ആരെങ്കിലും കണ്ടിട്ടുണ്ടോ ഒരു ആർഎസ്എസ് ഓഫീസ്? മോഹൻ ഭഗവതിനെ അല്ലാതെ ഏതെങ്കിലും ആർഎസ്എസ് നേതാവിന്റെ പേര് ആർക്കെങ്കിലും അറിയാമോ? ആർഎസ്എസ് കാർ നടത്തുന്ന സമരം, പ്രക്ഷോഭം ഇതൊക്കെ ആരെങ്കിലും കണ്ടിട്ടുണ്ടോ? കേരളത്തിൽ 5000ത്തിൽ അധികം ആർഎസ്എസ് ശാഖാകൾ ഉണ്ടെന്ന് പറയുമ്പോൾ, ആരെങ്കിലും കണ്ടിട്ടുണ്ടോ അതിൽ ഒരെണ്ണം എങ്കിലും?

ആരും ഒന്നും കണ്ടിട്ടില്ല, കേട്ടിട്ടില്ല, പക്ഷെ ആർഎസ്എസ് എല്ലായിടത്തും ഉണ്ട് താനും. സർവവ്യാപി ആയി ആർഎസ്എസ് ഇന്ത്യയിലെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ ഒരു നൂറ്റാണ്ടായി പ്രവർത്തിക്കുന്നു. അധികാരം ഒക്കെ ഈ അടുത്ത കാലത്ത് അല്ലേ ലഭിച്ചത്, അതിന് മുൻപും ഇവിടെ ആർഎസ്എസ് ഉണ്ടായിരുന്നു.

ആർഎസ്എസ് ൽ ചേരാൻ മെമ്പർഷിപ് ക്യാമ്പയിൻ ഒന്നും നടക്കുന്നില്ല, അതിൽ അംഗങ്ങൾ ആയാൽ സാമ്പത്തിക നേട്ടമോ, പദവികളോ ഒന്നും ലഭിക്കുകയുമില്ല. കൃത്യമായ അച്ചടക്കവും, സംഘടന തത്വങ്ങളും പാലിച്ചു മുന്നോട്ട് പോകണം.

ട്രെയിനിലെ ജനറൽ കമ്പാർട്ട്മെന്റുകളിൽ യാത്ര ചെയ്തും, പ്രവർത്തകരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിച്ചും, ഉറങ്ങിയും, അധികാരത്തിന്റെ ഒരു ശ്രേണിയിലും പങ്ക് പറ്റാതെ, ഒന്നും തിരിച്ചു പ്രതീക്ഷിക്കാതെ നിസ്വാർത്ഥ സേവനം നടത്തുന്ന ലക്ഷക്കണക്കിന് സ്വയംസേവകർ ഇന്ത്യയിലുണ്ട്.

ഇതൊക്കെ ആയിട്ടും ആർഎസ്എസിലോട്ട് സമൂഹത്തിന്റെ എല്ലാ മേഖലയിൽ നിന്നുമുള്ള ആളുകൾ ആകർഷിക്കപ്പെടുന്നു എങ്കിൽ, അത് എന്തുകൊണ്ടാണ് എന്നാണ് നിങ്ങൾ അന്വേഷിക്കേണ്ടത്. ബിജെപിക്ക് കേന്ദ്രഭരണം പോയാലും ആർഎസ്എസ് ഇവിടെ ഉണ്ടാകും. നൂറു വർഷമായി രാജ്യ സേവനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ അടിവേരുകൾ നിങ്ങൾക്ക്

സങ്കൽപ്പിക്കാൻ പോലും പറ്റാത്ത അത്ര ആഴത്തിൽ വളർന്നു കഴിഞ്ഞു. അതിന്റെ പേരിൽ വെല്ലുവിളിയോ, അഹങ്കാരമോ ഒന്നും ആരും പ്രതീക്ഷിക്കേണ്ട.

നിങ്ങൾ കിടന്ന് കുരച്ചാൽ ഒന്നും അവർ മൈൻഡ് ചെയ്യുക പോലുമില്ല. അവരുടെ രീതി അങ്ങനെ അല്ല. അവർ അവരുടെ പ്രത്യയശാത്രം മുറുകെ പിടിച്ച് മുന്നോട്ട് പോകുന്നു.

നിങ്ങളെ കൊണ്ടൊന്നും കൂട്ടിയാൽ കൂടില്ല സതീശൻ ജി. ചില ആളുകളെ താൽക്കാലികമായി സുഖിപ്പിച്ചു നിർത്താം എന്ന് മാത്രം. അപ്പോൾ മോങ്ങേണ്ടവർക്ക് മാറിയിരുന്നു മോങ്ങാം. പക്ഷെ പ്രതികരണം എന്തെങ്കിലും ഉണ്ടാകും എന്ന് കരുതേണ്ട എന്ന് മാത്രം.




## ബംഗ്ലാദേശിന്റെ മണ്ണിൽ ജയ് ശ്രീറാം

**പത്മമോഹൻ മോഹൻ**

"രാമനെ അധിക്ഷേപിച്ച ബംഗ്ലാദേശിന്റെ മണ്ണിൽ ജയ് ശ്രീറാം മുഴക്കി ഹിന്ദുക്കൾ. രാജ്യത്തെ 64 ജില്ലകളിലും രാമക്ഷേത്രങ്ങൾ നിർമിക്കും. ശ്രീരാമനെ അധിക്ഷേപിച്ചവരെ 72 മണിക്കൂറിനുള്ളിൽ അറസ്റ്റ് ചെയ്തില്ലെങ്കിൽ രാജ്യവ്യാപകമായി പ്രതിഷേധം. ജയ് ശ്രീറാം"

ബംഗാളിലെ ഭരണമാറ്റം ബംഗ്ലാദേശിലെ ഹിന്ദുക്കൾക്ക് വല്ലാത്തൊരു ഊർജമാണ് നൽകിയത്!

രംഗ്പൂരിൽ നിർമിക്കാനിരുന്ന ഏറ്റവും ഉയരം കൂടിയ ശ്രീരാമ പ്രതിമക്കെതിരായ പ്രതിഷേധങ്ങൾക്കിടെ ശ്രീരാമന്റെ ചിത്രം അവഹേളിക്കപ്പെട്ടുവെന്നാരോപിച്ച് വിവാദം ശക്തമായി. ഇതിനെ തുടർന്ന് പ്രതിമയുടെ നിർമാണം താൽക്കാലികമായി നിർത്തിവെച്ചതോടെ, ആയിരക്കണക്കിന് ഹിന്ദുക്കൾ ധാക്കയിൽ പന്തംകൊളുത്തി പ്രകടനം നടത്തി.

'ജയ് ശ്രീറാം' മുദ്രാവാക്യങ്ങളുമായി തെരുവിലിറങ്ങിയിരിക്കുകയാണ് പ്രതിഷേധക്കാർ!



ഇവിടെ എന്തെങ്കിലും ഒരു പ്രശ്നം ഉണ്ടായാൽ ഉടൻ ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന എന്ന് നിലവിളിക്കുന്നവർ ബംഗ്ലാദേശിലെ ഒരു പ്രശ്നവും കണ്ടില്ല എന്ന് നടിക്കുകയാണ്.. സത്യത്തിൽ ഭാരതത്തിൽ മാത്രമാണ് ന്യൂനപക്ഷങ്ങൾ ഏറ്റവും സുരക്ഷിതമായി കഴിയുന്നത്. അതിന് കാരണം ഇവിടെ ഭൂരിപക്ഷം ഹിന്ദുമത വിശ്വാസികൾ ആയതുകൊണ്ടാണ്. മറ്റു രാജ്യങ്ങളിൽ ഇവിടുത്തെ ന്യൂനപക്ഷം ഭൂരിപക്ഷം ആവുകയും ഇവിടുത്തെ ഭൂരിപക്ഷം ആൾക്കാർ അവിടെ ന്യൂനപക്ഷം ആവുകയും ചെയ്യുമ്പോൾ എന്താണ് സംഭവിക്കുന്നത് എന്നുള്ളതിന്റെ യാഥാർത്ഥ്യമാണ് നമ്മുടെ അയൽ രാജ്യങ്ങളിൽ നിന്നും നമ്മൾ കാണുന്നത്




## നിന്നേക്കാൾ ഓണം ഉണ്ടവരുണ്ട് മക്കളെ...

**പ്രേം ശൈലേഷ്**

സിജെപി ഇന്ന് ജന്തർ മന്ദറിൽ നടത്തിയ പ്രക്ഷോഭ പരിപാടികളിൽ ഈ ഫോട്ടോ എടുക്കുന്ന സ്ത്രീയെ ഒന്ന് ശ്രദ്ധിച്ചേക്കൂ.

ഇവരാണ് ഹന്നാ എലീസ് പീറ്റർ.

ആഗോളതലത്തിലെ അറിയപ്പെടുന്ന കൊടികുത്തിയ ഇന്ത്യാവിരുദ്ധയായ മാപ്രയാണ് ഇവർ. അന്താരാഷ്ട്ര മാധ്യമമായ ഗാർഡിയനിൽ പ്രവർത്തിക്കുന്ന ഇവരെ നിങ്ങൾ അറിയും. 2021ലെ കുംഭമേളയാണ് കോവിഡ് കേസുകൾ വർദ്ധിപ്പിച്ച 'സൂപ്പർ സ്പ്രെഡർ' എന്ന് നരേറ്റീവ് ഇറക്കിയ മാപ്ര ഇവരാണ്. അന്നത് വിശ്വസിച്ച് ഇന്ത്യയിലെ പല മാധ്യമങ്ങളും അത് ഏറ്റുപിടിച്ച് ഹിന്ദുക്കളുടെ മെക്കിട്ട് കയറിയിരുന്നു.

അത് മാത്രമല്ല, കശ്മീർ വിഷയത്തിൽ വിഘടനവാദികൾക്ക് പിന്തുണയും സിഎഎ വിരുദ്ധ സമരത്തിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിൽ നടന്ന കലാപത്തിനെ വെള്ളപൂശുകയും ചെയ്തവരാണ് ഇവർ. പക്ഷേ ഇവരെ വ്യത്യസ്തമാക്കുന്നത് ഇതൊന്നുമല്ല.

ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിലെല്ലാം ജെൻസി ക.ലാ.പങ്ങൾ നടന്ന് ഭരണമാറ്റം ഉണ്ടായപ്പോഴൊക്കെ ആ രാജ്യങ്ങളിൽ ഹന്ന ഉണ്ടായിരുന്നു, റിപ്പോർട്ടറായി. അതെല്ലാം റിപ്പോർട്ട് ചെയ്ത് ആഗോളതലത്തിൽ ഗാർഡിയന് വേണ്ടി നൽകിയത് ഹന്നയാണ്.

ഈ പ്രക്ഷോഭങ്ങളെയെല്ലാം ആഗോളതലത്തിൽ ജനാധിപത്യത്തിന്റെ സ്വാഭാവികമായ പ്രതിഷേധമെന്ന മട്ടിൽ ന്യായീകരിച്ച് അതിനെയെല്ലാം വെളുപ്പിച്ച് വരുന്ന പണിയായിരുന്നു ഇവർക്ക് ഉണ്ടായിരുന്നത്. അത് പോലെയൊരു ഭരണമാറ്റം ഒക്കെ പ്രതീക്ഷിച്ചാണ് ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇവർ പാറ്റകളുടെ വിപ്ലവത്തിന്റെ കവറേജെടുക്കാൻ പ്രതിഷേധം നടക്കുന്ന സ്ഥലത്ത് എത്തിയത്.

ഇന്നലെ ഞാനെഴുതിയ പോസ്റ്റിൽ ആഗോളതലത്തിൽ എങ്ങനെയാണ് മോദിക്കെതിരെ ഇന്ത്യക്കകത്ത് ഒരു നീക്കം പ്ലാൻ ചെയ്യുന്നതിന് വേണ്ടി മാധ്യമങ്ങൾ പണിയെടുക്കുന്നത്



എന്ന് വിശദീകരിച്ചിരുന്നു. അങ്ങനെയുള്ള നീക്കങ്ങൾക്കെല്ലാം ഒരു ക്രെഡിബിലിറ്റി കൊണ്ട് വരുന്ന പണിയായിരുന്നു ഇവരുടെതൊക്കെ.

പക്ഷേ നാല് കാര്യങ്ങളിൽ അവർക്ക് തെറ്റിപ്പോയി.

ഒന്ന്, ഇന്ത്യ ബംഗ്ലാദേശോ നേപ്പാളോ ശ്രീലങ്കയോ അല്ല. രണ്ട് ഇന്ത്യയിലെ ജെൻസികൾ ബംഗ്ലാദേശികളോ നേപ്പാളികളോ ലങ്കക്കാരോ അല്ല. മൂന്ന് മോദി ഹസീനയോ ഒലി ശർമയോ രാജപക്ഷയോ അല്ല. നാല് ഡൽഹി പോലീസ് ബംഗ്ലാദേശ് സൈന്യമോ നേപ്പാൾ പൊലീസോ ശ്രീലങ്കൻ സൈന്യമോ അല്ല.

പതിവിനു വിപരീതമായി ചോദിച്ച ഉടൻ തന്നെ പാറ്റകളോട് പ്രതിഷേധിച്ചോ എന്ന് പറഞ്ഞ് അനുമതി നൽകിയ ഡൽഹി പോലീസ് തുടക്കത്തിൽ തന്നെ പാറ്റ കോമാളികൾക്ക് നല്ലൊരു ചെക്ക് വെച്ചു. പ്രതിഷേധം നിഷേധിച്ചാൽ അതിന്റെ പേരിൽ ഇറക്കാനുള്ള വിക്റ്റിം കാർഡെല്ലാം വെള്ളത്തിലായി. ഹന്നയ്ക്ക് അത് വിഷമവും ആയി കാണും.

കേരളത്തിലെ ഒരു ബീവറേജിൽ പോലും പാറ്റകളുടെ ഈ പ്രതിഷേധത്തിനേക്കാൾ കൂടുതൽ ആളുകൾ ഉണ്ടാകും എന്ന തിരിച്ചറിവിന്റെ കനത്ത ഭാരത്തോടെയായിരിക്കും ഹന്ന ഡൽഹിയിലെ തന്റെ പ്രവർത്തന കേന്ദ്രത്തിലേക്ക് മടങ്ങിയിരിക്കുക.

പോകുമ്പോൾ പാറ്റ കോമാളികളോട് അവർ പറഞ്ഞിട്ടുണ്ടാകും;

'നിന്നെയൊക്കെക്കാൾ കൂടുതൽ ഓണം ഉണ്ടവരുണ്ട് മക്കളെ. അവർ ഇലയിടുന്നത് പക്ഷേ ഇൻസ്റ്റഗ്രാമിലെ ഫോളോവേഴ്സ് ലിസ്റ്റ് നോക്കിയല്ല.'




## അറസ്റ്റിനും വേണം മിനിമം യോഗ്യത!

**രഞ്ജിത് രവീന്ദ്രൻ**


ഇവന്റെ അവസ്ഥ കുറെ ദിവസമായി ഇതാണ്. എങ്ങനേലും ഒന്ന് അറസ്റ്റ് ചെയ്തു കിട്ടിയാൽ ഈ കഷ്ടപ്പാട് ഒഴിവാക്കാം എന്നതാണ് പ്ലാൻ. സത്യത്തിൽ ഇവൻ ആദ്യ ദിവസം എയർപോർട്ടിൽ വന്നിറങ്ങിയത് തന്നെ അവിടുന്ന് അറസ്റ്റ് ചെയ്യപ്പെടും




എന്ന് കരുതിയാണ്. ഈ ഒരു കണക്കുകൂട്ടലിൽ അവന്മാർ പെർമിഷൻ പോലും എടുത്തിരുന്നില്ല.

ഇവൻ തന്നെ ഇന്റർവ്യൂവിൽ അത്ഭുതപ്പെടുന്നുണ്ട് അറസ്റ്റ് ചെയ്യപ്പെടാതിരുന്നതിനെ പറ്റി. അവസാനം ഇന്നലത്തെ പ്രധാന പ്രചാരണം ഇവനെ ഇന്നലെ അറസ്റ്റ് ചെയ്യും എന്നായിരുന്നു. മനോരമയൊക്കെ ന്യൂസ് കൊടുത്തത് 'അഭിജിത്ത് ഡിപ്കെ അറസ്റ്റ് ചെയ്യപ്പെടാൻ സാധ്യതയുണ്ട്' എന്നായിരുന്നു.

അറസ്റ്റ് ചെയ്യപ്പെടാനും വേണം ഒരു മിനിമം യോഗ്യതയൊക്കെ.




## ജനനായകൻ തന്നെ മാതൃക

**സനിഷ് കോമ്പറമ്പിൽ**

ആദ്യം സ്വയം പ്രവർത്തിച്ചു മാതൃക കാട്ടണം ജനങ്ങളെ. അങ്ങനെ ആണ് ജനനായകന്മാർ ആകാൻ സാധിക്കുന്നത്. അങ്ങനെ തന്നെ ആണ് ഭാരതീയരുടെ മനസ്സിൽ ആ സ്ഥാനം മോദിജി നേടിയെടുത്തിട്ടുള്ളത്. ഈ രാജ്യവും ഇവിടുത്തെ ജനങ്ങളും ആണ് വലുത്. അവരുടെ പ്രധാന സേവകൻ ആണെന്ന് അദ്ദേഹം എപ്പോഴും ഓർമപ്പെടുത്താറും ഉണ്ട്. അപ്പോൾ അവർക്ക് വേണ്ടി നൽകുന്ന സമയവും പ്രധാന സേവകന്റെ ഒരു കർത്തവ്യം ആണ്.

സമയം: ഉച്ചയ്ക്ക് 1:15. സ്ഥലം: ഡൽഹി വിമാനത്താവളം. രംഗം: കൊൽക്കത്തയിലെ പരിപാടി അവസാനിപ്പിച്ചശേഷം പ്രധാനമന്ത്രി മോദി 1:15 ന് വിമാനത്താവളത്തിൽ എത്തുന്നു. എസ്പിജി ടീം: 'സർ, കാർ തയ്യാറാണ്, നമ്മൾ സേവാ തീർത്ഥത്തിലേക്ക് പോകുന്നതിന്'

പ്രധാനമന്ത്രി മോദി: 'വേണ്ട, എന്റെ വഴിയിലുള്ള എല്ലാ എസ്പിജി ബ്ലോക്കുകളും മാറ്റാൻ ടീമിനോട് ആവശ്യപ്പെടുക, നമ്മുടെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഉച്ചയ്ക്ക് 2 മണിക്ക് പരീക്ഷയുണ്ട്. എന്റെ വാഹനവ്യൂഹം കാരണം വിദ്യാർത്ഥികൾക്കും കുടുംബത്തിനും ഒരു പ്രശ്നവും നേരിടേണ്ടിവരരുത്. നീറ്റ് പരീക്ഷ ആരംഭിച്ചാലുടൻ നമ്മൾ വിമാനത്താവളം വിടും'.


എസ്പിജി ടീം: ശരി സർ, എല്ലാ റൂട്ടുകളും ക്ലിയർ ചെയ്തു. ഇന്നത്തെ നീറ്റ് പരീക്ഷയിൽ ഒരു റൂട്ടും അടച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി മോദി ഉറപ്പാക്കിയത് അങ്ങനെയാണ്.

ജനനായകൻ പ്രധാനസേവകൻ. നരേന്ദ്ര ദാമോദർദാസ് മോദി

■

ദേശീയതയുടെ രാഷ്ട്രീയം കേരളത്തിൽ ഭാഗം 2, അദ്ധ്യായം 16

■പി. നാരായണൻ 94479 51656



# സംസ്ഥാന സമ്മേളനങ്ങൾ


ബിജെപിയുടെ രണ്ടാം സമ്പൂർണ സംസ്ഥാന സമ്മേളനം 1988 ഒക്ടോബർ 26 മുതൽ 31 വരെ കോഴിക്കോട് നടന്നു. സംസ്ഥാന പ്രതിനിധി സഭ പന്നിയങ്കര നവോദയ നഗറിലാണ് സമ്മേളിച്ചത്. പ്രതിനിധി സമ്മേളനം എൽ.കെ. അദ്വാനി ഉദ്ഘാടനം ചെയ്തു. രാജമാതാ വിജയരാജേ സിന്ധ്യ, എൽ.കെ. അദ്വാനി, ഒ. രാജഗോപാൽ എന്നിവർക്കു പുറമെ, പി. പരമേശ്വരനും സഭയെ അഭിസംബോധന ചെയ്തിരുന്നു. സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രകടനവും പൊതുയോഗവും 20 വർഷങ്ങൾക്കുമുമ്പു നടന്ന ഭാരതീയ ജനസംഘം വാർഷികത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു. സംസ്ഥാനം നേരിട്ടുകൊണ്ടിരുന്ന രാഷ്ട്രീയവും, സാമൂഹ്യവും, സാമ്പത്തികവുമായ പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുന്നതായിരുന്നു. രാമൻപിള്ളയുടെ അദ്ധ്യക്ഷപ്രസംഗം, 'കേരളത്തിനാവശ്യം പുതിയ നേതൃത്വവും. പുതിയ പരിപാടിയും ചലനാത്മകമായ പ്രവർത്തനശൈലിയുമാണ്. അതുനൽകാൻ കഴിവുള്ളത് ഭാരതീയ ജനതാപാർട്ടിക്കുമാത്രമാണ്. നിസ്സാര പ്രശ്നങ്ങൾ കുത്തിപ്പൊക്കി രാജ്യത്തിന്റെയും ജനങ്ങളുടെയും ഐക്യവും പുരോഗതിയും തകരാറിലാക്കാൻ ശ്രമിക്കുന്ന ശിഥിലീകരണ ശക്തികളുടെ കൈയിൽ ഉപകരണമാകാതിരിക്കാൻ ഓരോ പൗരനും ശ്രദ്ധിക്കണം. ഭാവാത്മകമായ സർവമത സമഭാവനയുടെയും ദേശീയതയുടെയും ദേശീയൈക്യത്തിന്റെയും ജനാധിപത്യത്തിന്റെയും ഗാന്ധിയൻ സാമ്പത്തിക സമീപനത്തിന്റെയും സർവോപരി മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെയും സന്ദേശവുമായി ഭാരതീയ ജനതാപാർട്ടി എളിയതെങ്കിലും, മഹത്തും, ചരിത്രപ ധാനവുമായ പങ്കു നിർവഹിക്കാൻ സന്നദ്ധമായിരിക്കുന്നു.....' എന്ന പ്രഖ്യാപനത്തോടെ അധ്യക്ഷപ്രസംഗം പരിവർത്തനത്തിന്റെ ശംഖനാദം മുഴക്കി. ആസന്നമായ ലോകസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് നല്ല പ്രകടനം കാഴ്ചവെയ്ക്കാനാവുമെന്ന പ്രതീക്ഷ കോഴിക്കോട് സമ്മേളനം ഉയർത്തി.

ഗുരുവായൂർ ക്ഷേത്ര വിമോചന സമരത്തിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി സർക്കാരാഫീസുകൾ പിക്കറ്റു ചെയ്യുന്ന പരിപാടി നവംബർ 15 ന് നടന്നു. സംഘപരിവാർ നേതാക്കളെല്ലാം പരിപാടിയിൽ പങ്കെടുത്ത് അറസ്റ്റുവരിച്ചു. സംസ്ഥാനത്തൊട്ടാകെ ഒന്നരലക്ഷംപേർ അറസ്റ്റുവരിച്ചു. ഗുരുവായൂരിലെ കർമ്മസമിതി കാര്യാലയം പോലീസ് റെയ്ഡുചെയ്തു. അതിന്റെ മുന്നിൽവെച്ചിരുന്ന ഭണ്ഡാരം എടുത്തുകൊണ്ടുപോയതിൽ പ്രതിഷേധിക്കാൻ പി.ഡി. പുരുഷോത്തമൻ, ടി.പി. വിനോദിനിയമ്മ, രാധാ ബാലകൃഷ്ണൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ 5000ൽപരം പേർ പ്രകടനം നടത്തി. ഭണ്ഡാരം തിരിച്ചുകൊടുക്കാൻ ദേവസ്വം പ്രസിഡന്റ് എൻ. ബാലചന്ദ്രൻ പോലീസിനോടാവശ്യപ്പെട്ടു.

കോഴിക്കോട് സമ്മേളനത്തിൽ എടുത്ത തീരുമാനമനുസരിച്ച് കേന്ദ്രത്തിലെ രാജീവ്ഗാന്ധി സർക്കാറിനും, കേരളത്തിലെ ഇടതുഭരണത്തിനുമെതിരായി എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ജനകീയ കോടതികളിൽ കുറ്റവിചാരണ ചെയ്യുക എന്ന നൂതനമായ സമരപരിപാടി ആസൂത്രണം ചെയ്യപ്പെട്ടു. ഒക്ടോബർ ആദ്യം അഹമ്മദാബാദിൽ ചേർന്ന ദേശീയ സമിതി കേന്ദ്രസർക്കാരിന്റെ അഴിമതിക്കെതിരെ പ്രതിപക്ഷങ്ങൾ ഒരുമിച്ച് സമരം ചെയ്യാൻ ആഹ്വാനം നൽകിയിരുന്നു. കേരള സർക്കാരിന്റെ വർഗീയപ്രീണനം, ഹിന്ദുവിരോധം എന്നിവയെ മുഖ്യമായി കണ്ടുകൊണ്ട് തയ്യാറാക്കിയ കുറ്റപത്രത്തിൽ സംസ്ഥാനം നേരിടുന്ന ദുരിതങ്ങൾക്ക് ഒന്നാം പ്രതി കോൺഗ്രസും രണ്ടാംപ്രതി മാർക്സിസ്റ്റു പാർട്ടിയുമാണെന്ന് സമർത്ഥിക്കുന്നു. വർഗീയത വളർത്തുന്നതിലും അഴിമതി പെരുകുന്നതിലും ജനാധിപത്യധ്വംസനത്തിലും തൊഴിലില്ലായ്മ രൂക്ഷമായതിലും വിലക്കയറ്റും ദുസ്സഹമായതിലും സാമുദായിക സൗഹാർദ്ദം തകർത്തതിലും കുത്തക മുതലാളിത്തത്തെ പ്രോ ത്സാഹിപ്പിച്ചതിലും കോൺഗ്രസും കമ്യൂണിസ്റ്റുകളും എങ്ങിനെ ഒന്നിനൊന്നു വഷള് എന്ന മട്ടിൽ പങ്കുവഹിച്ചുവെന്ന് കുറ്റപ്രത്രത്തിൽ അക്കമിട്ടു വിവരിച്ചു

'ഇരുമുന്നണികളും ഒരേ തരക്കാരാണെന്നു മനസ്സിലാക്കി രണ്ടിനെയും ഒരുപോലെ തിരസ്ക്കരിച്ച് ശിക്ഷിച്ച് പുതിയൊരു രാഷ്ട്രീയ ശക്തിയെ വളർത്തിയെടുത്താൽ മാത്രമേ കേരളത്തിന് മോചനമുള്ളൂ. ബിജെപി ബഹുജനകോടതിയിൽ നിരത്തിവെച്ച തെളിവുകളും വാദമുഖങ്ങളും പരിഗണിച്ച് ന്യായമായ ജനവിധി'ക്കുവേണ്ടി കേരളജനതയോട് അഭ്യർത്ഥിക്കുന്നതായിരുന്നു കുറ്റപ്രതം. കെ. രാമൻപിള്ള, ഒ. രാജഗോപാൽ, കെ.ജി. മാരാർ, സി.കെ. പത്മനാഭൻ തുടങ്ങിയ നേതാക്കളെല്ലാം വിചാരണയിൽ പങ്കെടുത്തു.

ദേശീയതലത്തിൽ പ്രതിപക്ഷ കക്ഷികളുടെ യോജിച്ചുള്ള നീക്കത്തിന് സാധ്യതകൾ വർദ്ധിച്ചുവന്നു. തെരഞ്ഞെടുപ്പ് സമീപിച്ചുവന്ന അവസരമാകയാൽ കോൺഗ്രസിനെ പരാജയപ്പെടുത്താൻ കിട്ടുന്ന അവസരം പാഴാക്കരുതെന്ന ചിന്ത നേതാക്കന്മാരിൽ ശക്തമായി. ദേശീയമുന്നണി ഉണ്ടാക്കുമെന്ന് 1989 ഫെബ്രുവരി 26ന് ജോർജ് ഫെർണാണ്ടസ് പ്രസ്താവനയിറക്കി. ഏപ്രിൽ 9, 10 തീയതികളിൽ സംസ്ഥാന സമിതി മൂവാറ്റുപുഴയിൽ ചേർന്നു. മാർക്സിസ്റ്റ് അക്രമം, ആദിവാസി ഭൂമി അവർക്ക് തിരിച്ചുനൽകുക എന്നീ വിഷയങ്ങളെപ്പറ്റി പ്രമേയം അംഗീകരിച്ചു. കശുവണ്ടി കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിക്കുന്നതായിരുന്നു മറ്റൊരു പ്രമേയം. സർ ക്കാരിന്റെ ദുഷിച്ച സംഭരണനയംമൂലം വ്യവസായം അന്യസംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നതിനെ തടയണമെന്ന് സമിതി ആവശ്യപ്പെട്ടു.


പി. പരമേശ്വരൻ


ലാൽ കൃഷ്ണ അദ്വാനി


ഒ. രാജഗോപാൽ


കെ. രാമൻപിള്ള

മേയ് 11ന് കാലടിയിൽ ശ്രീ ശങ്കരാചാര്യരുടെ 1200-ാം ജയന്തി ആഘോഷങ്ങളിൽ പങ്കെടുക്കാൻ എൽ.കെ. അദ്വാനി എത്തി. കൊച്ചിയിൽ നടത്തിയ പത്രസമ്മേളനത്തിൽ ബിജെപി ശക്തമായി തിരിച്ചുവരുമെന്ന് അദ്ദേഹം പറഞ്ഞു.

മെയ് 15ന് യുവമോർച്ച വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജയിൽമാർച്ച് നടത്തി. പിഎസ്‌സി അപേക്ഷകൾ സൗജന്യമായി നൽകണം. തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കണം, ഇന്റർവ്യൂവിന് പോകാൻ യാത്രാപടി നൽകണം തുടങ്ങിയവയായിരുന്നു യുവജനാവശ്യങ്ങൾ. എല്ലാ ജയിലുകൾക്കും മുന്നിലേയ്ക്കുനടന്ന മാർച്ചിൽ ഒരുലക്ഷം പേർ പങ്കെടുത്തിരിക്കും. ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സംഘപരിവാർ പ്രവർത്തകർക്കെതിരായ മാർക്സിസ്റ്റ് അക്രമങ്ങൾ വീണ്ടും രൂക്ഷമായി. ആലപ്പുഴയിലെ കലവൂരിൽ ശാഖ ആക്രമിക്കുകയും, ബിഎംഎസ് പ്രവർത്തകൻ ശശി എന്ന ഹോട്ടൽ തൊഴിലാളിയെ കൊല്ലുകയും ചെയ്തു. ആഗസ്റ്റ് 3ന് പാപ്പിനിശ്ശേരി ഹൈസ്കൂളിലെ തെരഞ്ഞെടുപ്പിൽ വിദ്യാർത്ഥി പരിഷത്ത് വിജയിച്ചതിന്റെ രോഷം തീർക്കാൻ അരോളിയിൽ വിശ്വനാഥനെ കൊലപ്പെടുത്തി. ആഗസ്റ്റ് 9ന് കൊട്ടാരക്കരയിലെ നകുലനെ ശാഖകഴിഞ്ഞ് വരുന്നവഴി കൊല ചെയ്തു. സിപിഎം വിട്ട് സംഘത്തിൽ ചേർന്നതായിരുന്നു നകുലനെ കൊല്ലാൻ കാരണം.

ആഗസ്റ്റ് 5ന് കണ്ണൂരിൽ സുന്ദർസിംഗ് ഭണ്ഡാരി വന്നു. മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നുള്ള ഒഴുക്കു തടയാൻ കഴിയാത്തതിലുള്ള നൈരാശ്യമാണ് കൊലപാതക രാഷ്ട്രീയത്തിന് കാരണമെന്നദ്ദേഹം പറഞ്ഞു. രാമജന്മഭൂമിയെപ്പറ്റി പത്രക്കാരുടെ ചോദ്യങ്ങൾക്ക് മറുപടിയായി, അവിടെ രാമമന്ദിരം നിർമിക്കുന്നത് മതപരമായ ആവശ്യമെന്ന നിലയ്ക്കല്ല, നാടിന്റെ ഇതിഹാസപുരുഷന്റെ ഓർമയ്ക്കുവേണ്ടിയാണെന്ന് ഭണ്ഡാരി പറഞ്ഞു. ജൂലൈ 14ന് ബോഫോഴ്സ് അഴിമതി പ്രശ്നത്തിൽ രാജീവ്ഗാന്ധി രാജിവെയ്ക്കണമെന്ന ആവശ്യമുന്നയിച്ച് 104 പ്രതിപക്ഷ എംപിമാർ രാജി പ്രഖ്യാപിച്ചു. ആഗസ്റ്റ് 9ന് ക്വിറ്റിന്ത്യാദിനത്തിൽ ക്വിറ്റ് 'രാജീവ് ഗാന്ധി ഛോഡോ' ദിനമായി ഭാരതബന്ദ് നടത്താൻ പ്രതിപക്ഷങ്ങൾ ആഹ്വാനം ചെയ്തു. അന്ന് ഡൽഹിയിൽ വാജ്പേയിയുടെ നേതൃത്വത്തിൽ നടന്ന വൻ പ്രകടനത്തിനുനേരെ പോലീസുകാർ മർദ്ദനമഴിച്ചുവിട്ടു. വാജ്പേയ്ക്ക് പരുക്കേറ്റു.

ഈ പരിപാടിയിൽ നിന്ന് മാർക്സിസ്റ്റു പാർട്ടി വിട്ടുനിൽക്കുകയാണ് ചെയ്തത്. ബിജെപിക്കാർ മുന്നിൽ നിൽക്കുന്ന പ്രക്ഷോഭത്തിൽ തങ്ങൾ ചേരില്ലെന്ന നിലപാടായിരുന്നു അവരുടേത്. കേരളത്തിൽ പലയിടങ്ങളിലും കോൺഗ്രസുകാർ പ്രകടനങ്ങളെ തടഞ്ഞതിനാൽ സംഘർഷ അന്തരീക്ഷം നിലനിന്നു. രാജീവ് ഭരണത്തിന്റെ പതനത്തിന്റെ ചുവരെഴുത്താണ് അധികാരം വിട്ടൊഴിയു 'ഗദ്ദി ഛോഡോ' പ്രക്ഷോഭമെന്ന് വാജ്പേയി അഭിപ്രായപ്പെട്ടു.

വിലക്കയറ്റം, സ്ത്രീപീഡനം, സ്ത്രീധന മരണങ്ങൾ, മയക്കു മരുന്നു വില്പന, അവശ്യസാധനങ്ങൾ റേഷൻകടകളിലൂടെ ലഭ്യമാക്കുക എന്നീ പ്രശ്നങ്ങളെ മുൻനിർത്തി ആഗസ്റ്റ് 30ന് മഹിളാ മോർച്ചയുടെ ആഭിമുഖ്യത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ ധർണകൾ നടത്തപ്പെട്ടു.

അതിനിടെ ജൂൺ 24, 25 തീയതികളിൽ സംസ്ഥാന സമിതിചേർന്ന് ഇ.കെ. നായനാർ ആഭ്യന്തരമന്ത്രി സ്ഥാനം ഒഴിയണമെന്ന് ആവശ്യപ്പെട്ടു. നായനാർക്കെതിരെ 6 ആരോപണങ്ങളാണ് സമിതി ഉന്നയിച്ചത്. (1) സിപിഎം അല്ലാത്ത പ്രസ്ഥാനങ്ങളെ നശിപ്പിക്കാൻ ആയുധപരിശീലനം നടത്തുന്നു. അതിൽ സിപഐഎക്കാരും ആക്രമിക്കപ്പെടുന്നു. (2) പോലീസ് സേനയെ ദുരുപയോഗം ചെയ്ത് കള്ളക്കേസുകൾ ചമയ്ക്കുന്നു. (3) തൊഴിലാളി സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലുന്നു. (4) കോടതിവിധിയെ മാനിക്കാതെ സംഘർഷങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. (5) സിപിഎം അനുഭാവികൾ, അങ്ങനെയല്ലാത്തവർ എന്ന് രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്നു. (6) പ്രതിപക്ഷങ്ങളെ വിശിഷ്യാ സംഘപരിവാറിനെ, തകർക്കാൻ പോലീസുമായി ഒത്തുചേർന്ന് സിപിഎം ഗൂഢാലോചന നടത്തുന്നു എന്നിവയായിരുന്നു ആരോപണങ്ങൾ. കൈത്തറി വ്യവസായത്തെ നാശത്തിലെത്തിച്ചതിനും, ന്യൂസ്പ്രിന്റിന് വിലകയറ്റി പത്രവ്യവസായത്തെ ശ്വാസംമുട്ടിക്കുന്നതിനും, ടെലിഫോൺ ചാർജും റെയിൽവെ കടത്തുകൂലിയും വൈദ്യുതി ചാർജും വർദ്ധിപ്പിച്ചതിനും പ്രമേയം ഇടതുമുന്നണി സർക്കാരിനെ അധിക്ഷേപിച്ചു. വേജ് ബോർഡ് വിമുക്തഭടന്മാർക്കും ബാധകമാക്കുന്നതിനു കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്ന പ്രമേയവും യോഗം അംഗീകരിച്ചു. 1989 സെപ്റ്റംബർ 11ന് ഒ. രാജഗോപാലിന്റെ ഷഷ്ഠിപൂർത്തി ദിനത്തിൽ അദ്ദേഹം പതിവുപോലെ ഗുരുവായൂർ ക്ഷേത്രദർശനവും തുലാഭാരവും നടത്തി. ചിങ്ങമാസത്തിലെ തിരുവോണമാണ് പിറന്നാൾ. വൈകുന്നേരം പാലക്കാട്ട് വസതിയിൽ സംഘപരിവാർ സുഹൃത്തുകൾ സമ്മേളിച്ചു. സ്ഥിതപ്രജ്ഞനായ രാഷ്ട്രീയക്കാരനെന്ന് പി. പരമേശ്വരനും ആരെയും ആകർഷിക്കുന്ന വ്യക്തിയാണെന്ന് പി. നാരായണനും രാജഗോപാലിനെ അനുമോദിച്ചുകൊണ്ട് ജന്മഭൂമിയിൽ ലേഖനങ്ങളെഴുതി.

ആസന്നമായ ലോകസഭാ തെരഞ്ഞെടുപ്പിന് മുമ്പുള്ളനിർണായക മായ ഭാരതീയ പ്രതിനിധി സഭ മുംബൈയിലെ ഷൺമുഖാനന്ദ ഹാളിൽ സെപ്റ്റംബർ 25, 26, 27 തീയതികളിൽ നടന്നു. സമ്മേളനത്തിന്റെ മുമ്പു നടന്ന പ്രവർത്തകസമിതി യോഗത്തിൽ ശിവസേനാനേതാവ് ബാൽ ഠാക്കറെ സൗഹൃദ സന്ദർശനം നടത്തുകയും എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. ലോകസഭാ തെരഞ്ഞെടുപ്പിൽ ഒരുമിച്ചു മത്സരിക്കാനുള്ള നീക്കങ്ങളുടെ തുടക്കമായിരുന്നു അത്. നയപരമായ പലകാര്യങ്ങളിലും വിയോജിപ്പുണ്ടെങ്കിലും യോജിപ്പിന്റെ മേഖലകൾ ധാരാളമുള്ള ഈ കക്ഷികൾ അന്ന് ആരംഭിച്ച സഹകരണം പിന്നീട് തുടരുകയും കേന്ദ്രത്തിലെ എൻഡിഎയ്ക്ക് കരുത്തു നൽകുകയും ചെയ്തു. ആസന്നമായ ലോകസഭാ തെരഞ്ഞെടുപ്പുതന്നെയായിരുന്നു സമ്മേളനത്തിന്റെ പ്രധാന ചർച്ചാവിഷയം. അയോദ്ധ്യയിലെ രാമജന്മഭൂമി പ്രശ്നവും ഒട്ടും അപ്രധാനമല്ലായിരുന്നു. 1989 ജൂൺ 9ന് ഹിമാചൽപ്രദേശിലെ

പാലൻപൂരിൽ ചേർന്ന ദേശീയ സമിതിയോഗം അയോദ്ധ്യയെ സംബന്ധിച്ച ബിജെപിയുടെ കാഴ്ചപ്പാടും, നിലപാടും പ്രതിപാദിച്ചിരുന്നു. 'പണ്ഡിറ്റ് നെഹ്റു സർക്കാർ സോമനാഥക്ഷേത്രത്തിന്റെ കാര്യത്തിൽ എടുത്തതുപോലുള്ള സമീപനം അയോദ്ധ്യയുടെ കാര്യത്തിലും എടുക്കണമെന്ന് ബിജെപി രാജീവ്ഗാന്ധി സർക്കാരിനോട് ആഹ്വാനം ചെയ്യുന്നു. ഇക്കാര്യത്തിൽ ഭാരതത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ഹൃദയവികാരങ്ങളെ മാനിച്ച് രാമജന്മഭൂമി ഹിന്ദുക്കൾക്ക് കൈമാറണം. കഴിയുമെങ്കിൽ കൂടിയാലോചനയിലൂടെ അല്ലെങ്കിൽ നിയമനിർമാണം വഴി. ഇക്കാര്യത്തിൽ കോടതിയിലെ വ്യവഹാരം പരിഹാരമാവില്ല' എന്ന് പാലൻപൂർ പ്രസ്താവന പറയുന്നു.

ശിവാജിപാർക്കിൽ ചേർന്ന പൊതുസമ്മേളനത്തിൽ വാജ്പേയിയും അയോദ്ധ്യാപ്രശ്നത്തെ പരാമർശിച്ചു. ജന്മസ്ഥാനം ഹൈന്ദവവികാരങ്ങളുടെ കേന്ദ്രബിന്ദുവാണെന്നും, മുസ്ലീങ്ങൾക്ക് വികാരമുള്ളത് അവിടെ ബാബർ നിർമിച്ച കെട്ടിടത്തോടാണെന്നും ഉള്ള വസ്തുത പരിഗണിച്ച്, ആ കെട്ടിടത്തെ ഒരു കല്ലിനുപോലും കേടുവരാതെ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയാവും ഉത്തമം എന്ന് വാജ്പേയി അഭിപ്രായപ്പെട്ടു. അയോദ്ധ്യയെ വോട്ടുതട്ടാനുള്ള തന്ത്രമായി ആരും കരുതരുതെന്നദ്ദേഹം അഭ്യർത്ഥിച്ചു.

ഒക്ടോബർ 21, 22 തീയതികളിൽ പാലക്കാട് ചേർന്ന സംസ്ഥാന സമ്മേളനത്തിൽ തെരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പിന് ഓരോ മണ്ഡലത്തിലും ചുമതലക്കാരെ നിയമിച്ചു. സമ്മേളനസ്ഥലമായ ദീനദയാൽനഗറിൽ ടി.എൻ. ഭരതൻ പതാകയുയർത്തി. ഒ. രാജഗോപാലാണ് ഉദ്ഘാടനം ചെയ്തത്. ജനാകൃഷ്ണമൂർത്തി മുഖ്യാതിഥിയായി നടപടികൾക്ക് നേതൃത്വം നൽകി. കേരളത്തിന്റെ സ്ഥിതിഗതികളെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് രാഷ്ട്രീയ മാറ്റത്തിനാഹ്വാനം നൽകുന്നതായിരുന്നു കെ. രാമൻപിള്ളയുടെ അദ്ധ്യക്ഷ പ്രസംഗം. "വിദ്യാസമ്പന്നരായ കേരളീയരുടെ, വിശേഷിച്ച് യുവാക്കളുടെ ധിഷണാശക്തിയും കായികശേഷിയും രാജ്യത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കാൻ കഴിയണം. ഇതുവരെയുള്ള ഒരു പഞ്ചവത്സര പദ്ധതിക്കും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായിരുന്നില്ല.

'നിസ്സാരപ്രശ്നങ്ങളുടെ പേരിൽ ജനങ്ങളെ തമ്മിലടിപ്പിച്ച് അധികാരമുറപ്പിക്കുക എന്നതായിരുന്നു മാറിമാറി അധികാരത്തിൽ വന്ന മുന്നണികളുടെ തന്ത്രം. ഇന്നത്തെ ഭരണമുന്നണിയും അതേ അടവുകൾ തുടരുന്നു. പരിഹാസ്യവും അപകടകരവുമായ അത്തരം രാഷ്ട്രീയ കളികൾക്ക് അന്ത്യം കുറിക്കാൻ. ഒരു ബദൽ രാഷ്ട്രീയശക്തിയായി ബിജെപിയെ വളർത്തിയെടുക്കാൻ, അങ്ങനെ കേരളത്തെ രക്ഷിക്കാൻ' രാമൻപിള്ള ആഹ്വാനം ചെയ്തു.

സംഘടനാസെക്രട്ടറി ഒ.ജി. തങ്കപ്പൻ മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ആലുവ വൈഎംസിഎ ക്യാമ്പ് സൈറ്റിൽ മെയ് മാസത്തിൽ നടന്ന സംസ്ഥാന പഠനശിബിരവും ജൂലൈ 9, 10 തീയതികളിൽ തൃപ്പൂണിത്തുറയിൽ നടത്തപ്പെട്ട യുവമോർച്ച പഠനശിബിരവും ആറന്മുളയിൽ ജൂലൈ 16, 17 തീയതികളിൽ നടന്ന മഹിളാ പഠനശിബിരവും സംഘടനാ റിപ്പോർട്ടിൽ പ്രാധാന്യമർഹിക്കുന്നു. സംസ്ഥാന പഠനശിബിരത്തിൽ സുന്ദർസിംഗ് ഭണ്ഡാരി, ജനാ കൃഷ്ണമൂർത്തി, ബിഎംഎസ് നേതാവ് പ്രഭാകർഘാട്ടേ, ആർ. ഹരി, പി. പരമേശ്വരൻ തുടങ്ങിയവരും യുവമോർച്ച ശിബിരത്തിൽ സംസ്ഥാന നേതാക്കൾക്കു പുറമേ യുവമോർച്ചാ ദേശീയ അദ്ധ്യക്ഷൻ രാജ്നാഥ്സിംഗ്, പി. പരമേശ്വരൻ എന്നിവരും മഹിളാമോർ ച്ചാശിബിരത്തിൽ മൃദുളാ സിൻഹ, മല്ലികാർജ്ജുനയ്യ തുടങ്ങിയവരും പങ്കെടുത്തിരുന്നു.

'മാർക്സിസ്റ്റ്-കോൺഗ്രസ് അവിശുദ്ധ കൂട്ടുകെട്ടിനെ തകർക്കാൻ ദേശീയ ജനാധിപത്യ മതേതര ശക്തികളുടെ ഐക്യനിര കെട്ടിപ്പടുക്കാൻ ലക്ഷ്യം വെയ്ക്കുന്ന രാഷ്ട്രീയ നയരേഖ സമ്മേളനം ചർച്ചചെയ്ത് അംഗീകരിക്കുകയുണ്ടായി. "നിഷേധാത്മകവും അവസരവാദപരവുമായ രാഷ്ട്രീയ പ്രവർത്തനത്തിന് അറുതിവരുത്തിക, തത്വാധിഷ്ഠിത രാഷ്ട്രീയത്തിന്റെ പ്രസക്തിയും ആവശ്യവും ജനങ്ങളെ ബോധ്യപ്പെടുത്തുക കോൺഗ്രസിന്റെയും കമ്യൂണിസ്റ്റുകളുടെയും അഴിമതിയും. അക്രമവും മടുത്ത് ഹതാശരായി നിൽക്കുന്നവർക്ക് ഒരത്താണിയാവാൻ, ബിജെപിയിലേക്ക് അവിടെനി ന്നുള്ള ഒഴുക്ക് വർദ്ധിപ്പിക്കാൻ ബിജെപി എല്ലാ സീറ്റുകളിലും മത്സരിക്കും' എന്നാണ് നയരേഖ നിർദ്ദേശിച്ചത്.

ബോംബെ സമ്മേളനത്തിൽ അവതരിപ്പിച്ച തെരഞ്ഞെടുപ്പ് നയപ്രഖ്യാപനം ഡോ. മുരളി മനോഹർ ജോഷി കൺവീനറായ സമിതി തയ്യാറാക്കിയതായിരുന്നു. 35 പുറങ്ങളുള്ള പ്രഖ്യാപനത്തിന്റെ ആമുഖത്തിൽ ''ബി.ജെ.പി. നയങ്ങളുടെ യാഥാർത്ഥ്യവും ശക്തിയും അനുപമമാകയാൽ. 1984ലെ കോൺഗ്രസ് മാനിഫെസ്റ്റോയിലില്ലാതിരുന്നിട്ടും. അവയിൽ പലതും നടപ്പാക്കാൻ ഗവൺമെന്റ് സന്നദ്ധമായി. ഈ പരിപാടികൾ കൂറുമാറ്റ നിയമം, 18 വയസ്സുകാർക്ക് വോട്ട്, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവയാണ്. ഇതേ ബോധ്യത്തിന്റെയും സമർപ്പണത്തിന്റെയും ചൈതന്യത്തോടുകൂടി ദേശീയ ജീവിതത്തിന്റെ വിവിധ മുഖങ്ങളെ പരിവർത്തിപ്പിക്കാനും. സമുന്നതമാക്കാനും' എന്ന് പറഞ്ഞുകൊണ്ടാണ് വിശദമായ പരിപാടികളും നിർദേശങ്ങളും മുന്നിൽവെച്ചത്. ദേശീയൈക്യവും. ദേശീയോദ്ഗ്രഥനവും ദേശീയ സാമ്പത്തികസ്ഥിതി, ജനങ്ങൾ, ജീവിതമേന്മ, ദേശീയ സുരക്ഷിതത്വം എന്നി ങ്ങനെ 5 അദ്ധ്യായങ്ങളായി തിരിച്ച് സ്വതന്ത്രവും. ഭയമുക്തവും, സമ്പന്ന വുമായ ജീവിതം ജനങ്ങൾക്കു നൽകാനുള്ള കർമ്മ പരിപാടിയായിരുന്നു വിജ്ഞാപനം.

1989 നവംബർ 22ന് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് 193 സ്ഥാനങ്ങളിൽ വിജയിച്ച് ഏറ്റവും വലിയ കക്ഷിയാകാനേ സാധിച്ചുള്ളൂ. 141 സീറ്റുകൾ നേടിയ ജനതാദൾ രണ്ടാംസ്ഥാനത്തുവന്നു. 375 സ്ഥാനങ്ങളിൽ മത്സരിച്ച ബി.ജെ.പി.യ്ക്ക് 89 ഇടങ്ങളിൽ വിജയം കാണാൻ കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ അയോദ്ധ്യ മുഖ്യവിഷയമായി എന്നതാണ്ശ്രദ്ധേയമായ ഒരു കാര്യം. 1989 നവംബർ 10ന് ശിലാന്യാസം നടത്താൻ രാജീവ്ഗാന്ധി അനുമതി നൽകി. അദ്ദേഹവും വി. പി. സിംഗും അയോദ്ധ്യയിൽ നിന്നാണ് തെരഞ്ഞെടുപ്പ് പ്രചാരണം ആരംഭിച്ചത്. രണ്ടുപേരും ശ്രീരാമജ ന്മസ്ഥാനത്തോട് ഹൈന്ദവർക്കുള്ള തീവ്രമായ വികാരത്തെ മാനിക്കേണ്ടതിനെ പരാമർശിക്കുകയും ചെയ്തു.

## അവലംബിച്ച രേഖകൾ


Advent of Advani Atmaram Kulkarni

Martyrdom of Swayamsevaks - Sheshagiri Rao

പാലക്കാട് സംസ്ഥാന സമ്മേളന രേഖകൾ

Minister why? Reply? K.G. Marar

കെ.ജി. മാരാർ ജീവചരിത്രം കെ. കുഞ്ഞിക്കണ്ണൻ

കോഴിക്കോട് സംസ്ഥാന സമ്മേളന രേഖകൾ

ചിതി പഴയ ലക്കങ്ങൾ

ജന്മഭൂമി പഴയ ലക്കങ്ങൾ

ലേഖകന്റെ ഡയറിക്കുറിപ്പുകൾ

സംസ്ഥാന കാര്യാലയ രേഖകൾ


(തുടരും)

■

ഇൻഡി മുന്നണി തകർന്നു

■ അഡ്വ. വി.പി. പത്മനാഭൻ +91 98460 30524



# കൂടുതൽ കരുത്തോടെ എൻഡിഎ

***മു**ന്നൂറിലധികം സീറ്റുകൾ ഇപ്പോൾ ദേശീയ ജനാധിപത്യ സഖ്യത്തിന് ലോകസഭയിൽ ഉണ്ട്, ഇൻഡി മുന്നണി പ്രബലരായ രണ്ട് കക്ഷികളുടെ അഭാവത്തിൽ ശുഷ്കിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട തൃണമൂൽ കോൺഗ്രസിന്റെ അറുപതോളം എംഎൽഎമാർ നേതൃത്വത്തെ ധിക്കരിച്ച് തെരഞ്ഞെടുത്ത പുതിയ പ്രതിപക്ഷ നേതാവിനെ സ്പീക്കർ അംഗീകരിച്ചു. ലോകസഭയിൽ 28 ലോകസഭാ അംഗങ്ങളിൽ ഇരുപതുപേർ വേറെ ഒരു ചെറിയ പാർട്ടിയിൽ ലയിച്ച് എൻഡിഎ പക്ഷത്തേക്ക് മാറിയിരിക്കുന്നു. മഹാരാഷ്ട്രയിൽ ശിവസേന ഉദ്ധവ് വിഭാഗത്തിൽ അവശേഷിക്കുന്ന 20 എംഎൽഎമാരിൽ ഭൂരിപക്ഷവും ഷിൻഡെ വിഭാഗത്തോടൊപ്പം കൂടാൻ തയ്യാറെടുക്കുന്നു. ഒൽപത് എംപിമാരിൽ ആറു പേർ ഷിൻഡേ വിഭാഗത്തിന്റെ കൂടെ ചേർന്നു. അതോടെ കേന്ദ്രസർക്കാർ കൊണ്ടുവരുന്ന ജനോപകാരപരമായ നിയമങ്ങൾ പാർലമെന്റിൽ സുഗമമായി പാസാക്കാനുള്ള സാഹചര്യം ഉണ്ടാകും.*

2026 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പശ്ചിമബംഗാളിൽ ചരിത്രപരമായ വിധിയെഴുത്ത് ഉണ്ടായി. പതിനഞ്ചു വർഷം തുടർച്ചയായി ഭരിച്ച തൃണമൂൽ കോൺഗ്രസിന് കനത്ത പരാജയം നേരിടേണ്ടിവന്നു. 2021 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ പ്രധാന പ്രതിപക്ഷ പാർട്ടിയായി ഉയർന്നുവന്ന ഭാരതീയ ജനതാ പാർട്ടിക്ക് 207 സീറ്റ് ലഭിച്ചു. സുവേന്ദു അധികാരിയുടെ നേതൃത്വത്തിലുള്ള പുതിയ സർക്കാർ മെയ് ഒമ്പതാം തീയതി അധികാരത്തിൽ വരികയും ചെയ്തു. എന്നാൽ കഴിഞ്ഞ ഒരു മാസമായി പശ്ചിമ ബംഗാളിൽ നടക്കുന്ന രാഷ്ട്രീയ നീക്കങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട തൃണമൂൽ കോൺഗ്രസ് വലിയ പിളർപ്പിനെ നേരിട്ടിരിക്കുന്നു. ആ പാർട്ടിയിൽ നിന്നും ഏതാണ്ട് അറുപതോളം എംഎൽഎമാർ നേതൃത്വത്തെ ധിക്കരിച്ചുകൊണ്ട് നേതൃത്വം തീരുമാനിച്ച പ്രതിപക്ഷ നേതാവിന് പകരം പുതിയ പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുത്ത് സ്പീക്കർക്ക് കത്ത് നൽകുകയും സ്പീക്കർ അത് അനുവദിക്കുകയും ചെയ്തു. അതിനുശേഷം ലോകസഭയിലെ പാർലമെന്ററി പാർട്ടിയിലും സമാനമായ പിളർപ്പുണ്ടായി. തൃണമൂൽ കോൺഗ്രസിന്റെ 28 ലോകസഭാ അംഗങ്ങളിൽ ഇരുപതുപേർ വേറെ ഒരു ചെറിയ പാർട്ടിയിൽ ലയിച്ച് എൻഡിഎ പക്ഷത്തേക്ക് മാറിയിരിക്കുന്നു.

മമതാ ബാനർജിയുടെ സ്വപ്രയത്നം കൊണ്ടും ബംഗാളിലെ കോൺഗ്രസ് പാർട്ടിയിലെ പ്രഗൽഭരായ നേതാക്കന്മാരുടെ സഹായം കൊണ്ടും 1990 കളുടെ അവസാനം കോൺഗ്രസിൽ നിന്ന് പിളർന്നുവന്ന കോൺഗ്രസിന്റെ ബംഗാൾ ഘടകത്തിന്റെ സിംഹഭാഗം ചേർത്തുണ്ടാക്കിയ പാർട്ടിയാണ് തൃണമൂൽ കോൺഗ്രസ്. ആദ്യം ബിജെപിയുമായി സഹകരിച്ചും പിന്നീട് കോൺഗ്രസുമായി സഹകരിച്ചും ബംഗാളിലെ തെരഞ്ഞെടുപ്പികളെ നേരിട്ട തൃണമൂൽ



കോൺഗ്രസ് 2009 ലെ ലോകസഭ തെരഞ്ഞെടുപ്പോടുകൂടി പശ്ചിമബംഗാളിൽ പതുക്കെ ആധിപത്യം സ്ഥാപിച്ചു. 2011ൽ അവിടെ സ്വന്തം നിലയിൽ ഭൂരിപക്ഷം ലഭിച്ച് സംസ്ഥാനത്ത് അധികാരത്തിൽ വന്നു. 34 വർഷം നീണ്ടു നിന്ന കമ്യൂണിസ്റ്റ് ദുർഭരണത്തിനും അക്രമവാഴ്ചയ്ക്കും എതിരെ ജനങ്ങളെ സംഘടിപ്പിച്ച് തെരുവിൽ ഇറങ്ങി സമരം ചെയ്ത് കൊടിയ മർദനങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങി രക്തകലുഷിതമായി തന്നെ നടന്ന ഒരു അധികാര കൈമാറ്റം ആയിരുന്നു അത്. 2011 മുതൽ 2026 വരെ തുടർച്ചയായി 15 വർഷം തൃണമൂൽ കോൺഗ്രസ് ബംഗാൾ ഭരിച്ചു. 2011ൽ അവിടുത്തെ പ്രധാന പ്രതിപക്ഷമായിരുന്ന സിപിഎം നേതൃത്വം കൊടുക്കുന്ന ഇടത് മുന്നണി 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസുമായി സഹകരിച്ച് മത്സരിച്ചെങ്കിലും മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2021ൽ നിയമസഭയിൽ ഒരു എംഎൽഎ പോലും അവർക്കുണ്ടായില്ല. 2016ൽ പ്രധാന പ്രതിപക്ഷം ആയിരുന്ന കോൺഗ്രസും 2021 ആകുമ്പോഴേക്കും

നിയമസഭയിൽ പ്രാതിനിധ്യമില്ലാത്ത അവസ്ഥയിലായി. 2021ലെ നിയമസഭാ തെരഞ്ഞെടുപ്പോടുകൂടി ഭാരതീയ ജനതാ പാർട്ടി പശ്ചിമ ബംഗാളിലെ പ്രധാന പ്രതിപക്ഷ പാർട്ടിയായി ഉയർന്നു.

സിപിഎം നേതൃത്വം കൊടുത്ത ഇടതുമുന്നണിയുടെ അക്രമ രാഷ്ട്രീയത്തിനും അഴിമതിക്കും ജനവിരുദ്ധനയങ്ങൾക്കും എതിരെ ജനങ്ങളെ സംഘടിപ്പിച്ച് അധികാരത്തിൽ വന്ന തൃണമൂൽ കോൺഗ്രസ് 2016 ന് ശേഷം സിപിഎം പിന്തുടർന്ന അതേ പാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങി. അഴിമതിയും ആക്രമണവും ഗുരുതരമായ ജനവിരുദ്ധ നയങ്ങളും ആ പാർട്ടിയുടെ സ്വഭാവമായി മാറി. 2021ലെ തെരഞ്ഞെടുപ്പിന് ശേഷം ബംഗാളിൽ ഭാരതത്തിൽ ഒരു സംസ്ഥാനത്തും കാണാത്ത രീതിയിലുള്ള അക്രമസംഭവങ്ങൾ അരങ്ങേറി. പതിനായിരക്കണക്കിന് ആളുകൾക്ക് ബംഗാളിൽ നിന്നും പാലായനം ചെയ്യേണ്ട അവസ്ഥവരെയുണ്ടായി. അൻപത്തി എട്ടോളം കൊലപാതകങ്ങളാണ് അന്ന് നടന്നത്. 21 ഓളം സ്ത്രീകളെ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ മാനഭംഗത്തിന് ഇരയാക്കി എന്നുള്ളത് ഏവരെയും ഞെട്ടിക്കുന്ന കാര്യമാണ്.

കഴിഞ്ഞ അഞ്ചുവർഷമായി പ്രതിപക്ഷത്തിരുന്ന് തൃണമൂൽ കോൺഗ്രസ് സർക്കാറിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സമരം ചെയ്യുകയും കേന്ദ്രസർക്കാർ രാജ്യത്ത് നടപ്പിലാക്കുന്ന ക്ഷേമ/വികസന പ്രവർത്തനങ്ങളുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയും ചെയ്തതിന്റെ ഫലമായി ബംഗാളിൽ ബിജെപി സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നു. ഇത്തവണ തെരഞ്ഞെടുപ്പ്ഫലം വന്നതിനുശേഷം സംസ്ഥാനത്ത് അക്രമങ്ങൾ വ്യാപിക്കാതിരിക്കാൻ ഏറ്റവും കൂടുതൽ മുൻകൈയെടുത്ത് പ്രവർത്തിച്ചത് ബിജെപിയുടെ ദേശീയ-സംസ്ഥാന നേതൃത്വമാണ്. എന്നാലും അല്ലറചില്ലറ സംഭവങ്ങൾ ബംഗാളിൽ അരങ്ങേറുകയുണ്ടായി. തൃണമൂൽ കോൺഗ്രസിന്റെ ഗുണ്ടാ - മാഫിയ സ്വഭാവമുള്ള നേതാക്കന്മാർക്കും പ്രവർത്തകർക്കും ജനങ്ങളുടെ രൂക്ഷമായ പ്രതികരണത്തിന് ഇരയാവേണ്ടിവന്നു. മമതാ ബാനർജിയുടെ മരുമകൻ അഭിഷേക് ബാനർജി വരെ ജനവികാരത്തിന്റെ 'ചൂട്' അറിഞ്ഞു.

എന്നാൽ തൃണമൂൽ കോൺഗ്രസിനെ ശരിക്കും തളർത്തിയത് ഇതൊന്നുമായിരുന്നില്ല. മറിച്ച് ആ പാർട്ടിയിൽ ഉണ്ടായ വലിയ പിളർപ്പ് തന്നെയായിരുന്നു. ഇന്ന് ഭാരതീയ ജനതാ പാർട്ടിയെയും എൻഡിഎയെയും ഈ പിളർപ്പിന് ഉത്തരവാദികളായി ചിത്രീകരിച്ച് സമാധാനം കണ്ടെത്താനുള്ള ശ്രമത്തിലാണ് തൃണമൂൽ മമതാ വിഭാഗം. യഥാർത്ഥത്തിൽ ആ പാർട്ടി 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മ'ങ്ങളുടെ ഫലം അനുഭവിക്കുകയാണ്. ദാരിദ്ര്യ നിർമാർജനം, ആരോഗ്യ മേഖല, വിദ്യാഭ്യാസ മേഖല, റോഡ് വികസനം തുടങ്ങി മനുഷ്യജീവിതത്തിൽ അത്യാവശ്യമായ ഒരു കാര്യത്തിലും ശ്രദ്ധ പതിപ്പിക്കാതെ 27 ശതമാനത്തിൽ അധികം വരുന്ന മത ന്യൂനപക്ഷങ്ങളെ പ്രീണിപ്പിച്ചും മറ്റുള്ളവരെ ഭീഷണിപ്പെടുത്തിയും ബംഗാളിൽ ആധിപത്യം സ്ഥാപിച്ച മമതയ്ക്ക്  ഇന്ന് താൻ അടിച്ചമർത്തിയ ജനങ്ങളുടെയും വലിയൊരു വിഭാഗം സ്വന്തം പാർട്ടി നേതാക്കന്മാരുടെയും വിദ്വേഷത്തിനു മുമ്പിൽ പിടിച്ചു നിൽക്കാൻ പറ്റാത്ത അവസ്ഥയാണ്. സമാനമായ സാഹചര്യമാണ് മഹാരാഷ്ട്രയിലും കണ്ടുകൊണ്ടിരിക്കുന്നത്, ബാലാസാഹേബ് താക്കറേ സ്ഥാപിച്ച ശിവസേന എന്ന രാഷ്ട്രീയ പാർട്ടി അവരുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നും നയങ്ങളിൽ നിന്നുമൊക്കെ വ്യതിചലിച്ച് അധികാര കസേരയ്ക്കുവേണ്ടി ഹിന്ദുത്വത്തെ ഉപേക്ഷിച്ച് കോൺഗ്രസിന്റെ പിന്നാലെ പോയതിന്റെ ഫലമായി ആ പാർട്ടി രണ്ടാമത്തെ വലിയ പിളർപ്പിനെ നേരിടുകയാണ്. 2019 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നരേന്ദ്ര മോദിജിയുടെ ഫോട്ടോ വെച്ച് വോട്ട് പിടിച്ച ശിവസേന 20 വർഷങ്ങൾക്ക് ശേഷം തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ മുഖ്യമന്ത്രി




സ്ഥാനം എങ്ങനെയെങ്കിലും തിരിച്ചു കിട്ടണം എന്ന ഒറ്റ ലക്ഷ്യം വെച്ച് ബിജെപിയെയും മോദിജിയെയും ഉപേക്ഷിച്ച് കോൺഗ്രസിന്റെ കൂടെ പോയി. രണ്ടര വർഷങ്ങൾക്ക് ശേഷം ബാലസാഹിബ് താക്കറെയുടെ അരുമശിഷ്യനായിരുന്ന ഏക്നാഥ് ഷിണ്ടെയുടെ നേതൃത്വത്തിൽ ഭൂരിപക്ഷം എംഎൽഎമാരും എംപിമാരും ഹിന്ദുത്വത്തെ ഉപേക്ഷിച്ചിട്ടുള്ള രാഷ്ട്രീയത്തിന് തങ്ങൾ ഇല്ല എന്ന് പറഞ്ഞ് ശിവസേന പിളർത്തി ബിജെപിയുടെ ഒപ്പവും എൻഡിഎയുടെ ഒപ്പവും വന്നു. തുടർന്ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ എൻഡിഎയ്ക്ക് തന്നെ വൻഭൂരിപക്ഷം മഹാരാഷ്ട്രയിൽ ലഭിച്ചു. ഇപ്പോൾ ഉദ്ധവ് വിഭാഗത്തിൽ അവശേഷിക്കുന്ന കേവലം 20 എംഎൽഎമാരിൽ ഭൂരിപക്ഷവും ഷിൻഡെ വിഭാഗത്തോടൊപ്പം കൂടാൻ തയ്യാറെടുത്തു നിൽക്കുകയാണ്. 2024ലെ ലോകസഭ തെരഞ്ഞെടുപ്പിൽ ഒൽപത് സീറ്റ് ലഭിച്ച ഉദ്ധവ് വിഭാഗത്തിന്റെ എംപിമാരിൽ ആറു പേർ ഷിൻഡേ വിഭാഗത്തിന്റെ കൂടെ ചേർന്നു.

മേൽപ്പറഞ്ഞ രണ്ട് സംസ്ഥാനങ്ങളിലും നടക്കുന്ന രാഷ്ട്രീയ നീക്കങ്ങളിൽ അന്തിമമായ ഗുണഭോക്താവ് എൻഡിഎ ആണ്. കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ദേശീയ ജനാധിപത്യ സഖ്യം കൊണ്ടുവന്ന മണ്ഡല പുനർനിർണയ ഭരണഘടന ഭേദഗതിയും വനിതാ സംവരണം നടപ്പിലാക്കാനുള്ള ഭരണഘടന ഭേദഗതിയും പ്രതിപക്ഷത്തിന്റെ എതിർപ്പ് മൂലം പരാജയപ്പെടുകയാണ് ഉണ്ടായത്. എന്നാൽ ശിവസേന ഉദ്ധവ് വിഭാഗത്തിലും തൃണമൂൽ കോൺഗ്രസിലും ഉണ്ടായ പിളർപ്പും ശരത് പവാറിന്റെ പാർട്ടിയിൽ ഉണ്ടായേക്കും എന്ന് പറയപ്പെടുന്ന പിളർപ്പും കൂടാതെ തമിഴ്നാട്ടിൽ കോൺഗ്രസ് സ്വീകരിച്ച വഞ്ചനാപരമായ രാഷ്ട്രീയത്തിന്റെ ഫലമായി ഡിഎംകെ ഇൻഡി മുന്നണി വിട്ട് പുറത്ത് വന്ന സാഹചര്യവും ഒരുപക്ഷേ മേൽപ്പറഞ്ഞ രണ്ട് ഭരണഘടനാ ഭേദഗതികളും പാസാക്കാൻ ഭരണപക്ഷത്തെ സഹായിച്ചേക്കും. ആ വിഷയം എന്തുതന്നെയായാലും നിലവിൽ പാർലമെന്റിന്റെ അകത്ത് ദേശീയ ജനാധിപത്യ സഖ്യത്തിന്റെ ശക്തി വർദ്ധിച്ചിരിക്കുകയാണ്. മുന്നൂറിലധികം സീറ്റുകൾ ഇപ്പോൾ ദേശീയ ജനാധിപത്യ സഖ്യത്തിന് ലോകസഭയിൽ ഉണ്ട്, അതോടൊപ്പം ഇൻഡി മുന്നണി പ്രബലരായ രണ്ട് കക്ഷികളുടെ അഭാവത്തിൽ ശുഷ്കിച്ചിരിക്കുകയും ആണ്. ഏത് നല്ല കാര്യത്തിനും എതിര് നിൽക്കുന്ന പ്രതിപക്ഷത്തിന്റെ ഈ ശോഷണം ദേശീയ രാഷ്ട്രീയത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കും. കേന്ദ്രസർക്കാർ കൊണ്ടുവരുന്ന ജനോപകാരപരമായ നിയമങ്ങൾ പാർലമെന്റിൽ സുഗമമായി പാസാക്കാനുള്ള സാഹചര്യം ഉണ്ടാകും. ദിവസങ്ങളോളം പാർലമെന്റ് സ്തംഭിപ്പിക്കാൻ നേതൃത്വം കൊടുക്കുന്ന എംപിമാരാണ് പ്രതിപക്ഷ നിരയോട് വിട പറഞ്ഞത് എന്ന കാര്യം വളരെ കൗതുകകരമാണ്. ജൂലൈ മാസം ഇരുപത്തിയൊന്നാം തീയതി ആരംഭിക്കും എന്ന് പറയപ്പെടുന്ന പാർലമെന്റിന്റെ വർഷകാല സമ്മേളനം ഏതായാലും ജനോപകാരപരമായ പല നിയമങ്ങളുടെ നിർമാണത്തിനും ഫലവത്തായ ചർച്ചകൾക്കും സാക്ഷിയാകുമെന്ന് പ്രതീക്ഷിക്കാം.

■

മാസപ്പടി വിവാദം

■ പ്രൊഫ. ഡി. അരവിന്ദാക്ഷൻ 94477 92471



# വീണ വിജയന് കുരുക്ക് മുറുകുന്നു

*കേരളാ സർക്കാരിന് നിയന്ത്രണാധികാരമുള്ള പബ്ലിക് ലിമിറ്റഡ് കമ്പനി രാഷ്ട്രീയ നേതാക്കൾക്ക് 182 കോടി രൂപ മാസപ്പടി നൽകുന്നതും മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിക്കും മകൾക്കും യാതൊരു സേവനവും ലഭിക്കാതെ 2.78 കോടി രൂപ നൽകുന്നതും ഗുരുതരമായ കൃത്യവിലോപവും നിയമലംഘനവും അതുകൊണ്ടുതന്നെ കുറ്റകരവും ശിക്ഷാർഹവുമാണ്. ഇഡി അന്വേഷണത്തിനെതിരെ സിഎംആർഎൽ കമ്പനി കേരള ഹൈക്കോടതിയിൽ നൽകിയ ഹർജികൾ ഡിവിഷൻ ബെഞ്ച് തള്ളിയതിനെ തുടർന്നാണ് കൂടുതൽ തെളിവ് ശേഖരിക്കാൻ വീണയുടെ തിരുവനന്തപുരത്തെ വീട്ടിലും കണ്ണൂരിലേ വീട്ടിലും ഭർത്താവ് മുഹമ്മദ് റിയാസ് എംഎൽഎയുടെ കോഴിക്കോട്ടുള്ള വീട്ടിലും റെയിഡ് നടത്തിയത്. റെയിഡ് കഴിഞ്ഞു പുറത്തിറങ്ങിയ ഇഡി ഉദ്യോഗസ്ഥരെയും ബാങ്ക് ജീവനക്കാരിയെയും ടാക്സി ഡ്രൈവറെയും സിപിഎംകാർ പരസ്യമായി ആക്രമിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. കള്ളപ്പണ കേസുകൾ ഇഡി അന്വേഷിക്കുന്നത് രാജ്യസുരക്ഷക്ക് വേണ്ടിയാണ്. അപ്പോൾ ഇഡിയെ ആക്രമിക്കുന്നത് രാജ്യദ്രോഹകുറ്റം തന്നെയാണ്.*

1956 ൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) രൂപീകരിച്ചെങ്കിലും ഇഡിയെ ശക്തിപെടുത്തിയത് 1999 ൽ വാജ്പേയ് സർക്കാർ നടപ്പാക്കിയ വിദേശനാണയ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും(ഫെമ), 2002 ലെ കള്ളപ്പണ നിരോധന നിയമവുമാണ് (പിഎംഎൽഎ). 2004-2014 ൽ ഈ നിയമങ്ങൾ നടപ്പാക്കുന്നതിൽ അന്നത്തെ കോൺഗ്രസ് സർക്കാർ ദയനീയമായി പരാജയപ്പെട്ടു. വിദേശത്തുനിന്നടക്കമുള്ള കള്ളപ്പണം രാജ്യസുരക്ഷയ്ക്ക് ഭീഷണിയായി. വിദേശത്ത് നിന്ന് നിയമവിരുദ്ധമായി എത്തുന്ന കള്ളപ്പണം കേരളത്തിൽ സാമൂഹ്യ സംഘർഷം സൃഷ്ടിക്കുന്നതായും അനഭിലഷണീയ പ്രവണതകൾ വർദ്ധിച്ചുവരുന്നതായും രാജ്യസ്നേഹികൾ മുന്നറിയിപ്പ് നൽകി. 2003 സെപ്റ്റംബറിൽ കോവളത്ത് നടന്ന യുഡിഫ് ഉന്നതാധികാര സമിതിയിൽ അന്നത്തെ മുഖ്യമന്ത്രി ഇത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകി. തുടർന്ന് അദ്ദേഹത്തെ 2007 വരെ രാഷ്ട്രീയ വനവാസത്തിനയച്ച് ഉമ്മൻ ചാണ്ടി കേരളത്തിൽ മുഖ്യമന്ത്രിയായി. 2001 മുതലാണ് കേരളത്തിൽ വൻതോതിൽ വിദേശത്ത് നിന്ന് കള്ളപ്പണം എത്തിയതെന്നും ഹവാല ഇടപാടുകൾ വ്യാപകമായി തുടങ്ങിയതെന്നും വിരമിച്ച ഡിജിപിമാരുടെ വെളിപ്പെടുത്തലിൽ നിന്നും പോലീസിന്റെ കേസ്ഡയറികളിൽ നിന്നും വ്യക്തമാണ്. കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഏകദേശം 10 ലക്ഷം കോടി രൂപയുടെ അധോലോക മാഫിയ പണം വ്യാപരിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് അനൗദ്യോഗിക പഠനം നടത്തുന്ന വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നു.



2006-2016 കാലഘട്ടത്തിൽ കേരളത്തിൽ അധോലോക മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെട്ടു. 2014 മെയ് മാസത്തിലാണ് നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നത്. 2015 ഫെബ്രുവരിയിൽ കേരളം സന്ദർശിച്ച പ്രധാനമന്ത്രി കേരളം തീവ്രവാദികളുടെ പറുദീസയാണെന്നും ഭീകരവാദികളുടെ നഴ്സറിയാണെന്നും പറഞ്ഞു. അദ്ദേഹത്തിന് ലഭിച്ച കേന്ദ്ര അന്വേഷണ ഏജൻസികളുടെ റിപ്പോർട്ടിൽ നിന്നാകും ഈ കണ്ടെത്തൽ നടത്തിയത്. പ്രധാനമന്ത്രിയുടെ ഈ പ്രഖ്യാപനത്തെ നാളിതുവരെയും ആരും നിഷേധിച്ചിട്ടില്ല. അങ്ങനെയുള്ള കേരളത്തിലാണ് 2016 ൽ സിപിഎം നേതാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായി അധികാരമേൽക്കുന്നത്.

ഇഡി അന്വേഷിക്കുന്ന മാസപ്പടി കേസുകളിൽ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന സിഎംആർഎൽ-എക്സാലോജിക്കൽ കേസിന് ആധാരമായ എക്സാലോജിക്കൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏകാംഗ കമ്പനി 2014 ൽ ബെംഗളൂരുവിൽ രജിസ്റ്റർ ചെയ്തത് വീണ തൈക്കണ്ടിയിൽ ആണ്. ഇതൊരു ഐടി അധിഷ്ഠിത സ്വകാര്യ കമ്പനിയാണ്. കമ്പനിയുടെ അംഗീകൃത മൂലധനം ഒരു ലക്ഷം രൂപയാണ്. 2021 മാർച്ച് 31 വരെയുള്ള ബാക്കിപത്രവും ലാഭനഷ്ട കണക്കുകളും സമർപ്പിച്ചിട്ടുണ്ട്. 2014 സെപ്റ്റംബർ 19 മുതൽ വീണ തൈക്കണ്ടിയിൽ തന്നെയാണ് ഡയറക്ടറും മാനേജിങ് ഡയറക്ടറും. വീണ തൈക്കണ്ടിയിൽ എന്നത് ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ മകൾ വീണ വിജയൻ തന്നെയാണ്. 2014 ൽ വിജയൻ സിപിഎമ്മിന്റെ സംസ്ഥാന സെക്രട്ടറി ആയിരുന്നു. സിപിഎമ്മിന്റെ സംസ്ഥാന സെക്രട്ടറിയുടെ മകളാണ് ഏകാംഗ പ്രൈവറ്റ് കമ്പനി കേരളത്തിൽ രജിസ്റ്റർ ചെയ്യാതെ കർണാടകത്തിൽ പോയി ബെംഗളൂരുവിൽ രജിസ്റ്റർ ചെയ്തത്.

2014 ന് മുൻപ് വീണ ആർ.ടി. ടെക്നോസോഫ്റ്റ് എന്ന കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോലി നോക്കിയതായി പറയുന്നു. ഈ കമ്പനി ആരുടേതാണെന്നെന്നു കൂടി അന്വേഷിക്കേണ്ടതാണ്. ഇപ്പോൾ ഇഡി അന്വേഷിക്കുന്നത്, ആദായനികുതി തർക്കപരിഹാര അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ സേവനം ലഭിക്കാതെ അന്നത്തെ മുഖ്യമന്ത്രിയുടെ മകൾ വീണ വിജയനും മകളുടെ കമ്പനിക്കും 2.78 കോടി രൂപ നൽകിയ കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് എന്ന പബ്ലിക് കമ്പനിയുടെ മാനേജിങ് ഡയറക്ടർ ശശിധരൻ കർത്തയുടെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് സത്യവാങ്മൂലത്തിലൂടെയും വാദങ്ങളിലൂടെയും ഉന്നയിച്ച കാര്യങ്ങൾ ആണ്. അവർ പറഞ്ഞത് കേരളത്തിൽ ഉന്നത രാഷ്ട്രീയ നേതാക്കൾക്കും അവരുടെ ബന്ധുക്കൾക്കും മാസപ്പടി നൽകാതെ കമ്പനികൾക്ക് പ്രവർത്തിക്കാൻ കഴിയില്ല എന്നാണ്. രാഷ്ട്രീയ നേതാക്കൾക്ക് മാസപ്പടി നൽകിയതിന്റെ കണക്കും വിശദാംശങ്ങളും അവർ ട്രൈബ്യൂണൽ മുമ്പാകെ രേഖാമൂലം സമർപ്പിച്ചു. അത് സംബന്ധിച്ച് ആദായനികുതി തർക്കപരിഹാര അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ പരാമർശം വന്നു. 182 കോടി രൂപ ഇങ്ങനെ നൽകിയപ്പോൾ അതിന് ആദായനികുതി നല്കാൻ കഴിയില്ലെന്നും ഇളവ് നൽകണമെന്നുമാണ് ശശിധരൻ കർത്തയും കൂട്ടരും ബോധിപ്പിച്ചത്. എന്നാൽ അവരുടെ വാദം തള്ളിക്കൊണ്ട് ആദായനികുതി പിഴയോടെ ഒടുക്കാനാണ് ഉന്നതാധികാര കോടതികൾക്ക് തുല്യമായ നിയമം മൂലം രൂപീകരിക്കപ്പെട്ട ട്രൈബ്യൂണലിന്റെ വിധി വന്നത്. അപ്രകാരം കമ്പനി നികുതിയും പിഴയുമടച്ച് ഇത് സംബന്ധിച്ച നിയമ നടപടികളിൽ നിന്ന് തത്കാലം ഒഴിവായി. ഇങ്ങനെ 182 കോടി രൂപ രാഷ്ട്രീയക്കാർക്ക് മാസപ്പടി നൽകിയത് മൂലം കമ്പനി നഷ്ടത്തിലാണെന്ന് സമർപ്പിക്കപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമായി. ഈ കമ്പനിയിൽ 13% ഓഹരി പങ്കാളിത്തം കേരളസർക്കാർ ഉടമസ്ഥതയിലുള്ള കേരളാ വ്യവസായ വികസന കോർപറേഷൻ എന്ന സർക്കാർ കമ്പനിക്കാണ്.

കമ്പനി നിയമപ്രകാരം 10 ശതമാനത്തിലധികം ഓഹരികൾ കൈവശമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കമ്പനിയുടെ മാനേജ്മെന്റിൽ നിയന്ത്രണാധികാരമുള്ളവരായിട്ടാണ് കണക്കാക്കുന്നത്. ഇപ്രകാരം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന് കൊച്ചിയിലെ സിഎംആർഎൽ എന്ന കമ്പനിയിൽ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ അംഗത്വവും നിയന്ത്രണാധികാരവുമുണ്ട്. അങ്ങനെ കേരളാ സർക്കാരിന് നിയന്ത്രണാധികാരമുള്ള പബ്ലിക് ലിമിറ്റഡ് കമ്പനി രാഷ്ട്രീയ നേതാക്കൾക്ക് 182 കോടി രൂപ മാസപ്പടി നൽകുന്നതും മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിക്കും മകൾക്കും യാതൊരു സേവനവും ലഭിക്കാതെ 2.78 കോടി രൂപ നൽകുന്നതും ഗുരുതരമായ കൃത്യവിലോപവും നിയമലംഘനവും അതുകൊണ്ടുതന്നെ കുറ്റകരവും ശിക്ഷാർഹവുമാണ്. രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നൽകുന്നത് 2013 ലെ കമ്പനി നിയമം 182-ാം വകുപ്പനുസരിച്ച് നിയന്ത്രണങ്ങൾക്ക് വിധേയമാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ ലാഭത്തിന്റെ 7.5 ശതമാനത്തിൽ കൂടുതൽ സംഭാവനയായി നൽകിക്കൂടാ. ഇങ്ങനെ സംഭാവന നൽകണമെങ്കിൽ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനം വേണം. കേന്ദ്ര ഇലക്ഷൻ കമ്മീഷന് രാഷ്ട്രീയ പാർട്ടികൾ നൽകുന്ന കണക്കുകളിൽ ഈ തുക കൃത്യമായി



രേഖപ്പെടുത്തണം. എന്നാൽ കൊച്ചിയിലെ സിഎംആർഎൽ രാഷ്ട്രീയ നേതാക്കൾക്ക് നൽകിയ മാസപ്പടി നിയമാനുസൃതമല്ലന്ന് പരാതിക്കാരായ മാത്യു കുഴൽനാടൻ എംഎൽഎയും അഡ്വ. ഷോൺ ജോർജും വാദിക്കുന്നു. സിഎംആർഎൽ കമ്പനിയുടെ മാസപ്പടി ഡയറിയിൽ എഴുതിയിട്ടുള്ള പി.വി. മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണെന്ന് മാത്യു കുഴൽനാടൻ തറപ്പിച്ച് പറയുന്നു. ഒ.സി. എന്നത് അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആണെന്നും ആർ.സി. എന്നത് രമേശ് ചെന്നിത്തലയാണെന്നും പികെ. എന്നത് കുഞ്ഞാലികുട്ടിയാണെന്നും മുൻ വ്യവസായമന്ത്രി ഇബ്രാഹിം കുഞ്ഞിന്റെ പേരും ഡയറിയിലുണ്ടെന്നും ഇതിന് മറുപടിയായി സിപിഎമ്മുകാർ പറയുന്നു.

ഇതിനിടയിൽ കേന്ദ്രസർക്കാരിന്റെ കമ്പനികാര്യ മന്ത്രാലയം ഇത് സംബന്ധിച്ച് അന്വേഷണം നടത്തി. അപ്രകാരം വീണ തൈക്കണ്ടിയിലിന്റെ എക്സാലോജിക് പ്രൈവറ്റ് ലിമിറ്റഡിനെ കുറിച്ച് ബാംഗ്ലൂർ രജിസ്ട്രാർ ഓഫ് കമ്പനിയും കൊച്ചിയിലുള്ള സിഎംആർഎൽനെക്കുറിച്ചും കെഎസ്ഐഡിസിയെക്കുറിച്ചും കേരളാ രജിസ്ട്രാർ ഓഫ് കമ്പനീസും അന്വേഷണം നടത്തി കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന് കൊടുത്ത റിപ്പോർട്ടുകൾ പത്രങ്ങളിൽ വന്നു. സർക്കാരിന്റെയും പൊതുജനങ്ങളുടെയും പണം ഓഹരി നിക്ഷേപമായി വാങ്ങി പ്രവർത്തിക്കുന്ന കമ്പനികൾ നിയമാനുസൃതം പരസ്യം നൽകിയാണ് കരാറുകൾ ഉറപ്പിക്കേണ്ടത്. ഇങ്ങനെ പരസ്യം നൽകി ഏർപ്പെടുന്ന കരാറുകൾ കമ്പനി നിയമം വകുപ്പ് 117, 403 പ്രകാരം രജിസ്ട്രാർ ഓഫ് കമ്പനീസ് മുമ്പാകെ 30 ദിവസത്തിനകം സമർപ്പിക്കണം. എന്നാൽ സിഎംആർഎൽ എക്സാലോജിക് കമ്പനിക്കും ഉടമയ്ക്കും 2.78 കോടി നൽകിയത് സംബന്ധിച്ച് യാതൊരു കരാറുകളും നിയമപ്രകാരം രജിസ്ട്രാർ ഓഫ് കമ്പനീസിന് സമർപ്പിച്ചിട്ടില്ല എന്നാണ് അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്.

കേരള സർക്കാർ ഉടമയിലുള്ള കെഎസ്ഐഡിസിയ്ക്ക് സിഎംആർഎൽ എന്ന കൊച്ചി ആസ്ഥാനമായ കമ്പനിയിൽ 13 ശതമാനം ഓഹരി ഉള്ളതുകൊണ്ട്, നിയന്ത്രണാധികാരമുണ്ടെന്നും അതിനാൽ മുഖ്യമന്ത്രിയുടെ മകളുടെ ഏകാംഗ കമ്പനിയായ എക്സാലോജിക് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി കൊച്ചിയിലെ സിഎംആർഎൽ നടത്തിയ 2.78 കോടി രൂപയുടെ ഇടപാടുകൾ 2013 ലെ കമ്പനി നിയമം 184, 188, 189 എന്നിവയുടെ ലംഘനമാണെന്നും അന്വേഷണ റിപ്പോർട്ടുകളിൽ പറയുന്നതായി വാർത്തകൾ വന്നു. ഇപ്രകാരം ആരോപിക്കപ്പെട്ട കുറ്റം തെളിഞ്ഞാൽ സിഎംആർഎല്ലിന്റെയും കെഎസ്ഐഡിസിയുടെയും മാനേജ്മെന്റ് പ്രതിനിധികൾ വിചാരണ നേരിടേണ്ടി വരും. കെഎസ്ഐഡിസിയെ നിയന്ത്രിക്കുന്നത് മുഖ്യമന്ത്രിയാണെന്നും സിഎംആർഎൽ എന്ന കമ്പനിയിൽ കെഎസ്ഐഡിസിയ്ക്ക് നിയന്ത്രണാവകാശമുണ്ടെന്നും ഉന്നതാധികാര കോടതികൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട കമ്പനികളുടെ മാനേജ്മെന്റ് പ്രതിനിധികൾ ശിക്ഷിക്കപ്പെടാം.

കമ്പനി നിയമം വകുപ്പ് 206, 207, 208 പ്രകാരമാണ് കർണാടക, കേരളാ രജിസ്ട്രാർ ഓഫ് കമ്പനീസ് അന്വേഷണം നടത്തിയത്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്പനി നിയമം വകുപ്പ് 210 പ്രകാരം കേന്ദ്ര കമ്പനികാര്യ മന്ത്രാലയം മൂന്നംഗ ഉന്നതാധികാര സമിതിയെ കൂടുതൽ അന്വേഷണങ്ങൾക്കായി നിയോഗിച്ചു. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെടുന്ന നിയമലംഘനങ്ങളെക്കുറിച്ച് കമ്പനി നിയമം വകുപ്പ് 212 പ്രകാരം സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓർഗനൈസഷൻ (എസ്എഫ്ഐഒ), എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി), സിബിഐ, ആദായനികുതി വകുപ്പ് എന്നീ കേന്ദ്ര അന്വേഷണ ഏജൻസികൾക്ക് കേസെടുത്ത് അന്വേഷണം നടത്താവുന്നതാണ്. ആദായനികുതി തർക്കപരിഹാര ട്രിബ്യൂണലിന്റെ വിധിയുടെയും എസ്എഫ്ഐഒ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ഇഡി കള്ളപ്പണ നിരോധന നിയമം 2002 (പിഎംഎൽഎ) പ്രകാരം കേസെടുത്തു അന്വേഷണം ആരംഭിച്ചത്

ഇഡി അന്വേഷണത്തിനെതിരെ സിഎംആർഎൽ കമ്പനി കേരള ഹൈക്കോടതിയിൽ നൽകിയ ഹർജികൾ ഡിവിഷൻ ബെഞ്ച് തള്ളിയതിനെ തുടർന്നാണ് കൂടുതൽ തെളിവ് ശേഖരിക്കാൻ വീണയുടെ തിരുവനന്തപുരത്തെ വീട്ടിലും കണ്ണൂരിലേ വീട്ടിലും ഭർത്താവ് മുഹമ്മദ് റിയാസ് എംഎൽഎയുടെ കോഴിക്കോട്ടുള്ള വീട്ടിലും റെയ്ഡ് നടത്തിയത്. റെയ്ഡിൽ കേസുമായി ബന്ധപ്പെട്ട് രാജ്യത്തിനകത്തും പുറത്തുമായുള്ള 242 ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തിയതായി വാർത്തകൾ വന്നു. കോഴിക്കോട്ടും കണ്ണൂരും റെയ്ഡിനെത്തിയ ഇഡി ഉദ്യോഗസ്ഥർ അക്രമിക്കപ്പെട്ടില്ല. എന്നാൽ റെയ്ഡ് നടക്കുമ്പോൾ വീണയുടെ തിരുവനന്തപുരത്തെ വീട്ടിൽ പിതാവും മുൻ മുഖ്യമന്ത്രിയും ആയ ഇപ്പോഴത്തെ പ്രതിപക്ഷ നേതാവും ഉണ്ടായിരുന്നു. തിരുവനന്തപുരം സിറ്റിയിലെ മ്യൂസിയം പോലീസ് സ്റ്റേഷനും തമ്പാനൂർ പോലീസ് സ്റ്റേഷനും മധ്യഭാഗത്തായിട്ടാണ് വീണയുടെ ഇഡി റെയ്ഡ് നടന്ന ഇപ്പോഴത്തെ വാടക വീട്. കേരള പോലീസിന്റെ നന്ദാവനം എആർ ക്യാമ്പും അടുത്തുതന്നെയാണ്. രാവിലെ ആറു മണിക്ക് തുടങ്ങിയ റെയ്ഡ് രണ്ട് മണിക്ക് അവസാനിച്ചു.

റെയ്ഡ് കഴിഞ്ഞു പുറത്തിറങ്ങിയ ഇഡി ഉദ്യോഗസ്ഥരെയും ബാങ്ക് ജീവനക്കാരിയെയും ടാക്സി ഡ്രൈവറെയും എം.വി. ഗോവിന്ദന്റേയും വി. ജോയ് എംഎൽഎയുടെയും സാന്നിധ്യത്തിൽ 26 സിപിഎംകാർ പരസ്യമായി ആക്രമിക്കുന്ന ദൃശ്യങ്ങൾ പുറത്തു വന്നു. ഉദ്യോഗസ്ഥർ സഞ്ചരിച്ച രണ്ട് കാറുകൾ തല്ലിത്തകർത്തു. 26 സിപിഎം പ്രവർത്തകർ അറസ്റ്റിലായി. അതിൽ വിദ്യാർത്ഥി നേതാവിന് മാത്രം ദിവസങ്ങൾക്ക് ശേഷം ജാമ്യം ലഭിച്ചു. കള്ളപ്പണ കേസുകൾ ഇഡി അന്വേഷിക്കുന്നത് രാജ്യസുരക്ഷക്ക് വേണ്ടിയാണ്. അപ്പോൾ ഇഡിയെ ആക്രമിക്കുന്നത് രാജ്യദ്രോഹകുറ്റം തന്നെയാണ്. നിയമാനുസൃതം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കന്ന ഒരു രാഷ്ട്രീയ പാർട്ടി ഇഡി ഉദ്യോഗസ്ഥരെ ആക്രമിക്കുന്നത് രാജ്യവിരുദ്ധ പ്രവർത്തനം തന്നെയാണ്. ഇഡി ഉദ്യോഗസ്ഥർക്കു സംരക്ഷണം നൽകുന്നതിൽ കേരള പൊലീസിന് വീഴ്ച പറ്റിയെന്ന് സിറ്റി കമ്മിഷണർ പരസ്യമായി സമ്മതിച്ചു. ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ അദ്ദേഹം പരസ്യശാസനയ്ക്ക് വിധേയരാക്കി.

ഇങ്ങനെ അക്രമിക്കപ്പെടുന്നത് മൂലം പ്രവർത്തനം നിർത്താൻ കഴിയുന്നതല്ല നിയമം മൂലം രൂപീകൃതമായ അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഇഡി എന്ന കേന്ദ്ര അന്വേഷണ ഏജൻസി. ഇപ്പോഴത്തെ കേന്ദ്ര സർക്കാർ ഇഡിയെ ശക്തിപ്പെടുത്താൻ 2015, 2018, 2019 വർഷങ്ങളിൽ പിഎംഎൽഎ നിയമം ഭേദഗതി ചെയ്തു. ആദായനികുതി വകുപ്പിനും ഇഡിയ്ക്കും സിബിഐയ്ക്കും ഏത് സമയവും കേസെടുത്ത് അന്വേഷണം നടത്താവുന്നതാണ്.

വീണക്കെതിരെയുള്ള ഇഡി അന്വേഷണം തുടരുകയാണ്. തെളിവെടുപ്പിനായി ചോദ്യം ചെയ്യാൻ കൊച്ചിയിലെ ഇഡി ഓഫീസിൽ രണ്ടാം തവണയായി 29.06.2026 ൽ ഹാജരാവാനുള്ള സമൻസ് നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ഗുരുതരമായ കുറ്റങ്ങൾ കോടതി മുമ്പാകെ തെളിഞ്ഞാൽ പ്രതികൾ കമ്പനി നിയമം വകുപ്പ് 447, 448, 449, 451 പ്രകാരവും പിഎംഎൽഎ ആക്ട് 2002 പ്രകാരവും ശിക്ഷിക്കപ്പെടാവുന്നതാണ്.

■

മോദിയുടെ ജനപ്രീതി

■ ബിൽ ഡ്രെക്സൽ (സീനിയർ ഫെലോ, ഹഡ്സൺ ഇൻസ്റ്റിറ്റ്യൂട്ട്) - ദ വാഷിങ്ടൺ പോസ്റ്റ്



# വിമർശകരെ പരാജയപ്പെടുത്തി മോദി മുന്നോട്ട്

***മ**മത ബാനർജിയെ പരാജയപ്പെടുത്തിയതിലൂടെ, തടസ്സമായി മാറുമെന്നു കരുതിയിരുന്ന പ്രാദേശിക-സാംസ്കാരിക അതിരുകൾ ഭേദിക്കാൻ കഴിയുമെന്നു ബിജെപി തെളിയിച്ചിരിക്കുകയാണ്. പശ്ചിമ ബംഗാളിലെ സീറ്റുകളുടെ മൂന്നിൽരണ്ടിലധികവും നേടിയെടുത്ത പാർട്ടി 21 സംസ്ഥാനങ്ങൾ ഭരിക്കുന്ന തലത്തിലേക്ക് വളർന്നിരിക്കുന്നു. അതേസമയം, ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് കേവലം നാലു സംസ്ഥാനങ്ങളിലേക്കു ചുരുങ്ങി. ലോകത്തെ വൻശക്തികൾക്കിടയിൽ ഇന്ത്യ സ്വന്തം സ്ഥാനം ഉറപ്പിക്കുന്ന വേളയിൽത്തന്നെയാണു ബിജെപിയും സ്വന്തം കരുത്തു വർധിപ്പിക്കുന്നത്: ജനസംഖ്യയിൽ ഒന്നാമത്, സൈനികരുടെ എണ്ണത്തിൽ രണ്ടാമത്, സാമ്പത്തിക രംഗത്തു മൂന്നാം സ്ഥാനത്തേക്കുള്ള കുതിപ്പ്, കൂടാതെ ഏഷ്യയിൽ ചൈനയ്ക്കു ബദലാകാൻ ശേഷിയുള്ള ഏകരാജ്യം എന്നീ നേട്ടങ്ങൾക്കിടയിലാണ് ഈ വളർച്ച.***

വർഷങ്ങളായി, പാശ്ചാത്യ ലിബറലുകളും ഇന്ത്യയിലെ പ്രതിപക്ഷവും ഒരു സിദ്ധാന്തത്തിൽ ആശ്വാസം കണ്ടെത്തിയിരുന്നു: പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വേച്ഛാധിപതിയാണ്. ഇന്ത്യയുടെ അതിമഹത്തായ വൈവിധ്യം ആത്യന്തികമായി ഏകാധിപത്യ ഭരണവുമായി ഒത്തുപോകില്ല. അതിനാൽ അദ്ദേഹത്തിന്റെ സഹിഷ്ണുതയില്ലാത്ത നിലപാടുകൾ സ്വാഭാവികമായും തിരിച്ചടിയുണ്ടാക്കും.



ആ സിദ്ധാന്തത്തിന് ഏറ്റവും വലിയ തിരിച്ചടി നേരിട്ടിരിക്കുകയാണ് ഇക്കഴിഞ്ഞ തിങ്കളാഴ്ച. ചരിത്രത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനമായ മോദിയുടെ ഭാരതീയ ജനതാ പാർട്ടി, ഒരിക്കലും വഴങ്ങില്ലെന്നു കരുതിയ ഒരു സംസ്ഥാനംകൂടി പിടിച്ചെടുത്തിരിക്കുന്നു. കലിഫോർണിയ, ടെക്സസ്, ന്യൂയോർക്ക് എന്നിവ സംയുക്തമായി ഉൾക്കൊള്ളുന്നതിനേക്കാൾ കൂടുതൽ ജനസംഖ്യയുള്ള, സാംസ്കാരികമായി വൈവിധ്യമാർന്ന, സ്വതന്ത്രമായ സ്വത്വമുള്ള ഒരു പ്രദേശം. ഈ പുതിയ പരാജയത്തിൽനിന്നു പാഠം പഠിക്കാൻ പ്രതിപക്ഷം ശ്രമിക്കുന്നതു നന്നായിരിക്കും.

തിങ്കളാഴ്ചത്തെ വോട്ടെണ്ണൽ ഒരു സംസ്ഥാനത്തെ ഭരണമാറ്റത്തിനപ്പുറമുള്ള ഫലങ്ങളാണ് ഉളവാക്കിയിരിക്കുന്നത്. പതിറ്റാണ്ടുകളായി, ഭാരതീയ ജനതാ പാർട്ടിയുടെ ദേശീയ വ്യാപനത്തെ തടഞ്ഞുനിർത്തിയിരുന്ന ഏറ്റവും ശക്തമായ ഘടകം ഇന്ത്യയിലെ കരുത്തുറ്റ പ്രാദേശിക കക്ഷികളായിരുന്നു. പ്രാദേശിക വേരുകളുള്ള, അതതു സംസ്ഥാനങ്ങളിലെ ഭാഷയിലും സ്വത്വത്തിലും അടിയുറച്ച ഈ രാഷ്ട്രീയ സംവിധാനങ്ങളിലേക്കു

കടന്നുകയറാൻ വടക്കേ ഇന്ത്യൻ ഹിന്ദി സംസ്കാരത്തിനു മുൻതൂക്കമുള്ള ബിജെപി പലപ്പോഴും പ്രയാസപ്പെട്ടിരുന്നു. കരുത്തുറ്റ നേതാവായ മമത ബാനർജി നയിക്കുന്ന പശ്ചിമ ബംഗാളിലെ തൃണമൂൽ കോൺഗ്രസ് ഇതിൽ ഏറ്റവും പ്രമുഖമായിരുന്നു. ഇന്ത്യയുടെ ബഹുസ്വരത ഏതെങ്കിലും ഒരു പാർട്ടിക്ക്, പ്രത്യേകിച്ച് സാംസ്കാരിക ദേശീയതയുടെ ശക്തമായ കാഴ്ചപ്പാടു മുന്നോട്ടുവയ്ക്കുന്ന പാർട്ടിക്ക്, ഒന്നിപ്പിക്കാൻ കഴിയാത്തവിധം വിശാലമാണ് എന്ന ചിന്താഗതിക്ക് ഇതു കരുത്തുപകർന്നിരുന്നു. എന്നാൽ, തിങ്കളാഴ്ച മമത ബാനർജിയെ പരാജയപ്പെടുത്തിയതിലൂടെ, തടസ്സമായി മാറുമെന്നു കരുതിയിരുന്ന പ്രാദേശിക-സാംസ്കാരിക അതിരുകൾ ഭേദിക്കാൻ കഴിയുമെന്നു ബിജെപി തെളിയിച്ചിരിക്കുകയാണ്.

ഈ വിജയത്തിനു മുമ്പുതന്നെ, ഭാരതീയ ജനതാ പാർട്ടിയുടെ വളർച്ചയുടെ കണക്കുകൾ വിസ്മയിപ്പിക്കുന്നതായിരുന്നു. ലോകത്തിലെ മറ്റേതൊരു രാഷ്ട്രീയ പ്രസ്ഥാനത്തേക്കാളും കൂടുതൽ, അതായത് 140 ദശലക്ഷം, അംഗങ്ങൾ ബിജെപിക്കുണ്ട്. ഇക്കാര്യത്തിൽ മുന്നിലായിരുന്ന ഏക കക്ഷിയായ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയേക്കാൾ 40 ശതമാനം അധികമാണിത്. ചരിത്രത്തിലെ മറ്റേതൊരു രാഷ്ട്രീയക്കാരനേക്കാളും കോടിക്കണക്കിനു വോട്ടുകൾ അധികമായി മോദിക്കു ലഭിച്ചിട്ടുണ്ട്. ദീർഘകാലം അധികാരത്തിലിരുന്നിട്ടും, മോണിങ് കൺസൾട്ടിന്റെ ആഗോള നേതാക്കളുടെ ജനസമ്മതി പട്ടികയിൽ ലോകത്തെ തെരഞ്ഞെടുക്കപ്പെട്ട മറ്റെല്ലാ നേതാക്കളെക്കാളും ബഹുദൂരം മുന്നിലാണു മോദി. ജനാധിപത്യത്തിൽ കരുത്തു തെളിയിക്കുന്ന മാനദണ്ഡങ്ങൾ പരിശോധിച്ചാൽ, സമകാലിക ലോകത്തിലെ ഏറ്റവും വിജയകരമായ രാഷ്ട്രീയ പ്രസ്ഥാനമായി ഹിന്ദു വലതുപക്ഷം മാറിക്കഴിഞ്ഞു.

തെരഞ്ഞെടുപ്പു വിജയങ്ങൾ മാത്രമല്ല ജനാധിപത്യത്തിന്റെ കരുത്തളക്കാനുള്ള ഏക മാർഗമെന്നു വിമർശകർ ന്യായമായ കാരണങ്ങളോടെ മറുവാദം ഉന്നയിക്കുന്നുണ്ട്. ബിജെപിയും വിശാലമായ ഹിന്ദു ദേശീയ പ്രസ്ഥാനവും ഇന്ത്യയുടെ ലിബറൽ സ്ഥാപനങ്ങളെയും പത്രസ്വാതന്ത്ര്യത്തെയും ബഹുസ്വര സാമൂഹ്യഘടനയെയും തകർത്തിട്ടുണ്ടെന്നും, ഈ ഭരണത്തിനു കീഴിൽ ന്യൂനപക്ഷങ്ങൾ വർധിച്ചുവരുന്ന അക്രമങ്ങളും വിവേചനവും നേരിടുന്നുണ്ടെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

ബാലറ്റുകൾ കാണുന്നതുപോലെയല്ലെന്നും, തെരഞ്ഞെടുപ്പു കമ്മീഷനെ സ്വാധീനിച്ചും എതിരാളികളെ അപേക്ഷിച്ച് വൻ സാമ്പത്തിക നേട്ടം ലഭ്യമാക്കുകയും, ഇപ്പോൾ നിർത്തലാക്കുകയും ചെയ്ത സംഭാവനാ പദ്ധതി ആവിഷ്കരിച്ചും ബിജെപി കളം അനുകൂലമായി മാറ്റുകയാണെന്നും അവർ ആരോപിക്കുന്നു. പശ്ചിമ ബംഗാളിലെ വോട്ടെടുപ്പു മറ്റൊരു വിവാദത്തിനും വഴിയൊരുക്കി. വോട്ടർ പട്ടികയിൽനിന്ന് ഏകദേശം 90 ലക്ഷം പേരുകൾ (വോട്ടർമാരുടെ ഏകദേശം 12 ശതമാനം) തെരഞ്ഞെടുപ്പു കമ്മീഷൻ നീക്കം ചെയ്തിരുന്നു. ഇരട്ടിപ്പുള്ളതും അയോഗ്യരുമായ വോട്ടർമാരെയും മരിച്ചവരെയുമാണു നീക്കംചെയ്തതെന്ന് അനുകൂലികൾ വാദിച്ചപ്പോൾ, പ്രതിപക്ഷത്തിനു വോട്ടുചെയ്യുന്ന മുസ്ലിം ന്യൂനപക്ഷത്തിന്റെ വോട്ടവകാശം ഇല്ലാതാക്കാനുള്ള ആയുധമാണിതെന്നു വിമർശകർ കുറ്റപ്പെടുത്തി.

എന്നാൽ, തെരഞ്ഞെടുപ്പിലെ തന്ത്രങ്ങൾകൊണ്ടുമാത്രം ബിജെപിയുടെ വിജയങ്ങൾ വിശദീകരിക്കാനാകില്ല. തിങ്കളാഴ്ച പശ്ചിമ ബംഗാളിലെ സീറ്റുകളുടെ മൂന്നിൽരണ്ടിലധികവും പാർട്ടി നേടിയെടുത്തു. 50 വർഷത്തിൽ താഴെ മാത്രം പ്രായമുള്ള ഈ പ്രസ്ഥാനം, പാർശ്വവൽക്കരിക്കപ്പെട്ട കൂട്ടായ്മയിൽനിന്ന്, 21 സംസ്ഥാനങ്ങൾ ഭരിക്കുന്ന തലത്തിലേക്ക് ഇന്നു വളർന്നിരിക്കുന്നു. അതേസമയം, ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് കേവലം നാലു സംസ്ഥാനങ്ങളിലേക്കു ചുരുങ്ങുകയും ചെയ്തു.

പ്രധാന എതിരാളിയുമായുള്ള താരതമ്യം ഇവിടെ ശ്രദ്ധേയമാണ്. കോൺഗ്രസ് പാർട്ടിക്ക് അതിന്റെ ആധിപത്യം പാരമ്പര്യമായി ലഭിച്ചതാണ്. അവർ സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകി, ഇന്ത്യയിലെ ഇംഗ്ലീഷ് സംസാരിക്കുന്ന വരേണ്യവർഗത്തിന്റെ പിന്തുണ നേടിയെടുത്തു, രാജ്യത്തിന്റെ ആദ്യ അരനൂറ്റാണ്ടുകാലം ഭരണം കൈയാളുന്നതിനായി അന്താരാഷ്ട്രതലത്തിൽ അന്നു പ്രചാരത്തിലുണ്ടായിരുന്ന ആശയങ്ങൾക്കനുസൃതമായ ഗവണ്മെന്റ് സംവിധാനങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്തു. എന്നാൽ ബിജെപി അതിന്റെ ആധിപത്യം നേടിയെടുത്തതു കഠിനമായ പാതയിലൂടെയാണ്. താഴേത്തട്ടിലുള്ള പതിറ്റാണ്ടുകൾ നീണ്ട പ്രവർത്തനങ്ങളിലൂടെയും സംഘാടനത്തിലൂടെയും അവർ അതു പടുത്തുയർത്തി. ഒന്നിച്ചു വോട്ടു ചെയ്യാൻ മറ്റു കാരണങ്ങളൊന്നുമില്ലാതിരുന്ന വിവിധ ജാതികളെയും ഭാഷകളെയും പ്രാദേശിക-മത പാരമ്പര്യങ്ങളെയും ഒരൊറ്റ മുന്നണിയിലേക്കു കൂട്ടിച്ചേർക്കാൻ അവർ അതീവ ശ്രദ്ധയോടെ പ്രയത്നിച്ചു.

ഒരു നൂറ്റാണ്ടു പഴക്കമുള്ളതും വിവാദങ്ങൾ നിറഞ്ഞതുമായ രാഷ്ട്രീയ സ്വയംസേവക സംഘിന്റെ (ആർഎസ്എസ്) കീഴിലുള്ള 'സംഘപരിവാർ' അഥവാ 'സംഘടനാകുടുംബ'മാണ് ഇതിന്റെ അടിത്തറ. ഹിന്ദു സമൂഹത്തെക്കുറിച്ചുള്ള അവരുടെ സങ്കൽപം പുനരുജ്ജീവിപ്പിക്കുന്നതിനായി ലക്ഷക്കണക്കിനു കേഡർമാരെയും ഡസൻകണക്കിനു സംഘടനകളെയും വളർത്തിയെടുക്കുന്നതിലാണ് ഈ ഹിന്ദു ദേശീയ സന്നദ്ധ സംഘടന ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ബിജെപിയുമായി ചേർന്നു പ്രവർത്തിക്കുന്ന ആർഎസ്എസ്, ബിജെപിക്കൊപ്പം രൂപം നൽകിയ മറ്റു സംഘടനകളുടെ ശൃംഖലയിലൂടെയാണ് അവരുടെ സന്ദേശം പ്രചരിപ്പിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിലാളി യൂണിയൻ, ഏറ്റവും വലിയ സ്വകാര്യ സ്കൂൾ ശൃംഖല, ഏറ്റവും വലിയ വിദ്യാർഥി യൂണിയൻ, ഹിന്ദു മതനേതൃത്വത്തിന്റെ ഏറ്റവും സ്വാധീനമുള്ള കൗൺസിൽ എന്നിവ അവയിൽ ചിലതു മാത്രമാണ്. ഇന്ത്യൻ സമൂഹത്തിലുടനീളമുള്ള പ്രത്യയശാസ്ത്രപരവും സാമൂഹികവുമായ ഈ സവിശേഷ ബന്ധങ്ങൾക്കൊപ്പം, വിട്ടുവീഴ്ചയില്ലാത്ത രാഷ്ട്രീയ നീക്കങ്ങളും തന്ത്രപരമായ സഖ്യരൂപീകരണവും ബിജെപിയുടെ അസാധാരണ വളർച്ചയുടെ അടിത്തറയായി മാറി.

ലോകത്തെ വൻശക്തികൾക്കിടയിൽ ഇന്ത്യ സ്വന്തം സ്ഥാനം ഉറപ്പിക്കുന്ന വേളയിൽത്തന്നെയാണു ബിജെപിയും സ്വന്തം കരുത്തു വർധിപ്പിക്കുന്നത്: ജനസംഖ്യയിൽ ഒന്നാമത്, സൈനികരുടെ എണ്ണത്തിൽ രണ്ടാമത്, സാമ്പത്തിക രംഗത്തു മൂന്നാം സ്ഥാനത്തേക്കുള്ള കുതിപ്പ്, കൂടാതെ ഏഷ്യയിൽ ചൈനയ്ക്കു ബദലാകാൻ ശേഷിയുള്ള ഏകരാജ്യം എന്നീ നേട്ടങ്ങൾക്കിടയിലാണ് ഈ വളർച്ച. പശ്ചിമ ബംഗാളിലെ തിങ്കളാഴ്ചത്തെ വിജയം സൂചിപ്പിക്കുന്നതു ബിജെപിയുടെ വളർച്ച അതിന്റെ പരമാവധിയിൽ എത്തിയിട്ടില്ല എന്നാണ്.


ബിജെപിയുടെ എതിരാളികൾ അവർ പണ്ടേ പ്രവചിച്ച ആ തിരിച്ചടിക്കായി ഇനിയും കാത്തിരുന്നേക്കാം. അതു ചിലപ്പോൾ സംഭവിച്ചേക്കാം. എന്നാൽ, തെളിവുകൾ നിരീക്ഷിക്കുന്ന ഏതൊരാളും വരുംദശകങ്ങളിലെ ഇന്ത്യയും ഏഷ്യയിലെ ശക്തിസന്തുലനവും കെട്ടിപ്പടുക്കുന്നതിൽ ഹിന്ദു വലതുപക്ഷത്തിനു വലിയ പങ്കുണ്ടാകുമെന്നു തിരിച്ചറിഞ്ഞ് അതിനായി തയ്യാറെടുക്കുകയാണു വേണ്ടത്.

■

ശ്രദ്ധാഞ്ജലി

■ പ്രത്യേക ലേഖകന്‍

# പത്മശ്രീ പി. നാരായണക്കുറുപ്പ്



പ്രമുഖ കവിയും സാഹിത്യകാരനും പത്മശ്രീ ജേതാവുമായ പി. നാരായണക്കുറുപ്പ് (92) അന്തരിച്ചു. കവി, നിരൂപകന്‍, വിവര്‍ത്തകന്‍, വാഗ്മി, സാംസ്‌കാരിക ചിന്തകന്‍ എന്നീ നിലകളില്‍ വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു. ഭാരതീയ സാംസ്‌കാരിക മൂല്യങ്ങളോടുള്ള പ്രതിബദ്ധത അദ്ദേഹത്തിന്റെ കവിതകളുടെയും ചിന്തകളുടെയും മുഖമുദ്രയായിരുന്നു. ചിരിയില്‍ തീക്ഷ്ണമായ പരിഹാസവും ചിന്തയും ചേര്‍ന്ന അനേകം കവിതകള്‍ രചിച്ചു. 1999 മുതല്‍ 2004 വരെ 'തപസ്യ കലാ സാഹിത്യ വേദി'യുടെ സംസ്ഥാന അദ്ധ്യക്ഷന്‍ ആയിരുന്നു. 'സംസ്‌കാര്‍ ഭാരതി'യുടെ വൈസ് പ്രസിഡന്റ് ആയും പ്രവര്‍ത്തിച്ചു. കേന്ദ്ര പബ്ലിക്കേഷന്‍ ഡിവിഷനിലും സെന്‍ട്രല്‍ ഇന്‍ഫര്‍മേഷന്‍ സര്‍വീസിലും കേരള ഭാഷാ ഇന്‍സ്റ്റിറ്റ്യൂട്ടില്‍ റിസര്‍ച്ച് ഓഫീസര്‍ ആയും പ്രവര്‍ത്തിച്ചു. ഭോപ്പാലിലെ 'ഭാരത് ഭവന്‍', 'സോപാനം' നാടകക്കളരി, 'കേരള കലാമണ്ഡലം' എന്നിവയുടെ ഭരണ സമതികളില്‍ ഉണ്ടായിരുന്നു. കേരള സാഹിത്യ അക്കാദമി അവാര്‍ഡ്, ഓടക്കുഴല്‍ അവാര്‍ഡ്, കേരള പാണിനി പുരസ്‌കാരം, ബാലസാഹിത്യ കൃതിക്കുള്ള സംസ്ഥാന അവാര്‍ഡ്, ഉള്ളൂര്‍ അവാര്‍ഡ്, വള്ളത്തോള്‍ പുരസ്‌കാരം എന്നിവ ലഭിച്ചു.

# എല്‍. പത്മകുമാര്‍




ഭാരതീയ ജനതാ പാര്‍ട്ടിയുടെ ആലപ്പുഴ മേഖലാ സംഘടനാ സെക്രട്ടറി എല്‍. പത്മകുമാര്‍(54) അന്തരിച്ചു. പ്രവര്‍ത്തകന്‍ പപ്പേട്ടന്‍ എന്ന് സ്‌നേഹപൂര്‍വം വിളിച്ചിരുന്ന പത്മകുമാര്‍ ബിജെപി മദ്ധ്യമേഖല സംഘടനാ സെക്രട്ടറി, ആര്‍എസ്എസ് ശബരിഗിരി വിഭാഗ് കാര്യവാഹ്, ആലപ്പുഴ ജില്ലാ കാര്യവാഹ്, തുറവൂര്‍ താലൂക്ക് കാര്യവാഹ്, ഹിന്ദു ഐക്യവേദി ജില്ല ജനറല്‍ സെക്രട്ടറി, ജന്മഭൂമി കൊച്ചി എഡിഷന്‍ ഡവലപ്‌മെന്റ് മാനേജര്‍ തുടങ്ങിയ സംഘടനാ ചുമതലകള്‍ വഹിച്ചിട്ടുണ്ട്. പോപ്പുലര്‍ ഫ്രണ്ടിന്റെ ഹിറ്റ്‌ലിസ്റ്റില്‍ പേരുണ്ടായിരുന്നയാളായിരുന്നു.

# സലിംകുമാര്‍



മലയാളത്തിന്റെ പ്രിയ നടനും ദേശീയ പുരസ്‌കാര ജേതാവുമായ സലിംകുമാര്‍ (56) അന്തരിച്ചു. കോമഡിലൂടെയും മിമിക്രിയിലൂടെയും മലയാള സിനിമയിലേക്ക് എത്തിയ സലിംകുമാര്‍ സീരിയസ് കഥാപാത്രങ്ങളിലും പ്രതിഭ തെളിയിച്ചു. 'ഇഷ്ടമാണ് നൂറുവട്ടം' ആണ് ആദ്യസിനിമ. മുന്നൂറിലേറെ ചിത്രങ്ങളില്‍ അഭിനയിച്ചു. സംവിധായകന്‍, എഴുത്തുകാരന്‍ എന്ന നിലയിലും കഴിവ് പ്രകടിപ്പിച്ചിട്ടുണ്ട്. അച്ഛനുറങ്ങാത്ത വീടിലെ പ്രകടനത്തിന് മികച്ച രണ്ടാമത്തെ നടനായി തെരഞ്ഞെടുക്കപ്പെട്ടു. 2010-ല്‍ ആദാമിന്റെ മകന്‍ അബുവിലൂടെ മികച്ച നടനുള്ള ദേശീയ, സംസ്ഥാന പുരസ്‌കാരങ്ങളും സലിംകുമാര്‍ സ്വന്തമാക്കി. മികച്ച ഹാസ്യനടനുള്ള സംസ്ഥാന പുരസ്‌കാരവും ലഭിച്ചു. ആദ്യ സംവിധാന സംരംഭമായ കറുത്ത ജൂതന് മികച്ച കഥയ്ക്കുള്ള സംസ്ഥാന പുരസ്‌കാരം ലഭിച്ചു.

# ആമേട വാസുദേവന്‍ നമ്പൂതിരി



ആര്‍എസ്എസ് എറണാകുളം വിഭാഗ് സംഘചാലകും ആമേട നാഗരാജ സപ്തമാതൃക്ഷേത്രത്തിന്റെ രക്ഷാധികാരിയുമായ എം.എ. വാസുദേവന്‍ നമ്പൂതിരി(73) അന്തരിച്ചു. ഹിന്ദുസ്ഥാന്‍ ന്യൂസ്പ്രിന്റ് ഡെപ്യൂട്ടി ജനറല്‍ മാനേജരായി വിരമിച്ച അദ്ദേഹം സാമൂഹിക-സാംസ്‌കാരിക-വിദ്യാഭ്യാസ മേഖലകളില്‍ സജീവ സാന്നിധ്യമായിരുന്നു. ആലുവ തന്ത്രവിദ്യാപീഠം ഡയറക്ടര്‍, മൂവാറ്റുപുഴ മുകാംബിക കോളെജ് ഡയറക്ടര്‍ ബോര്‍ഡ് അംഗം, വെള്ളൂര്‍ കാരിക്കോട് സരസ്വതി സ്‌കൂള്‍ ഡയറക്ടര്‍, അന്താരാഷ്ട്ര ശ്രീകൃഷ്ണകേന്ദ്രം ചെയര്‍മാന്‍, കെപിബി നിധി ലിമിറ്റഡ് ഡയറക്ടര്‍ ബോര്‍ഡ് അംഗം തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ ചുമതലകള്‍ വഹിച്ചിരുന്നു. വാസുദേവന്‍ നമ്പൂതിരി, സനാതന ധര്‍മത്തിന്റെയും പാരമ്പര്യ മൂല്യങ്ങളുടെയും സംരക്ഷണ-പ്രചാരണ രംഗത്ത് നല്‍കിയ സംഭാവനകള്‍ മഹത്തരമാണെന്ന് തന്ത്രവിദ്യാപീഠം പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണന്‍ നമ്പൂതിരി അനുശോചന സന്ദേശത്തില്‍ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ വിയോഗം സംഘപ്രസ്ഥാനങ്ങള്‍ക്ക് തീരാനഷ്ടമാണെന്ന് ഹിന്ദു ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷന്‍ ആര്‍.വി. ബാബു പറഞ്ഞു. എല്ലാവര്‍ക്കും വാസുവേട്ടനായിരുന്ന വാസുദേവന്‍ നമ്പൂതിരി സൗമ്യനും സ്‌നേഹസമ്പന്നനും നിര്‍മലഹൃദയനുമായിരുന്നു.


കർഷകോത്തമ, ഉദ്യാൻ പണ്ഡിറ്റ്, സ്പൈസസ് ബോർഡ് അവാർഡ് ജേതാവ്
ജാതികൃഷിയിൽ 100 മേനി വിളവ് ലഭിക്കാൻ
അടിമാലി സി.എം. ഗോപിയുടെ ജാതികൃഷിയിലെ അതിനൂതന കണ്ടുപിടുത്തം
മൾട്ടി റൂട്ട് ലോംഗ് ബഡ്ഡ് ജാതിതൈകൾ
മറ്റിനങ്ങൾക്ക് പുറമെ മൾട്ടി റൂട്ട് ജാതിയിൽ ബഡ്ഡ് ചെയ്ത വലിയ പത്രിയും കായും ഉള്ള (70-80 കായ് 1 kg), (300-350 പത്രി 1 kg) മൾട്ടി റൂട്ട് ലോംഗ് ജാതി എന്ന പുതിയ ഇനം വില്പന ആരംഭിച്ചിരിക്കുന്നു.
പ്രതിരോധശേഷി കൂടുതൽ, നല്ല കായ്ഫലം, മികച്ച ഉല്പാദനശേഷി, ആയുസ്സ് കൂടുതൽ
ദക്ഷിണേന്ത്യയിലെവിടെയും നല്ല കായ്ഫലം ലഭിക്കും
ചെറുകുന്നേൽ നേഴ്സറി (ഗവ: അംഗീകൃതം)
N.H.റോഡ്, ചാറ്റുപാറ - അടിമാലി, ഇടുക്കി ജില്ല
Ph: 9447613755, 8137807399. http://cherukunnelnursery.com
മുന്തിയ ഇനം കമുകിൻതൈകൾ കൊക്കോ, കുരുമുളക്, ഏലം, റംബൂട്ടാൻ മാങ്കോസ്റ്റിൻ, പ്ലാവ്, മാവ്, തെങ്ങ് തുടങ്ങിയവ ലഭ്യമാണ്.


WHOLESALE DEALERS OF JUTE BAGS, FILES, ENVELOPES, ACCOUNT BOOKS, FILE BOARDS & ALL STATIONERY ITEMS
SREE KERALA PAPERS
NEW TC82/5144, PULIMOODU JUNCTION, MG ROAD,
THIRUVANATHAPURAM - 695001
keralapaperstvm@gmail.com
PH: 944 793 6383, 944 647 1792

■ പ്രത്യേക ലേഖകൻ

# സംസ്ഥാനത്ത് പത്മശോഭ

വൈവിദ്ധ്യമാർന്ന മേഖലകളിൽ കേരളത്തിന്റെ യശഃസുയർത്തിയ ജന്മഭൂമി മുൻ മുഖ്യ പത്രാധിപർ പി. നാരായണൻ, സുപ്രീം കോടതി മുൻ ജഡ്ജിയും രാജ്യത്തെ പ്രമുഖ നിയമജ്ഞരിൽ ഒരാളുമായ ജസ്റ്റിസ് കെ.ടി. തോമസ് എന്നിവർക്ക് രാജ്യത്തെ രണ്ടാമത്തെ സിവിലിയൻ ബഹുമതിയായ പത്മവിഭൂഷൺ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു.

നടൻ മമ്മൂട്ടി, എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ എന്നിവർക്ക് പത്മഭൂഷണും സമ്മാനിച്ചു.

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് പത്മവിഭൂഷൺ പ്രഖ്യാപിച്ചിരുന്നെങ്കിലും സ്വീകരിക്കില്ലെന്ന് കുടുംബം അറിയിച്ചിരുന്നു.

നിരവധി പുസ്തകങ്ങൾ രചിക്കുകയും വിവർത്തനങ്ങൾ നിർവഹിക്കുകയും ചെയ്ത തൊണ്ണൂറുകാരനായ പി. നാരായണൻ സാമൂഹിക സേവനത്തിനും മാദ്ധ്യമപ്രവർത്തനത്തിനുമായി തന്റെ ജീവിതം സമർപിച്ച അക്ഷരലോകത്തെ അതുല്യ പ്രതിഭയാണ്. ജനസംഘത്തിന്റെയും ബിജെപിയുടെയും അമരത്ത് അദ്ദേഹം ഏറെനാൾ ഉണ്ടായിരുന്നു.

അഭിഭാഷകനും കേരള ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസും സുപ്രീംകോടതി ജഡ്ജിയുമായിരുന്ന ജസ്റ്റിസ് കെ ടി തോമസിനെ 2007ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചിരുന്നു. ക്രിമിനൽ നിയമം, പോലീസ് പരിഷ്കരണം എന്നീ മേഖലകളിലെ സംഭാവനകളും, സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ



*പത്മവിഭൂഷൺ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് ശ്രീ പി. നാരായണൻ സ്വീകരിക്കുന്നു*



*പത്മവിഭൂഷൺ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് മുൻ ജസ്റ്റിസ് കെ.ടി. തോമസ് സ്വീകരിക്കുന്നു*



*പത്മഭൂഷൺ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് ശ്രീ മമ്മൂട്ടി സ്വീകരിക്കുന്നു*



*പത്മഭൂഷൺ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് ശ്രീ വെള്ളാപ്പള്ളി നടേശൻ സ്വീകരിക്കുന്നു*

അഴിമതിക്കെതിരെയുള്ള പോരാട്ടവുമാണ് അദ്ദേഹത്തെ പുരസ്കാരത്തിനർഹനാക്കിയത്.

അഞ്ച് പതിറ്റാണ്ടിലേറെ നീണ്ട സമാനതകളില്ലാത്ത അഭിനയ ജീവിതത്തിൽ വിവിധ ഭാഷകളിലായി നാനൂറിലധികം ചിത്രങ്ങളിലൂടെ പ്രേക്ഷകഹൃദയങ്ങൾ കീഴടക്കിയ മലയാളത്തിന്റെ മഹാനടനാണ് മമ്മൂട്ടി. ലോകമെമ്പാടുമുള്ള മലയാളികളുടെ അഭിമാനമായ മമ്മൂട്ടി കലാ-സാമൂഹ്യ രംഗങ്ങളിലും അനേകം സംഭാവനകൾ നൽകിയിട്ടുണ്ട്. ശ്രീനാരായണ ധർമ്മ പരിപാലന യോഗം ജനറൽ സെക്രട്ടറിയും സാമൂഹിക സേവകനുമായ വെള്ളാപ്പള്ളി നടേശൻ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തുകയും, പിന്നാക്ക ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി പ്രയത്നിക്കുകയും ചെയ്തതിലൂടെ അശരണരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു വലിയ സമൂഹത്തിന്റെ ശാക്തീകരണത്തിന് നേതൃത്വം നൽകി.

ടെന്നീസ് പ്രതിഭ വിജയ് അമൃതരാജ്, ഗായിക അൽക്ക യാഗ്നിക്, അമേരിക്കയിലെ ഓങ്കോളജിസ്റ്റ് ദത്താത്രേയ നൂറി, വ്യവസായി എസ്. കെ.എം. മൈലാനന്ദൻ, ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രി അന്തരിച്ച ഷിബു സോറനുവേണ്ടി പത്നി റിപു സോറൻ തുടങ്ങിയവരും പത്മഭൂഷൺ സ്വീകരിച്ചു. പ്രശസ്ത നർത്തകിയും അദ്ധ്യാപികയുമായ കലാമണ്ഡലം വിമല മേനോൻ, നടൻ മാധവൻ, ക്രിക്കറ്റ് താരം രോഹിത് ശർമ തുടങ്ങിയവർ പത്മശ്രീയും ഏറ്റുവാങ്ങി.

ഒന്നാംഘട്ടത്തിൽ ഡോ. എ. ഇ. മുത്തുനായകവും പരിസ്ഥിതി സംരക്ഷക കൊല്ലകൽ ദേവകിയമ്മയും മേയ് 25-ന് പത്മശ്രീ ഏറ്റുവാങ്ങിയിരുന്നു. രണ്ടാംഘട്ടത്തിൽ 63 പേർക്കാണ് പുരസ്കാരങ്ങൾ സമ്മാനിച്ചത്. ആകെ 131 പേർക്കാണ് പുരസ്കാരം.

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ലോകസഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ, ബിജെപി സം സ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, ബിഡിജെഎസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

■ വിഷ്ണു കൊല്ലയിൽ 086060 60668 vishnukollayil@outlook.com



# വിമാന ഗതാഗതത്തിന് 28,840 കോടി രൂപ

*ഉഡാൻ പദ്ധതി (UDAN Ude Desh ka Aam Nagrik): ഇന്ത്യയിലെ പ്രാദേശിക വിമാന യാത്രകൾക്ക് പുതിയ അധ്യായം; പരിഷ്കരിച്ച ഉഡാൻ പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം; വിമാന ഗതാഗത വികസനത്തിനായി 28,840 കോടി രൂപയുടെ വമ്പൻ പദ്ധതി.*

ഇന്ത്യയിൽ സാധാരണ ജനങ്ങൾക്ക് വിമാന യാത്ര ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നാണ് ഉഡാൻ പദ്ധതി. 2016-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സർക്കാരിന്റെ റീജിയണൽ കണക്റ്റിവിറ്റി സ്കീമിന്റെ (RCS) ഭാഗമായാണ് ഈ പദ്ധതി ആരംഭിച്ചത്. രാജ്യത്തെ ചെറുനഗരങ്ങൾ, ഗ്രാമപ്രദേശങ്ങൾ, മലനിരകൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയ അവഗണിക്കപ്പെട്ട പ്രദേശങ്ങളെ വിമാന സേവനത്തിലൂടെ ബന്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉഡാൻ പദ്ധതിയുടെ പ്രധാന സവിശേഷത കുറഞ്ഞ നിരക്കിലുള്ള വിമാന ടിക്കറ്റുകളാണ്. ഒരു മണിക്കൂർ ദൈർഘ്യമുള്ള വിമാന യാത്രയ്ക്ക് ഏകദേശം 2,500 രൂപ നിരക്കിൽ യാത്ര സാധ്യമാക്കുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ലാഭകരമല്ലാത്ത റൂട്ടുകളിൽ വിമാന കമ്പനികൾ സർവീസ് നടത്താൻ താത്പര്യം കാണിക്കാത്തതിനാൽ സർക്കാർ വയബിലിറ്റി ഗാപ് ഫണ്ടിങ്ങിലൂടെ (വിജിഎഫ്) സാമ്പത്തിക സഹായം നൽകുന്നു. ഇതിലൂടെ ചെറു നഗരങ്ങളിലേക്കും വിമാന സർവീസുകൾ വ്യാപിപ്പിക്കാൻ സാധിച്ചു. കൂടാതെ പ്രവർത്തനരഹിതമായിരുന്ന വിമാനത്താവളങ്ങൾ വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതും പദ്ധതിയുടെ ഭാഗമാണ്.

## പദ്ധതിയുടെ പുരോഗതി 2025 ഒക്ടോബർ വരെ:

- 649 റൂട്ടുകൾ പ്രവർത്തനക്ഷമമായി
- 93 വിമാനത്താവളങ്ങൾ ബന്ധിപ്പിച്ചു
- 3.23 ലക്ഷം വിമാന സർവീസുകൾ നടത്തി
- 1.56 കോടി യാത്രക്കാർ സേവനം ഉപയോഗിച്ചു
- 4,300 കോടി രൂപയിലധികം വിജിഎഫ് വിതരണം ചെയ്തു
- 4,638 കോടി രൂപ വിമാനത്താവള വികസനത്തിനായി ചെലവഴിച്ചു

## 2025 ഏപ്രിൽ കണക്കുകൾ പ്രകാരം:

- 625 റൂട്ടുകൾ
- 90 വിമാനത്താവളങ്ങൾ
- 1.49 കോടി യാത്രക്കാർ

ഉഡാൻ പദ്ധതി ഇന്ത്യയിലെ പ്രാദേശിക വിമാന ബന്ധത്തിൽ വലിയ മാറ്റമാണ് സൃഷ്ടിച്ചത്. ഈ വളർച്ചയിൽ ഉഡാൻ പദ്ധതിയുടെ പങ്ക് നിർണായകമാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ജമ്മു-കശ്മീർ, ലഡാക്ക്, ആൻഡമാൻ മേഖലകൾ എന്നിവിടങ്ങളിലെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെട്ടതോടെ വിനോദസഞ്ചാരം, വ്യാപാരം, ആരോഗ്യ സേവനങ്ങൾ എന്നിവയ്ക്കും വലിയ പ്രയോജനം ലഭിച്ചു. ഉഡാൻ പദ്ധതിയുടെ ഭാഗമായി ഹിമാചൽ പ്രദേശ്, അരുണാചൽ പ്രദേശ്, അസം, ലക്ഷദ്വീപ് തുടങ്ങിയ ദൂരപ്രദേശങ്ങളിൽ വിമാന ബന്ധം മെച്ചപ്പെട്ടു. മുമ്പ് മണിക്കൂറുകളോ ദിവസങ്ങളോ എടുത്തിരുന്ന യാത്രകൾ ഇപ്പോൾ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ സാധ്യമാകുന്നു. ചില ചെറു നഗരങ്ങളിൽ വിനോദസഞ്ചാര വരുമാനം ഗണ്യമായി വർധിക്കുകയും പ്രാദേശിക തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

ഇന്ത്യയിലെ പ്രാദേശിക വിമാന ബന്ധം ശക്തിപ്പെടുത്താൻ പരിഷ്കരിച്ച ഉഡാൻ പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം; വിമാന ഗതാഗത വികസനത്തിനായി 28,840 കോടി രൂപയുടെ വമ്പൻ പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ രാജ്യത്തെ പ്രാദേശിക വിമാന ബന്ധം ശക്തിപ്പെടുത്തുന്നതിനും കുറഞ്ഞ ചെലവിൽ വിമാന യാത്ര കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനുമായി 2026 മാർച്ച് 25-ന് ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രിസഭ പരിഷ്കരിച്ച ഉഡാൻ (Modified UDAN) പദ്ധതിക്ക് അംഗീകാരം നൽകി.

## പ്രധാന സവിശേഷതകൾ

- പദ്ധതി കാലാവധി: 202627 മുതൽ 203536 വരെ
- മൊത്തം പദ്ധതി ചെലവ്: ?28,840 കോടി
- പ്രവർത്തനരഹിതമായ എയർസ്ട്രിപ്പുകൾ ഉപയോഗപ്പെടുത്തി 100 പുതിയ വിമാനത്താവളങ്ങൾ വികസിപ്പിക്കും
- 441 ചെറു വിമാനത്താവളങ്ങൾക്കും ഹെലിപോർട്ടുകൾക്കും പ്രവർത്തന-പരിപാലന സഹായം




- മലനിരകൾ, ദൂരപ്രദേശങ്ങൾ, ദ്വീപ് മേഖലകൾ എന്നിവയ്ക്കായി 200 ആധുനിക ഹെലിപാഡുകൾ
- വിമാന കമ്പനികൾക്ക് 10 വർഷത്തിനിടെ 10,043 കോടി രൂപ യബിലിറ്റി ഗാപ് ഫണ്ടിംഗ് (VGF)
- HAL ധ്രുവ് ഹെലികോപ്റ്ററുകളും HAL ഡോർണിയർ വിമാനങ്ങളും ഉൾപ്പെടുത്തി ആഭ്യന്തര വിമാന നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കൽ
- ₹28,840 കോടി രൂപ ചെലവിൽ 10 വർഷത്തേക്ക് പദ്ധതി നടപ്പിലാക്കും.

പരിഷ്കരിച്ച ഉഡാൻ പദ്ധതി ഇന്ത്യയുടെ സിവിൽ ഏവിയേഷൻ രംഗത്ത് ഒരു പുതിയ ഘട്ടത്തിന് തുടക്കം കുറിക്കുന്നതായി വിലയിരുത്തപ്പെടുന്നു. വിമാന യാത്രയുടെ ഗുണഫലങ്ങൾ മഹാനഗരങ്ങളിൽ മാത്രം ഒതുങ്ങാതെ ചെറു നഗരങ്ങൾ, ദൂരപ്രദേശങ്ങൾ, മലനിരകൾ, ദ്വീപുകൾ, പിന്നാക്ക ജില്ലകൾ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

രാജ്യത്തെ വിവിധ ഭാഗങ്ങളെ വൈമാനിക സർവീസുകളിലൂടെ ബന്ധിപ്പിക്കുന്നതിലൂടെ ജനങ്ങൾക്ക്, വിപണികൾ, സേവനങ്ങൾ, തൊഴിൽ അവസരങ്ങൾ എന്നിവ തമ്മിലുള്ള അന്തരം കുറയുന്നു. അതോടൊപ്പം സാമൂഹികവും സാമ്പത്തികവും ആയ വളർച്ച, സാമൂഹിക സഞ്ചാരശേഷി, ദേശീയ ഏകീകരണം എന്നിവയ്ക്കും സിവിൽ ഏവിയേഷൻ രംഗം ഒരു പ്രധാന ശക്തിയായി മാറുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.



"പരിഷ്കരിച്ച ഉഡാൻ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ നൽകിയ അംഗീകാരം, സാധാരണക്കാർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന വിമാനയാത്ര എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിജിയുടെ കാഴ്ചപ്പാടിന് പുതിയ ഉണർവും ഊർജവും നൽകിയിരിക്കുകയാണ്. 28,840 കോടി രൂപയുടെ ചരിത്രപരമായ ബജറ്റ് സഹായം അനുവദിച്ച തീരുമാനം, 'വികസിത് ഭാരത്' ലക്ഷ്യത്തിനായുള്ള, 'വികസിത് ഉഡാൻ' പദ്ധതിയിലൂന്നിയുള്ള എൻഡിഎ സർക്കാരിന്റെ വിശ്വാസവും പ്രതിബദ്ധതയും വ്യക്തമാക്കുന്നു," - കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രി ശ്രീ രാം മോഹൻ നായിഡു

ടയർ-2, ടയർ-3 നഗരങ്ങളെ രാജ്യത്തിന്റെ വിമാനഭൂമികയുമായി ദീർഘകാലാടിസ്ഥാനത്തിൽ ബന്ധിപ്പിക്കുന്നതിനുള്ള പ്രധാന സംവിധാനമായാണ് പരിഷ്കരിച്ച ഉഡാൻ പദ്ധതിയെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇനി ഉഡാൻ വിമാനത്താവളങ്ങൾ 'Challenge Mode' പ്രകാരമാകും വികസിപ്പിക്കുക. സമയബന്ധിത പൂർത്തീകരണം, ഗുണമേന്മ, നവീകരണം, സ്ഥിരത എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. മികച്ച അടിസ്ഥാന സൗകര്യങ്ങളുടെയും ചെലവ് കുറഞ്ഞ വിമാന യാത്രയുടെയും അന്തിമ ഗുണഭോക്താവ് സാധാരണ ജനങ്ങളായിരിക്കും. ഇതിലൂടെ 'ഉഡേ ദേശ് കാ ആം നാഗരിക്' എന്ന പ്രധാനമന്ത്രിയുടെ ദർശനം യാഥാർത്ഥ്യമാകുന്നു.

2026 മാർച്ച് 25 വരെയുള്ള കണക്കുകൾ പ്രകാരം ഉഡാൻ പദ്ധതിയുടെ ഭാഗമായി രാജ്യത്തെ 95 വിമാനത്താവളങ്ങൾ, ഹെലിപോർട്ടുകൾ, വാട്ടർ എയ്റോഡ്രോമുകൾ എന്നിവവഴി 663 റൂട്ടുകൾ പ്രവർത്തനക്ഷമമായി. 3.44 ലക്ഷം വിമാന സർവീസുകൾ ഇതിനകം നടത്തിയിട്ടുണ്ട്. 1.63 കോടിയിലധികം യാത്രക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കളായത്.

ഈ പദ്ധതി ദൂരപ്രദേശങ്ങൾ, മലനിരകൾ, ദ്വീപ് മേഖലകൾ എന്നിവിടങ്ങളിലെ വിമാന ബന്ധം മെച്ചപ്പെടുത്തുകയും വിനോദസഞ്ചാരത്തിനും അടിയന്തര സേവനങ്ങൾക്കും വലിയ പിന്തുണ നൽകുകയും ചെയ്തു. കൂടാതെ പ്രാദേശിക വിമാന കമ്പനികളുടെ വളർച്ചക്കും വിവിധ തരത്തിലുള്ള വിമാന സർവീസുകളുടെ വികസനത്തിനും ഇത് സഹായകമായി. ഈ നേട്ടങ്ങൾ പരിഷ്കരിച്ച ഉഡാൻ പദ്ധതിയുടെ അടുത്ത ഘട്ട പ്രാദേശിക വിമാന വികസനത്തിന് ശക്തമായ അടിത്തറ സൃഷ്ടിച്ചിരിക്കുകയാണ്.




വിമാനത്താവള വികസനം: പദ്ധതിയുടെ ഭാഗമായി നിലവിൽ ഉപയോഗിക്കപ്പെടാത്ത എയർസ്ട്രിപ്പുകൾ വികസിപ്പിച്ച് രാജ്യത്ത് 100 പുതിയ വിമാനത്താവളങ്ങൾ സൃഷ്ടിക്കും. ഇതിലൂടെ പ്രാദേശിക വിമാന ബന്ധം ശക്തിപ്പെടുത്തുകയും രാജ്യത്തെ വിമാന അടിസ്ഥാന സൗകര്യ വികസനം വ്യാപിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യം. അടുത്ത എട്ട് വർഷത്തിനിടെ ഈ പദ്ധതിക്കായി ?12,159 കോടി രൂപ ചെലവഴിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രവർത്തന-പരിപാലന സഹായം (Operation and Maintenance Support) ചെറിയ വിമാനത്താവളങ്ങളുടെ വിജയകരമായ പ്രവർത്തനം അവ സ്ഥാപിക്കുന്നതിൽ മാത്രം ആശ്രയിക്കുന്നതല്ല, അവയുടെ തുടർച്ചയായ പ്രവർത്തനക്ഷമതയിലും ആശ്രയിച്ചിരിക്കുന്നു എന്ന തിരിച്ചറിവിലാണ് മൂന്ന് വർഷത്തേക്ക് സർക്കാർ പുതിയ പദ്ധതിയിൽ പ്രവർത്തന-പരിപാലന സഹായം ഉൾപ്പെടുത്തിയിരിക്കുന്നത്.

- ഓരോ വിമാനത്താവളത്തിനും വർഷത്തിൽ പരമാവധി ₹3.06 കോടി
- ഓരോ ഹെലിപോർട്ടിനും അല്ലെങ്കിൽ വാട്ടർ എയ്റോഡ്രോമിനും വർഷത്തിൽ ₹0.90 കോടി

എന്നിങ്ങനെയാണ് സഹായപരിധി നിശ്ചയിച്ചിരിക്കുന്നത്. ഈ ഘടകത്തിനായി ഏകദേശം ₹2,577 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിലൂടെ ഏകദേശം 441 വിമാനത്താവളങ്ങൾക്കും ഹെലിപോർട്ടുകൾക്കും സഹായം ലഭിക്കും.

ആധുനിക ഹെലിപാഡുകളുടെ വികസനം: പരമ്പരാഗത വിമാനത്താവളങ്ങൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്ത പ്രദേശങ്ങളിൽ മികച്ച ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിനായി 200 ആധുനിക ഹെലിപാഡുകൾ വികസിപ്പിക്കാൻ പദ്ധതി നിർദ്ദേശിക്കുന്നു.ഒരു ഹെലിപാഡിന് ഏകദേശം ₹15 കോടി ചെലവ് കണക്കാക്കുന്നു. അടുത്ത എട്ട് വർഷത്തിനിടെ ഈ പദ്ധതിക്കായി 3,661 കോടി രൂപ ചെലവഴിക്കാൻ നിർദേശിച്ചിട്ടുണ്ട്.

വിമാന കമ്പനികൾക്കുള്ള വയബിലിറ്റി ഗാപ് ഫണ്ടിംഗ് (VGF): പ്രാദേശിക റൂട്ടുകളിൽ വിമാന സർവീസുകൾ സ്ഥിരമായി തുടരാൻ വിമാന കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി വയബിലിറ്റി ഗാപ് ഫണ്ടിംഗ് തുടരാൻ സർക്കാർ തീരുമാനിച്ചു. പരിഷ്കരിച്ച ഉഡാൻ പദ്ധതിയുടെ ഭാഗമായി 10 വർഷത്തിനിടെ ₹10,043 കോടി രൂപ വയബിലിറ്റി ഗാപ് ഫണ്ടിംഗ് ആയി അനുവദിക്കും.

- വിമാന കമ്പനികൾക്ക് അഞ്ച് വർഷം വരെ സാമ്പത്തിക സഹായം ലഭിക്കും.
- മൂന്നാം വർഷം മുതൽ സഹായം ക്രമാതീതമായി കുറയും., റൂട്ടുകളുടെ പ്രത്യേക പ്രവർത്തനാവകാശം മൂന്ന് വർഷം മാത്രമായി തുടരും.

## ആത്മനിർഭർ ഭാരതും ആഭ്യന്തര വിമാന നിർമാണവും

ദൂരപ്രദേശങ്ങളിലും പ്രയാസകരമായ ഭൂപ്രദേശങ്ങളിലും പ്രവർത്തിക്കാൻ അനുയോജ്യമായ ആഭ്യന്തര വിമാന ഉപകരണങ്ങളുടെ ഉപയോഗം വർധിപ്പിക്കുകയാണ് ലക്ഷ്യം.

ഇതിനായി

- പവൻ ഹാൻസിനായി രണ്ട് ഒഅഘ ധ്രുവ് ഹെലികോപ്റ്ററുകൾ
- അലയൻസ് എയറിനായി രണ്ട് HAL ഡോർണിയർ വിമാനങ്ങൾ വാങ്ങാൻ സർക്കാർ നിർദേശിച്ചിട്ടുണ്ട്.

ഇത് പ്രാദേശിക വിമാന സർവീസുകൾ ശക്തിപ്പെടുത്തുന്നതിനൊപ്പം ഇന്ത്യയുടെ ആഭ്യന്തര എയറോസ്പേസ് നിർമാണ മേഖലയെയും പ്രോത്സാഹിപ്പിക്കും.


പരിഷ്കരിച്ച ഉഡാൻ പദ്ധതിക്ക് നൽകിയ അംഗീകാരം ഇന്ത്യയിൽ ആധുനികവും സുസ്ഥിരവുമായ സിവിൽ ഏവിയേഷൻ സംവിധാനം സൃഷ്ടിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധത വീണ്ടും ഉറപ്പാക്കുന്നു. പ്രാദേശിക സമ്പദ്വ്യവസ്ഥകളെ വിപണികളുമായി ബന്ധിപ്പിക്കുക, ആരോഗ്യ സേവനങ്ങളും അടിയന്തര സേവനങ്ങളും മെച്ചപ്പെടുത്തുക, വിനോദസഞ്ചാരം, നിക്ഷേപം, പ്രാദേശിക വ്യവസായം, യാത്രാസമയം കുറക്കുക, അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക സ്ഥിരത, കണക്റ്റിവിറ്റി, ആഭ്യന്തര നിർമാണശേഷി എന്നിവയെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഈ പദ്ധതി ഇന്ത്യയിലെ പ്രാദേശിക വിമാന വികസനത്തിന്റെ അടുത്ത ഘട്ടത്തിന് ശക്തമായ അടിത്തറ ഒരുക്കുകയാണ്.

■

## മൻ കി ബാത്ത് 135 2026 ജൂൺ 26

■ മണികണ്ഠൻ ഒ.വി. 94003 48498



# പ്രതിരോധരംഗം സ്വയംപര്യാപ്തതയിലേക്ക്

പ്രതിരോധ രംഗത്ത് സമസ്ത മേഖലയിലും നാം സ്വയംപര്യാപ്തരായി മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പൂർണമായും തദ്ദേശീയമായി നിർമിച്ച ഐ.എൻ.എസ്. ദുനാഗിരി, ഐ.എൻ.എസ്. സൻശോധക്ക്, ഐ.എൻ.എസ്. അഗ്രയ് എന്നീ മൂന്ന് കപ്പലുകൾ നാവികസേനയുടെ ഭാഗമായി. സി-295 വിമാനം പരീക്ഷണ പറക്കൽ നടത്തി. ഇതുപോലുള്ള 40 വിമാനങ്ങൾ നമ്മൾ നിർമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് എയ്റോസ്പേസ് മേഖലയ്ക്ക് ശക്തിനൽകുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. ഡിആർഡിഒ നിർമിച്ച 'ലോംഗ് റേഞ്ച് ലാൻഡ് അറ്റാക്ക് ക്രൂയിസ് മിസൈൽ' വിജയകരമായി പരീക്ഷിച്ചു.

ഇത്തവണത്തെ അന്താരാഷ്ട്ര യോഗദിനത്തിൽ ലോകമെമ്പാടും 2500-ൽ അധികം സ്ഥലങ്ങളിൽ യോഗയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. അഹമ്മദാബാദിൽ നടന്ന 'ലോക യോഗാസന ചാമ്പ്യൻഷിപ്പും' ഏറെ ചർച്ച ചെയ്യപ്പെട്ടു. 102 സ്വർണ മെഡലുകൾ ഉൾപ്പെടെ ഭാരതം 114 മെഡലുകൾ നേടി ഒന്നാം സ്ഥാനത്തെത്തി. പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തിൽ കുറച്ചുകാലത്തേക്ക് സ്വർണം വാങ്ങുന്നത് കഴിയുന്നത്ര ഒഴിവാക്കണമെന്നും വിദേശത്ത് അവധിക്കാലം ചെലവഴിക്കുന്നത് ഒഴിവാക്കണമെന്നും കാർ പൂളിംഗ് പ്രോത്സാഹിപ്പിക്കണമെന്നും വയലുകൾ സംരക്ഷിക്കാൻ കഴിയുന്നത്ര പ്രകൃതിദത്ത വളങ്ങൾ ഉപയോഗിക്കണമെന്നുമുള്ള അഭ്യർത്ഥന ഏറ്റെടുത്ത് ആഗോള പ്രതിസന്ധിയെ നേരിടുന്നതിൽ ഒത്തൊരുമിച്ച് പ്രയത്നിച്ചതിൽ വളരെ സന്തോഷമുണ്ട്.

മഹാരാഷ്ട്രയിലെ നാന്ദേഡിലുള്ള ബഹാദൂർപുര ഗ്രാമത്തിലെ പേഠ്കർ കുടുംബം ഒരു വിവാഹ വേളയിൽ ഗ്രാമത്തിലെ ഏകദേശം 3500 പേർക്ക് അപകട ഇൻഷുറൻസ് എടുത്ത് ഓരോ വ്യക്തിക്കും ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ നൽകി. കോടിക്കണക്കിന് കുടുംബങ്ങൾക്ക് പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന പ്രകാരം വെറും 20 രൂപയുടെ വാർഷിക പ്രീമിയം വഴി രണ്ട് ലക്ഷം രൂപവരെ അപകട ഇൻഷുറൻസ് നൽകുന്നു. ഇതുവരെ 28 കോടി അമ്മമാരും സഹോദരിമാരും ഉൾപ്പടെ 58 കോടിയിലധികം ആളുകൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഇതുവരെ 3,700 കോടിയിലധികം രൂപയുടെ സഹായം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്. ദാരുണമായ മരണം സംഭവിച്ചാൽ കുടുംബത്തിന് രണ്ട് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിൽ 27 കോടിയിലധികം ആളുകൾ ചേർന്നു. പദ്ധതി പ്രകാരം 11 ലക്ഷം കുടുംബങ്ങൾക്ക് ഏകദേശം 22,000 കോടി രൂപയുടെ സഹായം ലഭിച്ചു.

നാഗാലാൻഡിൽ അഞ്ച് മുതൽ 10-12 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ ഫുട്ബോളുമായി ബന്ധിപ്പിക്കുന്നതിന് ആരംഭിച്ച 'നാഗാലാൻഡ് ബേബി ലീഗ്' ഇപ്പോൾ മൂന്ന് വർഷം പൂർത്തിയാക്കി. മറ്റൊന്ന് 'നാഗാലാൻഡ് വിമൻ ഫുട്സൽ ലീഗ്' ആണ്. ഒരു ടീമിൽ അഞ്ച് കളിക്കാർ മാത്രമുള്ള ഈ ഇൻഡോർ ഫുട്ബോളിൽ കളിക്കാർ പെട്ടെന്ന് തീരുമാനങ്ങൾ എടുക്കേണ്ടതായും അവരുടെ ടെക്നിക്കും കഴിവുകളും നന്നായി ഉപയോഗിക്കേണ്ടതായും വരുന്നു. ഇത്തരം സംരംഭങ്ങൾ പ്രചോദനം നൽകുന്നവയാണ്.

നളന്ദ സർവകലാശാല പുരാതന സംവാദ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിച്ചു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ക്ഷമയോടെ കേൾക്കാനും മനസ്സിലാക്കാനും പഠിപ്പിക്കുന്ന സംവാദത്തെ നളന്ദ സർവകലാശാല ബിരുദദാന സമ്മേളനത്തിന്റെ ഭാഗമാക്കി. ഡൽഹിയിലെ കേന്ദ്ര സംസ്കൃത സർവകലാശാല, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് എന്നിവയിൽ ആരംഭിക്കാൻ പോകുന്ന ബിടെക് പ്രോഗ്രാം ആധുനിക സാങ്കേതികവിദ്യയെ ഭാരതത്തിന്റെ പരമ്പരാഗത അറിവുമായി ബന്ധിപ്പിക്കുന്നതിൽ ഒരു സുപ്രധാന ചുവടുവയ്പ്പാണ്.

ഭാരതത്തിൽ നിന്ന് ആയിരക്കണക്കിന് കിലോമീറ്റർ അകലെ നൂറിൽ താഴെ മാത്രം ഭാരതീയർ ഉള്ള ഡൊമിനിക്കൻ റിപ്പബ്ലിക് എന്നൊരു രാജ്യത്തിൽ സ്പാനിഷ് സംസാരിക്കുന്ന കുറച്ച് ആളുകൾ ചേർന്ന് 'ബ്രഹ്മകമൽ ഡൊമിനിക്കാന' എന്ന പേരിൽ ഒരു ടീം രൂപീകരിച്ച് വൈദിക സാഹിത്യം, വേദ മന്ത്രങ്ങൾ എന്നിവ പഠിക്കുന്നത് അതിന് ഉദാഹരണമാണ്. അവർ ഓഡിയോ റെക്കോർഡിംഗുകൾ കേട്ടാണ് വേദ മന്ത്രങ്ങളുടെ ശരിയായ ഉച്ചാരണം പഠിച്ചത്.

മേഘാലയയിലെ ഒരു പ്രത്യേകതയാണ് വേരുപാലങ്ങൾ. റബർ മരങ്ങളുടെ വേരുകളെ നയിച്ച് നീർച്ചാലുകൾക്ക് കുറുകെ കൊണ്ടുപോയി പതിറ്റാണ്ടുകൾ കൊണ്ട് ശക്തമായ പാലത്തിന്റെ രൂപത്തിലാക്കുന്നു. ഇവയെ യുണെസ്കോയുടെ ലോക പൈതൃക കേന്ദ്ര ശൃംഖലയിൽ ഉൾപ്പെടുത്താൻ ഭാരതം അപേക്ഷ നൽകിയിട്ടുണ്ട്. വേരുപാലങ്ങൾ പരിപാലിക്കുന്നതിന് അരനൂറ്റാണ്ടിലധികം നീക്കിവച്ച ഹാലി വാറിന് ഈ വർഷം പത്മ അവാർഡ് നൽകി ആദരിച്ചു. മധ്യപ്രദേശിലെ രാജ്ഗഢ് ജില്ലയിലെ ബിയോറയിൽ നിന്നുള്ള ചില സഹോദരിമാർ നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഒഴിഞ്ഞ കുപ്പികളും കൊണ്ട് നിർമിച്ച ഇക്കോ-ബ്രിക്കുകൾ പൊതു ഇടങ്ങൾ മനോഹരമാക്കുന്നു.

ഗണേശോത്സവത്തിനുള്ള വിഗ്രഹങ്ങൾ നമ്മുടെ മൺവിഗ്രഹ നിർമാതാക്കളും പ്രാദേശിക കലാകാരന്മാരും കൈകൊണ്ട് നിർമിച്ചതാണെന്നും ഉറപ്പാക്കണം. വിഗ്രഹങ്ങൾ വാങ്ങുന്നവർ അത് എന്തുകൊണ്ട് നിർമിച്ചതാണെന്നും ഏത് രാജ്യത്തു നിർമിച്ചതാണെന്നും പരിശോധിക്കണം. മൺ വിഗ്രഹങ്ങൾ വെള്ളത്തിൽ എളുപ്പത്തിൽ ലയിക്കുന്നു. പ്രാദേശിക കരകൗശല വിദഗ്ധരിൽ നിന്ന് വിഗ്രഹങ്ങൾ വാങ്ങുമ്പോൾ, 'വോക്കൽ ഫോർ ലോക്കൽ' എന്ന നമ്മുടെ ദൃഢനിശ്ചയത്തെ അത് ശക്തിപ്പെടുത്തുന്നു. അതുപോലെ ഈ മഴക്കാലത്ത് ഓരോ തുള്ളി വെള്ളവും സംഭരിക്കുന്നതിനുള്ള 'കാച്ച് ദി റെയിൻ' കാമ്പെയ്ൻ തുടരണം. ■





Winner of State and National Awards in Printing

Books | Periodicals & Magazines | Booklets | Leaflets | Brochures
Catalogues | Folders | Diaries | Calendars | Danglers | Duplex
Cartons | Cake Box | Labels & Tags | Invitation Cards | Wedding
Cards | Mailers | Coffee Table Books | Memoir Books

AKSHARA OFFSET
PRINTERS Pvt. Ltd.

TC 25/3230 (1) Near Old GPO | Vanchiyoor
Thiruvananthapuram - 695035 | Kerala | India
Tel: +91 471 2471174, 2473470, 2452775
E-mail : aksharaoffset@gmail.com

Date of Publication:
07 JULY 2026 / ₹ 20

CHITHI
MONTHLY

RNI No. 44555/86




Printed, Published & Edited by P. Raghavan, Mararji Smrithi Mandiram, Thycaud P.O., Thiruvananthapuram - 695 014.
Printed at Akshara Offset, Thiruvananthapuram. Executive Editor: M. Rajasekhara Panicker.